അക്ഷരശില്പം

THE MALANKARA SABHA

# മലങ്കരസഭ

സെപ്റ്റംബർ 2015


The Official Media of Malankara Orthodox Syrian Church

Rs : 15




ഒരു വലിയ
ലക്ഷ്യത്തിലേക്ക്
പരുമല
സെന്റ് ഗ്രിഗോറിയോസ്
ക്യാൻസർ കെയർ സെന്ററിന്റെ
നിർമ്മാണത്തിന്റെ ഒരു
ചതുരശ്ര അടിക്കുവേണ്ട തുക
₹3700
ഞാൻ നൽകുന്നു
Cheques & Drafts are to be drawn in favour of
ST. GREGORIOS INTERNATIONAL CANCER CARE CENTRE, PARUMALA
A/c No. 11310200003697, IFSC: FDRL0001131
Federal Bank, Mannar, Kerala.
ST. GREGORIOS INTERNATIONAL CANCER CARE CENTRE
Parumala P.O., Pathanamthitta Dist. Kerala State., India. Pin 689 626
Tel.: 0091 (0) 479 2312266, 23142465 Fax: 0091(0)4792312866
sgicccparumala@gmail.com : www.sgiccc.com
Find on as / sgi cancercarecentreparumala
നിങ്ങളും തയ്യാറല്ലേ?


ദേവാലയങ്ങൾ പകിട്ടേകുവാൻ...
Synthetic Carpets
Centre Carpets
Carpet Tiles
Imported Carpets
Vinyl, Coir Mats
Curtains
Cushion Mats
Door Mats
Mattress etc.
G & G FURNISHINGS
പള്ളികൾ, വീടുകൾ, ഓഫീസുകൾ
എന്നിവയുടെ ഫർണ്ണിഷിംഗ്
വർക്കുകൾക്ക് ഞങ്ങളുടെ സേവനം ലഭ്യമാണ്.
Kiran Building, Irattunada, Manarcadu P.O., Kottayam - 686 019, Kerala
E-mail: gandgfurnishings@gmail.com, Phone: 0481-2370121, 8281560730, 9495847730




# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 9, പുസ്തകം 72, സെപ്റ്റംബർ 2015




ഫിലിപ്പോസ് മാർ ദീവന്നാസിയോസ് IV
മലങ്കര മെത്രാപ്പോലീത്തായുടെ
160–ാം ഓർമ്മ, ചേപ്പാട് പള്ളിയിൽ
ഒക്ടോബര്‍ 12–ന്


**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
വെളിച്ചത്തിന്റെ കണ്ണ്

**8** ജീവിതക്കാഴ്ചകൾ...
സംഭാഷണം
- പരിശുദ്ധ കാതോലിക്കാബാവാ/ബെന്യാമിൻ

**12** ഉദയത്തിന്റെ വിസ്മയം
അവതാരിക
- വി. കെ. ശ്രീരാമൻ

**14** അഭയാർത്ഥികളുടെ....
സാമൂഹികം
- ജോബ് സാം മാത്യു, കൊടുമൺ

**18** രോഗാതുരനാകുന്ന മലയാളി
ആരോഗ്യം-2
- ഡോ. ഖദീജ മുംതാസ്

**20** ആകാശം ഇടിഞ്ഞു വീണാലും...
നിരീക്ഷണം
- അഡ്വ. തോമസ് ഫിലിപ്പ്, ചെങ്ങന്നൂർ

**26** കാദേശ് ബർന്നേയ
വേദപാഠം
- ജോസ് പി. റ്റി. നല്ലില

**32** ...സൺഡേസ്കൂൾ ബോധനം
പ്രഭാഷണം
- അബിൻ ജേക്കബ് മാത്യു

**44** ... President of Our Hearts
Science of Life-3
- Dr. Biju Jacob

വേദമൊഴികൾ, സമ്യഗ് ദർശനം, പെണ്മ,
വാർത്തകൾ, സൺഡേസ്കൂൾ വാർത്തകൾ, 5-ജി


www.malankarasabhaonline.in


President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com


www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-


# BRIEFLY

## മുഖചിത്രം



പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ കോട്ടയം പബ്ലിക് ലൈബ്രറിയിൽ 2015-ൽ പണിത അക്ഷര ശില്പം. ആദ്യാക്ഷരം കുറിക്കുവാനുള്ള അവകാശം അമ്മയ്ക്കാണെന്ന് ശില്പം പ്രഖ്യാപിക്കുന്നു.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലി ഭാഗമായി 2015 ഒക്ടോബർ 18-ന് ഞായറാഴ്ച രാവിലെ 7 മുതൽ 2 വരെ പാമ്പാടി ദയറായിൽ കുടുംബ സംഗമം നടത്തും. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ നേതൃത്വം നൽകും.
വിശദവിവരങ്ങൾക്ക്:
0481 2505431, 2506425,
9447008431, 9447147676

INAMS ദേശീയ സമ്മേളനം ഒക്ടോബർ 21 മുതൽ 24 വരെ നാഗ്പൂർ സെമിനാരിയിൽ.

സ്ലീബാ ദാസ സമൂഹത്തിന്റെ വാർഷിക സമ്മേളനം സെപ്റ്റം. 14-ന് പരുമല സെമിനാരിയിൽ വച്ച് നടത്തും.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 സെപ്റ്റംബർ 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

*Cover & Graphic Designing:-*
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

# ഗുരുമൊഴി



– ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ

പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി നറു നിലാവിന്റെ നൈർമല്യമുള്ള, അകവും പുറവും പ്രകാശിക്കുന്ന വ്യക്തിത്വമാണ്. ആവരണങ്ങൾ ഒട്ടും ചാർത്തപ്പെടാത്ത സുതാര്യമായ പ്രകൃതത്തിനുടമ. വൈദിക വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ഈ പിതാവിന്റെ സ്നേഹ വാത്സല്യങ്ങൾ അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചു. വ്യക്തിപരമായ പ്രതിസന്ധികളിൽ പോലും ഏറെ കരുതൽ ലഭിക്കുകയുണ്ടായി. ഏറെ അടുത്തപ്പോൾ സ്നേഹാദരവുകളും ഭക്തി ബഹുമാനവും വർദ്ധിച്ചു.

പ. പൗലോസ് ദ്വിതീയൻ ബാവായുടെ ഒരു പ്രത്യേകത, രഹസ്യ അജണ്ടയോടോ, ഗൂഢമായ സ്വാർത്ഥമോഹത്തോടോ അദ്ദേഹം ഒരിക്കലും പ്രവർത്തിക്കുന്നില്ല എന്നതാണ്. അകവും പുറവും സുതാര്യമായ വ്യക്തികൾക്കുമാത്രമേ ഇത്തരം പ്രവർത്തന ശൈലി അവലംബിക്കുവാൻ സാധിക്കുകയുള്ളൂ. തനിക്ക് ബോദ്ധ്യമെന്ന് തോന്നുന്ന സംഗതികൾ ഉറക്കെപ്പറയുവാൻ അദ്ദേഹത്തിന് ആശങ്കയില്ലാത്തതുപോലെ തന്നെ കുറവുകളോ, അപാകതകളോ ബോധ്യമായാൽ വളരെ വേഗം അതു തിരുത്തുകയും ചെയ്യും. വ്യക്തിപരമായ താൽപ്പര്യങ്ങൾ മുൻനിർത്തി, പ. സഭയുടെ പൊതു നന്മ കണക്കിലെടുക്കാതെ ആരെങ്കിലും പ്രവർത്തിച്ചാൽ അതിനെതിരേ ശക്തമായി പ്രതികരിക്കും. പ. സഭയുടെ പൊതു നന്മ എന്ന ഒരു ലക്ഷ്യമല്ലാതെ മറ്റ് പ്രാദേശിക, വ്യക്തി താൽപര്യങ്ങൾക്ക് അദ്ദേഹത്തിന്റെ ചിന്തകളിൽ സ്ഥാനമുണ്ടായിരുന്നില്ല.

പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയിൽ കാണുന്ന മറ്റൊരു പ്രത്യേകത ദീർഘനേരം മറ്റുള്ളവരെ ശ്രവിക്കുവാൻ അദ്ദേഹം ഒരുക്കമാണ് എന്നതാണ്. വലിപ്പച്ചെറുപ്പമില്ലാതെ സഭയിലെ ഏതൊരാൾക്കും സമീപിക്കാവുന്ന വിധമുള്ള ഒരു ശൈലി ഈ പിതാവ് നിലനിർത്തുന്നു. ലളിതമായ, പ്രാദേശിക സംസാരഭാഷാ ശൈലികളനുവർത്തിച്ച് ഗഹനമായ ആശയങ്ങൾ പങ്കുവയ്ക്കുവാനും, അനുകരണീയമാംവിധം മറ്റുള്ളവരെ ആദരിച്ച് സംസാരിക്കുവാനും പ. പിതാവിന് കഴിയുന്നു. പ്രകടനാത്മകമായ യാതൊന്നും അദ്ദേഹം അനുവർത്തിക്കുന്നില്ല; യാമങ്ങൾ തെറ്റാതെ നമസ്ക്കരിക്കുവാനും, രഹസ്യ പ്രാർത്ഥനാശൈലി നിലനിർത്തുവാനും കഠിനമായി ശ്രമിക്കുന്ന ഈ പിതാവ് കപകടഭക്തി പ്രകടമാക്കാറില്ല.

പ. പിതാവിനോടുകൂടെ പ്രവർത്തിക്കുന്നവരോടും, സഹായിക്കുന്നവരോടും അദ്ദേഹം അനുവർത്തിക്കുന്ന സമീപനവും ഏറെ ശ്രദ്ധേയമാണ്. ഏറെ സ്നേഹിക്കുകയും കരുതുകയും ചെയ്യുമ്പോൾതന്നെ ആർക്കും അമിത സ്വാതന്ത്ര്യം നല്കാതെ ആവശ്യമായ അകലം സൂക്ഷിക്കുവാൻ ശ്രദ്ധിക്കുന്നു. സമചിത്തനായ സന്യാസിയുടെ ഭാവമാണിത്.

പ. സഭയെയും സമൂഹത്തെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ പ. പിതാവിനുണ്ട്. സാധാരണക്കാരേയും, സാധ്യതകളും അവസരങ്ങളും തുലോം കുറഞ്ഞവരേയും കരുതുന്ന സഭയും സമൂഹവുമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അച്ചടക്കം ഏറെ ഇഷ്ടപ്പെടുന്നുവെങ്കിലും ആരിലും അത് അടിച്ചേൽപ്പിക്കാതെ, അച്ചടക്കബോധം പൗരോഹിത്യ സ്ഥാനികളിലും സാധാരണ വിശ്വാസികളിലും സ്വയം വളർന്നു വരേണ്ടതാണെന്ന് പ. ബാവാ തിരുമേനി ആഗ്രഹിക്കുന്നു. പ. സഭയിലെ അത്മായ നേതൃത്വത്തേയും, സമിതികളേയും ഏറെ ആദരിക്കുന്ന ഈ പിതാവ് വ്യക്തിപരമായി അദ്ദേഹത്തെ വിമർശിക്കുന്നവരെ ഏറെ സഹാനുഭൂതിയോടെ കാണുന്നുവെന്നും ഒരു പ്രത്യേകതയാണ്. നിർമ്മലമായ ഹൃദയവും, സംശുദ്ധമായ പ്രവർത്തന ശൈലിയും, ലാളിത്യമാർന്ന പെരുമാറ്റവും എല്ലാം പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയിലൂടെ പരിശുദ്ധ സഭയ്ക്ക് കൈവരിക്കുവാനുള്ള പുതിയ കുതിപ്പിന്റെ സൂചനകളാണ്.

ഹൃദയപൂർവ്വമായ ജന്മദിനാശംസകൾ...






# മഹാപുരോഹിത സന്ദേശം

**രാ**ജ്യത്തെ ജനസംഖ്യ മതാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു. 2011-ലെ സെൻസസിലെ സ്ഥിതി വിവര പ്രകാരം ഇന്ത്യയിൽ 2.78 കോടി ക്രിസ്ത്യാനികൾ ഉണ്ട്. ഇന്ത്യയിലെ 121.09 കോടി ജനസംഖ്യയിൽ ക്രിസ്ത്യാനികൾ 2.3 ശതമാനം മാത്രമാണ്. നമ്മുടെ ആളുകളുടെ കുടിയേറ്റം ഇന്ന് ശക്തമാണ്. യൂറോപ്പിലേക്കും അമേരിക്കയിലേക്കും കുടിയേറുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. പുതിയ തലമുറയുടെ എണ്ണം കുറയുന്നതോടെ നമ്മുടെ ജനസംഖ്യ കുറയുകയാണ്. രണ്ടായിരം വർഷമായി ഇന്ത്യയിൽ സഭ നിലനിൽക്കുന്നു. പണ്ട് ജനസംഖ്യ വർദ്ധിക്കുകയായിരുന്നു. ഇപ്പോൾ കുറയുകയാണ്. അമേരിക്കയിലും യൂറോപ്പിലും കുടിയേറിയവർ തിരിച്ചു വരുന്ന സാഹചര്യമല്ല ഇന്നുള്ളത്. ഓസ്ട്രേലിയായിലും ന്യൂസിലാൻഡിലും പോയവരും തിരിച്ചു വരികയില്ല. ഗൾഫിൽ ജോലി ചെയ്യുന്നവർ മാത്രമേ നാട്ടിലേക്ക് തിരിച്ചെത്തുകയുള്ളു. ഗൾഫിൽ പോയവർ യൂറോപ്പിലും അമേരിക്കയിലും ഓസ്ട്രേലിയായിലും കുടിയേറുവാൻ വഴിയുണ്ടോ എന്ന് അന്വേഷിക്കുന്നവരുമാണ്. അമ്പത് വർഷം കഴിയുമ്പോൾ കേരളത്തിലെ ക്രൈസ്തവരുടെ എണ്ണം എന്തായിരിക്കും. നൂറു വർഷം കഴിയുമ്പോഴോ...? ക്രൈസ്തവർ ഒരു ചെറിയ സമൂഹമായിത്തീരും. ക്രൈസ്തവരുടെ മുഴുവൻ എണ്ണം കൂട്ടിയാലും ന്യൂനപക്ഷമാകും.

ഇന്ത്യയിൽ ക്രൈസ്തവർ ഉണ്ടോ എന്നുപോലും സംശയിക്കുന്ന രാജ്യങ്ങൾ ഉണ്ട്. അത്രമാത്രം ന്യൂനപക്ഷമാണ് ക്രൈസ്തവർ. അതിനാൽ ക്രൈസ്തവർ ഒന്നിച്ച് ഐക്യത്തോടെ നിലനില്ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇന്ത്യയിൽ ക്രൈസ്തവ സാന്നിധ്യം പരിമിതപ്പെടുന്ന സാഹചര്യമാണ് വർദ്ധിക്കുന്നതെന്ന് സഭകൾ ഓർത്തിരിക്കണം. ക്രൈസ്തവ സാന്നിധ്യം ഇന്ത്യയിൽ ശക്തിപ്പെടാൻ സഭകൾ കൈകോർത്ത് പിടിച്ച് സ്നേഹത്തിലും ഐക്യത്തിലും മുന്നേറുവാൻ കഴിയണം. അതിനുള്ള സാഹചര്യവും സാധ്യതയും വളർത്തിയെടുക്കണം.

ലോകത്ത് യാതൊരുവിധമായ പീഡനങ്ങളും ഉണ്ടാകാത്ത ഏക സഭയാണ് ഇന്ത്യയിലേത്. പ്രത്യേകിച്ച് കേരളത്തിലെ സഭകൾ. എല്ലായിടവും ക്രിസ്തീയ സഭകൾക്ക് പീഡനത്തിന്റെ കാലമാണ്. എന്നാൽ പീഡന കാലത്ത് സഭകൾക്ക് ആത്മീയ പ്രഭാവവും ഉണ്ടായിട്ടുണ്ട്. ആത്മീയ ഉത്സാഹവും, വിശ്വാസ തീഷ്ണതയും വർദ്ധിക്കുന്നുണ്ട്. അത് ഈജിപ്റ്റിലും അർമ്മീനിയായിലും സിറിയയിലും ഒക്കെ ശക്തിപ്പെടുന്നു. ഈ പ്രദേശത്തുള്ളവർ നാളെയെക്കുറിച്ച് ആശങ്കയിൽ കഴിയുന്നവരാണ്. ഭാവിയെക്കുറിച്ച് ദുഃസ്വപ്നങ്ങൾ മാത്രം. എന്നാലും ആത്മീയ ധൈര്യവും ക്രിസ്തീയ വിശ്വാസവും അതിശക്തമായി പ്രതിഫലിപ്പിക്കുന്നു. പീഡനങ്ങളിൽ തളരുന്നില്ല. ഉത്സാഹത്തോടെ ജീവിതത്തെ സമീപിക്കുന്നു. ജീവിതത്തെക്കുറിച്ച് യാതൊരു സുരക്ഷിതത്വവും ഇല്ലെങ്കിലും അചഞ്ചലമായ ക്രിസ്തീയ വിശ്വാസത്തിൽ മുന്നേറുന്നു. വിശ്വാസ സ്ഥിരതയുള്ള ആത്മീയ ചങ്കൂറ്റമാണ് അവരിൽ കാണുന്നത്. ക്രൈസ്തവർ 2.7 ശതമാനം മാത്രമുള്ള ഇന്ത്യയിൽ പീഡനങ്ങൾ ഉണ്ടായാലുള്ള സ്ഥിതി എന്തായിരിക്കും. ക്രൈസ്തവ സാന്നിധ്യം തന്നെ ഇന്ത്യയിൽ ശുഷ്ക്കിച്ചു പോകും.

സഭകളുടെ അസ്തിത്വവും ഐക്യവും നിലനിർത്തണം. ആത്മീയ തലങ്ങളിൽ സഭകൾക്ക് ഒരുമിച്ച് നിൽക്കുവാൻ കഴിയണം. അതിനായി സ്വാർത്ഥത സ്പർശിക്കാത്ത ജീവിത ക്രമം വളർത്തിയെടുക്കണം. പ്രജാതല്പരരായ മഹാരാജാക്കന്മാർ അംഗസംഖ്യ കൂടിയവർക്കും കുറഞ്ഞവർക്കും എല്ലാവർക്കും ഒരുപോലെ നീതി നടപ്പാക്കിയെങ്കിൽ ഇന്ന് ആളും ബലവും കണ്ടാണ് നീതിയും ന്യായവും നടത്തുന്നത്. അതിനാൽ നാളത്തെ സഭയുടെ നിലനില്പിനുവേണ്ടി നല്ല സാക്ഷ്യം സഭയിലും സമൂഹത്തിലും നൽകുവാൻ കഴിയണം.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

*(മാവേലിക്കര തെയോഭവൻ അരമനയിൽ നടന്ന കാതോലിക്കാദിന തുക സ്വീകരണ സമ്മേളനത്തിൽ നടത്തിയ മുഖ്യപ്രഭാഷണം, 26-8-2015)*

## EDITORIAL

# വെളിച്ചത്തിന്റെ കണ്ണ്




## A CULTURE OF BIBLE READING

### ബൈബിൾ:

**ഏറ്റവും അധികം ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തിയ ഏക ഗ്രന്ഥം**

*ബിബ്ലോസ്* എന്ന ഗ്രീക്ക് പദം ലത്തീൻ ഭാഷയിലൂടെ ഇംഗ്ലീഷിൽ എത്തിയപ്പോൾ *ബൈബിൾ* എന്നായി. ബൈബിൾ സത്യവേദപുസ്തകമാണ്.

* * *

പഴയ നിയമത്തിലെ 39 ഉം പുതിയ നിയമത്തിലെ 27 ഉം അപ്പോക്രിഫായിലെ 15 പുസ്തകങ്ങളും പൗരാണിക ക്രിസ്തീയ സഭകൾ അംഗീകരിക്കുന്നുണ്ട്.

പൊതുവേ ബൈബിൾ എന്നതിൽ 66 ഗ്രന്ഥങ്ങളാണുള്ളത്. പഴയ നിയമത്തിൽ 929 ഉം പുതിയ നിയമത്തിൽ 260 ഉം ഉൾപ്പെടെ 1189 അദ്ധ്യായങ്ങളും 31102 വാക്യങ്ങളുമുള്ള ബൃഹത്തായ കൃതിയാണ് ബൈബിൾ. പഴയനിയമത്തിലെ 850 വാക്യങ്ങൾ പുതിയ നിയമത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

* * *

ബൈബിൾ വിവർത്തനങ്ങൾ പൂർണ്ണമായോ ഭാഗികമായോ 3414 ഭാഷകളിൽ ലഭ്യമാണ്. 2014 ലെ കണക്കിൻപ്രകാരം സമ്പൂർണ്ണ ബൈബിൾ 531 ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ട്. 2883 ഭാഷകളിലേക്ക് ഭാഗികമായും ഭാഷാന്തരപ്പെടുത്തി.

* * *

**ബൈ**ബിൾ ക്രിസ്തീയ ജീവിതത്തിന്റെ പ്രാമാണിക ഗ്രന്ഥമാണ്. ദൈവ-മനുഷ്യ സംവേദനത്തിന്റെ ഇതിഹാസമാണിതിൽ വെളിപ്പെടുന്നത്. കണ്ണുകളെ പ്രകാശിപ്പിക്കുന്ന ജീവനുള്ള വചനം അല്പ ബുദ്ധിയെ ജ്ഞാനിയാക്കുന്നു. അത് നിർമ്മലവും നീതിയുള്ളതുമാകുന്നു. ദൈവിക സ്നേഹത്തിന്റെ നീർച്ചാലുകൾ അനുസ്യൂതം ഇതിലൂടെ പ്രവഹിക്കുന്നു. ഇത് വെളിച്ചത്തിന്റെ കണ്ണുകളാണ്.

പുരാതന ഫിനീഷ്യയിലെ പ്രധാന തുറമുഖ പട്ടണമായ *ബിബ്ലോസിൽ* നിന്നും എഴുതുവാനുള്ള ഈജിപ്ഷ്യൻ പാപ്പിറസ് കയറ്റുമതി ചെയ്തിരുന്നു. ഇവിടെ നിന്നും കയറ്റി അയച്ച പാപ്പിറസിൽ പ്രധാനമായും വേദഗ്രന്ഥം എഴുതി സൂക്ഷിക്കുന്നതിന് ഉപയോഗിച്ചു. കാലാന്തരത്തിൽ പാപ്പിറസിൽ എഴുതിയ സമാഹാരത്തിന് *ബിബ്ലോസ്* എന്ന പേര് ലഭിച്ചു. പുസ്തകച്ചുരുൾ (സങ്കീ. 40:7), യഹോവയുടെ പുസ്തകം (യശ 34:16), സത്യഗ്രന്ഥം (ദാനി 10:21), തിരുവെഴുത്തുകൾ (ലൂക്കോ 24:27, യോഹ. 5:39, റോമ. 15:4, 2 തീമോ. 3:16), ദൈവവചനം (സങ്കീ. 12:6, ലൂക്കോ 11:28), വിശുദ്ധ രേഖ (റോമ 1:1), ദൈവത്തിന്റെ അരുളപ്പാടുകൾ (റോമ 3:2) എന്നിങ്ങനെ വിവിധ പേരുകൾ ബൈബിളിന് ലഭ്യമായിട്ടുണ്ട്.

ബൈബിൾ ബി. സി. 1500 മുതൽ ഏ.ഡി. 100 വരെയുള്ള നൂറ്റാണ്ടുകളിൽ എഴുതപ്പെട്ടതാണ്. ആദ്യകാലത്ത് മോശയുടെ ന്യായപ്രമാണം, പ്രവാചക പുസ്തകങ്ങൾ, സങ്കീർത്തനങ്ങൾ എന്നിങ്ങനെയുള്ള വിഭജനങ്ങൾ മാത്രം (ലൂക്കോ. 24:44). കർദ്ദിനാൾ കോറേ 1236ൽ ബൈബിളിനെ അദ്ധ്യായങ്ങളും വാക്യങ്ങളുമായി തിരിച്ചു. ഏ. ഡി. 1555ൽ റോബർട്ട് സ്റ്റീഫനാണ് ബൈബിളിന് ആധുനീക രൂപം നൽകിയത്. ആദിമ ക്രിസ്തീയ സമൂഹത്തിന്റെ വേദഗ്രന്ഥം പഴയ നിയമമായിരുന്നു. ഇത് പുതിയ നിയമ ക്രോഡീകരണത്തിന് സഹായകരമായിട്ടുണ്ട്. ആദ്യനൂറ്റാണ്ടുകളിൽ വാമൊഴിയായി പ്രചരിച്ച യേശുവിന്റെ പ്രബോധനങ്ങൾ വിശ്വസ്തതയോടും സത്യസന്ധതയോടും പുതുതലമുറയ്ക്കായി പകർന്നു നൽകി (ലൂക്കോ 1:2, അ. പ്ര. 2:42, 1 കൊരി. 15:3, 1 യോഹ. 1:1–2).

ബൈബിൾ ദൈവിക അരുളപ്പാടുകളുടെ സമാഹാരമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന മാനദണ്ഡമായ ബൈബിൾ പരിശുദ്ധാത്മ കൃപയിൽ എഴുതപ്പെട്ടതാണ് (2. തീമോ. 3:16). ദൈവ'വചനത്തിൽ' ദൈവിക സംവേദനവും സംഭവവും ഉൾക്കൊള്ളുന്നു. ദൈവിക വെളിപാടിന്റെയും വീണ്ടെടുപ്പിന്റെയും ചരിത്രമാണ് യേശുക്രിസ്തുവിൽ പ്രതിഫലിക്കുന്നത് (യോഹ. 1:9, അപ്പോ. 14:17).

യേശു പഴയ നിയമ ഭാഗങ്ങൾ പലപ്പോഴും ഉദ്ധരിച്ച് 'ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു' എന്നു പ്രഖ്യാപിച്ചിട്ടുണ്ട്. യേശുവിന്റെ പ്രബോധന ശുശ്രൂഷയിൽ പഴയ നിയമ തിരുവെഴുത്തുകൾ നിരവധി പ്രാവശ്യം ഉദ്ധരിക്കുകയും അവയ്ക്കു പുതിയ അർത്ഥ തല



## EDITORIAL

ങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. (മത്തായി 5:17, ലൂക്കോ. 24:44, യോഹ. 10:35). യേശുവിനെ പ്രലോഭിപ്പിച്ച ശക്തിയെ കീഴ്പ്പെടുത്തിയതും, തിരുവെഴുത്തുകൾ ഉദ്ധരിച്ചായിരുന്നു. (മത്തായി 4:1-11). ന്യായപ്രമാണത്തിന് മനുഷ്യമുഖം നൽകി അത് നിറവേറ്റുക എന്നതായിരുന്നു യേശുവിന്റെ നിലപാട്. വാമൊഴി പാരമ്പര്യത്തിൽ നിന്നും യേശു പൈതൃകമായി സുഗ്രാഹ്യമാക്കിയതാണ് തിരുവെഴുത്തുകൾ. യേശുവിന്റെ പ്രബോധനങ്ങളും വാമൊഴി പാരമ്പര്യത്തിലാണ് ആദ്യകാലത്ത് സംവേദിക്കപ്പെട്ടത്.

ഹീബ്രു, അരമായ, ഗ്രീക്ക് ഭാഷകളിൽ നിന്നുമാണ് ബൈബിൾ മൊഴിമാറ്റം നിർവ്വഹിച്ചിട്ടുള്ളത്. പഴയ നിയമം ഹീബ്രുവിലും പുതിയ നിയമം ഗ്രീക്കിലുമെഴുതി. പഴയ നിയമത്തിലെ ചില ഭാഗങ്ങൾ അരാമ്യ ഭാഷയിലുള്ളതാണ്. സുറിയാനി, ലത്തീൻ ഭാഷകളിലാണ് ആദ്യപരിഭാഷ. പിന്നീട് നിരവധി ഭാഷകളിലേക്ക് ബൈബിൾ പരിഭാഷകൾ ഉണ്ടായി. ഇംഗ്ലീഷ് പരിഭാഷ ജോൺ വൈക്ലിഫ് (1331-1384) 1382ൽ നിർവ്വഹിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ ബൈബിൾ വിവർത്തനങ്ങൾ ഇന്ത്യയിലെ വിവിധ ഭാഷകളിൽ ആരംഭിച്ചു. ബൈബിൾ മലയാളത്തിലേക്ക് വ്യവസ്ഥാപിതമായി 19-ാം നൂറ്റാണ്ടിൽ വിവർത്തനം ചെയ്യുന്നതിന് വളരെ മുമ്പേ ബൈബിളിന്റെ ഭാഗിക മലയാള വിവർത്തനങ്ങൾ നിലനിന്നിരുന്നു. മലയാള ബൈബിളിന്റെ പ്രാരംഭം മല്പാൻ പാഠശാലകളിലാണ്. വൈദികരായ മല്പാന്മാർ ആരാധനയിൽ സുറിയാനി ബൈബിൾ ഭാഗങ്ങൾ തത്സമയം മലയാളത്തിൽ വിവർത്തനം ചെയ്തു വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ബൈബിൾ വിവർത്തനത്തിനുള്ള പ്രഥമശ്രമം ഇത്തരം മല്പാൻ പാഠശാലകളുടെ സംഭാവനയാണ്.

അവികസിതമായ ഭാഷ, വൈജ്ഞാനിക മേഖലയിലുള്ള അജ്ഞത, സുറിയാനി ഭാഷയോടുള്ള അഭിനിവേശം, മതഗ്രന്ഥങ്ങൾക്കു നൽകിയ പവിത്രത, കേന്ദ്രീകൃതമായ സഭാഭരണ നേതൃത്വത്തിന്റെ അപര്യാപ്തത, ക്രൈസ്തവർക്കു ലഭിച്ച സവർണ്ണ ഭാവം, സുവിശേഷീകരണ ദൗത്യമില്ലായ്മ, വിവർത്തന പാടവത്തിലുള്ള അകാര്യക്ഷമത എന്നിവയെല്ലാം ബൈബിൾ ഭാഷാന്തരത്തിനു വിഘാതമായി. എങ്കിലും കേരളത്തിലെ പ്രശസ്ത മല്പാൻ ഭവനങ്ങളിൽ ഭാഗികമായ മലയാള വിവർത്തനങ്ങൾ നിലവിലിരുന്നു. *നിരണം ഗ്രന്ഥവരി*യിലൂടെയാണ് (1708-1829) മല്പാൻ പാഠശാലകളിൽ ബൈബിൾ വിവർത്തനം നിലനിന്നിരുന്നതിന്റെ തെളിവുകൾ ലഭിക്കുന്നത്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ മല്പാൻ പാഠശാലകളിലെ ബൈബിൾ വിവർത്തനത്തിന്റെ പാഠങ്ങളാണ്. ഇതിലെ ബൈബിൾ ഉദ്ധരണികൾ കേരളത്തിൽ ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങൾ 1806-നു മുമ്പെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ (1732-1812) ബൈബിൾ തർജ്ജമയാണ് നിരണം ഗ്രന്ഥവരിയിലുള്ളത്. ബൈബിൾ വായനാ സംസ്ക്കാരമാണ് വിവർത്തനങ്ങളിൽ തെളിഞ്ഞു നിൽക്കുന്നത്.

ബൈബിൾ പഠനം വിശ്വാസികളെ ഉത്തമ സാക്ഷ്യ ജീവിതത്തിലേക്ക് നയിക്കും. ശാസ്ത്രീയവും ബൗദ്ധികവുമായ സമീപനത്തേക്കാൾ ആത്മീയ അഭിവാഞ്ഛയോടെ ബൈബിൾ വായിച്ച്, പരിശുദ്ധാത്മ കൃപയോടെ വചന പൊരുൾ തിരിച്ചറിയണം. വിവിധ കാലഘട്ടത്തിൽ എഴുതിയതാണെങ്കിലും ദൈവിക സംവേദനത്തിന്റെ വിവിധങ്ങളായ അടയാളങ്ങളാണ് വേദഗ്രന്ഥങ്ങളിൽ അവതരിപ്പിക്കുന്നത്. അവയുടെ ചരിത്ര പശ്ചാത്തലവും സന്ദർഭവും രചനാരീതിയും ഭാഷാശൈലിയും തിരിച്ചറിയുമ്പോൾ വേദവായനയുടെ അർത്ഥവും വ്യാപ്തിയും ഫലപ്രദമായിതീരും. ആക്ഷരിക അർത്ഥങ്ങളെക്കാൾ വേദവായനയുടെ സമഗ്രമായ അർത്ഥമുൾക്കൊള്ളുമ്പോൾ വേദപഠനം അർത്ഥപൂർണ്ണമാകും. ഇത് ബൗദ്ധിക സമീപനം കൊണ്ട് മാത്രം സ്വംശീകരിക്കുവാൻ കഴിയില്ല. ആഴമായ ആത്മീയ പരിജ്ഞാനവും അർത്ഥവ്യാഖ്യാനത്തിനുള്ള പ്രാപ്യതയും യോഗാത്മകമായി നേടിയെങ്കിൽ മാത്രമെ ബൈബിൾ സാരാംശം കാലികമായി വിശദീകരിക്കുവാൻ കഴിയൂ. ബൈബിൾ ചരിത്രവും സംസ്കാരവും ദർശനവും ആഴമായി ഉൾക്കൊള്ളുമ്പോൾ ബൈബിൾ വായന ആന്തരിക നയനങ്ങളെ പ്രകാശിപ്പിക്കും.

ബൈബിളിന്റെ ആത്മീയ ശക്തിയും ചൈതന്യവും തിരിച്ചറിയുവാൻ വിശുദ്ധ വേദപുസ്തക വായന വഴിയും വെളിച്ചവുമാകണം. ദൈവവചനത്തിന്റെ നീർച്ചാലുകൾ അർത്ഥപൂർണ്ണമായി ഉൾക്കൊള്ളണം. വിശുദ്ധിയിലേക്കുള്ള തീർത്ഥയാത്രയ്ക്ക് വിശ്വാസികളെ സജ്ജമാക്കുന്ന ബൈബിൾ വായനയും പഠനവും സമഗ്രമായി ഉൾക്കൊള്ളണം.

ബൈബിളിന്റെ സമഗ്രമായ അറിവിന് മൂലപാഠവും അതിന്റെ ചരിത്ര സാംസ്ക്കാരിക പശ്ചാത്തലവും ഭാഷാരീതിയും ഉൾക്കൊള്ളണം. വേദപാഠവും അവയുടെ ഭാഷ്യങ്ങളും വായനയ്ക്കും പഠനത്തിനും പ്രയോജനപ്പെടുത്തണം. സഭാ പാരമ്പര്യവും വിശ്വാസ പ്രമാണങ്ങളും യോജിപ്പിച്ചുള്ള വേദപുസ്തക ഭാഷ്യം വേദവായനയോടു ചേർന്ന് ഉണ്ടാകണം. പതിവായ ബൈബിൾ പാരായണ സംസ്ക്കാരം കുടുംബങ്ങളിൽ വളർത്തിയെടുക്കണം.

> "അക്ഷര സ്ഫുടതയിലും ശുദ്ധമലയാളത്തിലും പരമ്പരാഗത ഈണത്തിലുമുള്ള ബൈബിൾ വായനാ സംസ്ക്കാരം സഭകളിൽ അന്യമാകുന്നു. ഹൃദ്യമായി ബൈബിൾ വായിക്കുവാനുള്ള പാടവവും ബോധനവും അനിവാര്യമാണ്. അതിനുള്ള സമയവും സാഹചര്യവും കണ്ടെത്തണം."

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

സംഭാഷണം



> ഏത് അവസ്ഥയിലും ദൈവത്തിൽ നിന്ന് അകലാതെ ജീവിക്കുവാൻ കഴിയുന്നതാണ് വിജയകരമായ ജീവിതമായി ഞാൻ കണക്കാക്കുന്നത്.

# ജീവിതക്കാഴ്ചകൾ...

**പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**
**/ ബെന്യാമിൻ**

സപ്തതി നിറവിലേയ്ക്ക് പ്രവേശിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ നടത്തിയ ദീർഘമായ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ.

കോട്ടയം ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കുന്ന *ജീവിതക്കാഴ്ചകൾ* എന്ന ഗ്രന്ഥത്തിനു വേണ്ടിയാണ് ബെന്യാമിൻ അഭിമുഖം നടത്തിയത്. ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വച്ച് നടത്തിയ അഭിമുഖത്തിൽ നിന്നും...

**ബാല്യകാല ജീവിതം എങ്ങനെയായിരുന്നു.**

ഏതൊരു വ്യക്തിയുടെയും കുടുംബവും കുടുംബാന്തരീക്ഷവും സ്വഭാവ രൂപവത്ക്കരണത്തിലെ അടിസ്ഥാന സംഗതിയാണ്. എന്റെ ജീവിതത്തിലും കുടുബാന്തരീക്ഷത്തിന്റെ സ്വാധീനം വളരെ വലുതാണ്. ഉന്നത വിദ്യാഭ്യാസമൊന്നും നേടിയിട്ടില്ലാത്ത സാധാരണ കർഷകരായിരുന്നു മാതാപിതാക്കൾ. ശാന്തിയും സമാധാനവും കുടുംബത്തിനുള്ളിൽ നന്നായി അനുഭവിച്ചിരുന്നു. നല്ല ചിട്ടകൾ മാതാപിതാക്കൾ പരിശീലിപ്പിച്ചിരുന്നു. കുട്ടികളാണെങ്കിലും ഒരുമിച്ചുള്ള പ്രാർത്ഥനകളിൽ സംബന്ധിക്കണമെന്ന നിർബന്ധമുണ്ടായിരുന്നു. പള്ളിയിൽ എങ്ങനെ പെരുമാറണമെന്ന ഉപദേശങ്ങളും ശാസനകളും മാതാപിതാക്കളിൽ നിന്നും ധാരാളം ലഭിച്ചിട്ടുണ്ട്.

**ബാല്യ കൗമാര കാലത്തെ പല അനുഭവങ്ങളും വായിക്കുമ്പോൾ ജീവിതം തിരുമേനിയെ പരുവപ്പെടുത്തി ഈ പാതയിലേക്ക് കൊണ്ടുവരികയായിരുന്നു എന്നു കാണാം. സ്വന്തം തെരഞ്ഞെടുപ്പിനേക്കാൾ വലുതായി ദൈവനിയോഗത്തിൽ വിശ്വസിക്കുന്നുണ്ടോ.?**

തീർച്ചയായും എന്റെ വീട് ദേവാലയത്തോട് വളരെ സമീപമാണ്. അതിനാൽ ദേവാലയവുമായി ഒരടുപ്പം ബാല്യത്തിലെ ഉണ്ടായി. അമ്മയുടെ സഹോദരന്റെ കൈപിടിച്ച് പള്ളിയിൽ പോകുന്നത് ഇപ്പോഴും ഓർക്കുന്നു. പൗരോഹിത്യത്തെക്കുറിച്ചു വലിയ സ്വപ്നങ്ങളും ദർശനങ്ങളുമുണ്ടായിരുന്നു. അദ്ദേഹം എന്നെ അതിനായി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം കേട്ടറിഞ്ഞ സങ്കല്പങ്ങളിലെ അത്യുന്നതമായ പൗരോഹിത്യവിളിയുടെ യോഗ്യതയെക്കുറിച്ചുള്ള ഭയം നന്നേ അലട്ടി. സങ്കല്പത്തിലെ മാതൃകകൾ കണ്ടുമുട്ടുന്നതിനും അധികം ഇടയായില്ല. എന്നാൽ വൈദികനാകുന്ന പക്ഷം അവിവാഹിത ജീവിതം നയിക്കണമെന്നത് ഉറച്ച തീരുമാനമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ വി. മദ്ബഹായിലെ ശുശ്രൂഷാ ബാലനായ കാലം മുതൽ പള്ളിയിൽ നിന്നും വലിയ പ്രോത്സാഹനം ലഭിച്ചു. പത്താം ക്ലാസ്സിന് ശേഷം പട്ടം നല്കുന്നതിനെക്കുറിച്ച് അഭിവന്ദ്യ

യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി കല്പ്പിച്ചു. എന്നാൽ ബിരുദ പഠനകാലത്താണ് ഒരു തീരുമാനമെടുക്കുന്നത്. തിരിഞ്ഞു നോക്കുമ്പോൾ ഒരു ദൈവിക പദ്ധതി ഉണ്ടെന്നുറപ്പാണ്. പതിമൂന്നാം വയസ്സിൽ പെസഹായുടെ കാൽകഴുകൽ ശുശ്രൂഷയിൽ തിരുമേനി എന്നെയും വിളിച്ചിരുത്തിയത് ഇന്നെന്ന പോലെ ഓർമ്മകളിലുണ്ട്.

**'നിരസിക്കാനാവാത്തതാണ് ദൈവവിളി' എന്ന് തോന്നിയിട്ടുണ്ടോ.?**

'ദൈവവിളിയോട് ' ഏത് വിധേയനേയും പ്രതികരിക്കാനാവുന്ന പൂർണ്ണ സ്വാതന്ത്ര്യം മനുഷ്യന് ലഭ്യമായിട്ടുണ്ട്. അതാണ് മനുഷ്യന്റെ അതുല്യതയും. ആ സ്വാതന്ത്ര്യത്തിന്റെ ശരിയായ ഉപയോഗമാണ് ദൈവം മനുഷ്യനിൽനിന്ന് പ്രതീക്ഷിക്കുന്നത്. ദൈവം സർവ്വചരാചരങ്ങളെ സൃഷ്ടിച്ചതിൽ മനുഷ്യൻ മാത്രമാണ് സ്രഷ്ടാവിനോട് അനുസരണക്കേട് കാട്ടുന്നത്. സ്രഷ്ടാവിനോട് കലഹിക്കാനുള്ള സ്വാതന്ത്ര്യം വരെ മനുഷ്യർ കാട്ടുന്നു. ഇത് ഒരർത്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ്. ഇത്തരമൊരു ദുർവിനിയോഗത്തിന് സാധ്യതയില്ലാത്ത വിധത്തിൽ ദൈവത്തിന് മനുഷ്യനെ സൃഷ്ടിക്കാമായിരുന്നു. എന്നാൽ അവിടെ സ്വാതന്ത്ര്യം പൂർണ്ണമാകുന്നില്ല. ഉല്പത്തി പുസ്തകത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിൽ 'അനുതപിച്ചു' എന്ന് പറയുന്നുണ്ട്. അപ്പോൾ പൂർണ്ണ സ്വതന്ത്രനായ മനുഷ്യന് ദൈവ ശബ്ദത്തെ കേൾക്കാതിരിക്കാനുള്ള സാധ്യതയും ഉണ്ട്. പക്ഷെ ഇച്ഛാശക്തിയുടെ ശരിയായ ഉപയോഗത്തിലൂടെ നന്മയിൽ വളരുക എന്നതാണ് മനുഷ്യ സൃഷ്ടിയുടെ ആത്യന്തിക ലക്ഷ്യം. ഇത് മനുഷ്യൻ ഇന്നെയോളം വിസ്മരിക്കുന്നു എന്നത് ദു:ഖകരമായ ഒരു സത്യവുമാണ്. അത്തരമൊരു സ്വാതന്ത്ര്യത്തിലാണ് ദൈവവിളിയും അതിനോടുള്ള ഗുണകരമായ പ്രതികരണവും നീരസവുമാണോ? മനസ്സിലാക്കേണ്ടത് എന്നാണ് എന്റെ പക്ഷം. നമ്മുടെ ഇച്ഛ ക്രിയാത്മകമായി പ്രതികരിക്കുന്നില്ലെങ്കിൽ ദൈവവിളി അപ്രസക്തമാകുന്നു. കന്യകമറിയാമിന്റെ സമ്മതം പോലെയൊന്ന് അനിവാര്യമാണ് എല്ലാ ദൈവീക ഇടപെടലുകൾക്കും.

**ഒരാൾ യഥാർത്ഥ ദൈവവിളി തിരിച്ചറിയുന്നതെങ്ങനെ.?**

പൗരോഹിത്യം പിടിച്ചെടുക്കണമെന്ന മോഹമോ, ആർത്തിയോ ആരിലും ഒരിക്കലും ഉണ്ടാക്കിക്കൂടാ. അത് ദൈവ വചന വിരുദ്ധമാണ്. യേശുവിനെ അനുഗമിക്കാൻ ചിലർ താല്പര്യപ്പെട്ടപ്പോൾ യേശുവിന്റെ ഉത്തരം ശ്രദ്ധേയമാണ്. കുറുനരികൾക്കു കുഴികളുണ്ട്, പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചായിക്കാൻ ഭൂമിയിൽ ഒരിടമില്ല. വീണ്ടും കർത്താവ് ശിഷ്യൻമാരോട് പറയുന്നത് ഇപ്രകാരമാണ്, നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല പിന്നേയോ, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. ഇതിൽ വെളിവാകുന്നത് പൗരോഹിത്യം ആസക്തിയായി കൂടാ എന്നു തന്നെയാണ്. ഇത് പണം കൊടുത്ത് വാങ്ങേണ്ടതല്ല. ഇതൊരു തൊഴിൽ മാർഗ്ഗവും ആയി കരുതാനാവില്ല. എന്നാൽ, ദൈവമെ, നിനക്ക് തിരുമനസ്സാണെങ്കിൽ എന്നെ നിന്റെ ഒരു പുരോഹിതനാക്കണമെയെന്ന് പ്രാർത്ഥിക്കുന്നതിൽ തെറ്റില്ല.

**അങ്ങേക്ക് ക്രിസ്തു ആരാണ്.?**

ക്രിസ്തു എന്റെ സ്രഷ്ടാവും രക്ഷകനും പരിപാലകനും ആണ്. സാധാരണ ഗതിയിൽ ഇന്നത്തെ ക്രൈസ്തവരിൽ ഭൂരിപക്ഷവും ക്രിസ്തീയ കുടുംബത്തിൽ ജനിച്ച് വളർന്നവരാണ്. സ്രഷ്ടാവ്, രക്ഷകൻ, പരിപാലകൻ എന്നീ വിധത്തിൽ ക്രിസ്തുവിനെ പിന്നീടുള്ള ജീവിതത്തിൽ തിരിച്ചറിയണം. ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലാണ് ക്രിസ്തു. ദൈവികമായ എല്ലാ ഇടപെടലുകളിലും ക്രിസ്തു സ്നേഹം തന്നെയാണ്, ആവർത്തിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ അനുയായി ആകണമെങ്കിൽ സ്നേഹം അനുശീലിക്കണം.

പ്രസംഗ ഭാഷയും പ്രായോഗിക ഭാഷയും തമ്മിലുള്ള അകലം കുറയ്ക്കണം. ഞാൻ എനിക്ക് വേണ്ടിയല്ലയെന്നും, ഞാൻ മറ്റൊരാൾക്കുവേണ്ടിയാണെന്നും, വിശാലഭാവത്തോടെ ചിന്തിക്കാനും, പ്രവർത്തിക്കുവാനും കഴിയുമ്പോഴാണ് ക്രിസ്ത്യാനിയായിതീരുന്നത്.




***സഭയെ നവീകരിക്കാനാണോ പൂർവ്വികമായ വിശ്വാസധാരയിൽ ഉറച്ച് നില്ക്കാനാണോ പരിശീലിപ്പി ക്കേണ്ടത്?***

പൂർവികമായ വിശ്വാസധാരയിൽ ഉറച്ച് നിന്ന് ആവശ്യമായ നവീകരണങ്ങൾ നടത്താനാണ് ശ്രമം. സഭ അതിന്റെ ഇടയ ശുശ്രൂഷയിൽ കൂടുതലായി ശ്രദ്ധപതിപ്പിക്കുമ്പോഴാണ് ഒരു പരിവർത്തനം സാധ്യമാകുന്നത്. ആടുകളെ അന്വേഷിച്ചിറങ്ങുന്ന ഇടയശുശ്രൂഷകരെയാണ് ആവശ്യം.

ആൾക്കൂട്ടത്തെ വിളിച്ചുവരുത്താനും ആത്മീയ പ്രസ്ഥാനം വാണിജ്യ വൽക്കരിക്കാനും ആധുനിക ശൈലി ഉപയോഗിക്കപ്പെടുന്നുണ്ടെന്നാണ് എന്റെ തോന്നൽ. നോമ്പ്, ഉപവാസം, പ്രാർത്ഥന, ജീവകാരുണ്യപ്രവർത്തനങ്ങൾ, ആത്മീയതയെപ്പറ്റിയുള്ള ബോധനം, പിതാക്കൻമാരുടെ എഴുത്തുകളുടെ ഉള്ളടക്ക സ്വാംശീകരണം, വിശ്വാസികൾ നേരിടുന്ന പ്രതിസന്ധികളിലും, വെല്ലുവിളികളിലും, പങ്ക് ചേർന്ന് സഹായിക്കൽ തുടങ്ങിയ രീതികൾ സഭ നടപ്പിൽ വരുത്തുന്നുണ്ട്.

**'പ്രോസ്പ്പിരിറ്റി ക്രൈസ്റ്റ് ' എന്ന ആശയം യഥാർത്ഥത്തിൽ ആർത്തിയും അതുവഴി വിപണിയും വളർത്താൻ സഹായിക്കുന്ന ഒരു**

**ഹീന തന്ത്രമല്ലേ.? നമുക്ക് നേടേണ്ടതെല്ലാം നേടാനുള്ള കുറുക്ക് വഴിയാണോ ക്രിസ്തു.?**

'പ്രോസ്പ്പിരിറ്റി ക്രൈസ്റ്റ് ' എന്ന ആശയം ദൈവ വചന വിരുദ്ധമാണ്. പണം ഉണ്ടാക്കാൻ കണ്ടു പിടിച്ച ഒരു എളുപ്പമാർഗ്ഗമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. യേശു നികുതി കൊടുക്കാനുള്ളപണം ശേഖരിച്ചത് ചൂണ്ടയിട്ട് മത്സ്യം പിടിച്ചാണെന്ന് സുവിശേഷ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരുക്കുന്നു.

ഒരു കമ്പോള സംസ്കാരത്തിലെ വിറ്റഴിക്കപ്പെടേണ്ട വസ്തുവല്ല ആത്മീയത. രാജാവാകാനല്ല ക്രിസ്തു ശ്രമിച്ചത്. മനുഷ്യനാകുവാൻ പഠിപ്പിക്കുകയാണ് ചെയ്തത്. ആഗോളവത്ക്കരണത്തിലുള്ള ആർത്തിയുടെ ഭാവത്തെ നാം എങ്ങനെയും പ്രതിരോധിക്കേണ്ടതാണ്.

**നമ്മൾ നിരന്തരം പ്രാർത്ഥിക്കുന്നത് എന്തിന്.?**

നിങ്ങൾ ചോദിക്കും മുമ്പേ നിങ്ങളുടെ ആവശ്യം അറിയുന്നവനാണ് ദൈവം എന്ന് യേശു പഠിപ്പിക്കുന്നു. പ്രാർത്ഥന യഥാർത്ഥത്തിൽ ദൈവസംസർഗ്ഗത്തിനുള്ള മാധ്യമമാണ്. യേശു പഠിപ്പിച്ച കർത്തൃ പ്രാർത്ഥനയിൽ വ്യക്തിപരമായ ആവശ്യങ്ങളല്ല പരാമർശിക്കപ്പെടുന്നത്. പിന്നെയോ, ദൈവവും മനുഷ്യനും മനുഷ്യർ പരസ്പരവുമുള്ള ബന്ധത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഹൃദയശുദ്ധീകരണം സാധ്യമാകുന്നതിന് വേണ്ടിയാണ് അനുതാപത്തിന്റെ പ്രാർത്ഥനകൾ ഏറെയും നാം നിവർത്തിക്കുന്നത്. അത് നന്മയിൽ വളരാനുള്ള ആത്മാവിന്റെ ഊർജ്ജമാണ്.

**സുവിശേഷ പ്രചാരണത്തിന്റെ പുതിയ മുഖമാണ് ടെലി ഇവാഞ്ചലിസം. ടെലിവിഷൻ മാധ്യമങ്ങളിൽ കൂടിയുള്ള സുവിശേഷ പ്രചരണം. വിശ്വാസത്തെ കച്ചവടം ചെയ്യുകയല്ലേ ചെയ്യുന്നത്?**

പ്രചരണം കൊണ്ട് ആത്മീയ ജീവിതമുണ്ടാകുന്നില്ല. വ്യക്തി ജീവിതത്തിൽ ആന്തരിക പരിവർത്തനവും വെണ്മയുമാണ് പ്രധാനപ്പെട്ടത്. ടെലി ഇവാഞ്ചലിസം നടത്തുന്ന ഒരാളുടെ യഥാർത്ഥമായ സ്വഭാവം എന്താണെന്നോ ഏത് തരക്കാരാണെന്നോ പലപ്പോഴും അറിയാൻ സാധിക്കില്ല. ഞാലിയാകുഴി ദയറായിൽ കബറടങ്ങിയിരിക്കുന്ന ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി എപ്പോഴും പറഞ്ഞിരുന്നത്, ദൈവത്തെ പറഞ്ഞുകൊടുക്കുകയല്ല, പകർന്നു കൊടുക്കുകയാണ് വേണ്ടതു എന്നാണ്. പറഞ്ഞുകൊടുക്കുന്നതും പകർന്നുകൊടുക്കുന്നതും രണ്ടാണ്. ടെലി ഇവാഞ്ചലിസം ദൈവത്തെ പകർന്നു കൊടുക്കുമെന്ന് എനിക്ക് തോന്നിയിട്ടില്ല.

**ക്രിസ്ത്യൻ വീക്ഷണത്തിലുള്ള മതേതരത്വം എന്താണ്?**

എല്ലാ മതങ്ങളും പരസ്പരം ആദരവോടെ നിലകൊള്ളുന്ന സാഹചര്യം ഉണ്ടാകണം. മതങ്ങളുടെ താഴേതട്ടിൽ വ്യത്യസ്തങ്ങളായ ആചാരനുഷ്ഠാനങ്ങൾ ഉണ്ട്. ഒരു മതവും തത്വത്തിൽ ആരെയും വെറുക്കാൻ പഠിപ്പിക്കുന്നില്ല. നന്മകളെ അംഗീകരിക്കുവാനുള്ള മനസ്സാണ് പ്രധാനം. അതിലൂടെയാണ് ആദരവുണ്ടാകുന്നത്.

**എല്ലാ മതങ്ങൾക്കുമുള്ള സന്ദേശം എന്താണ്?**

മതങ്ങൾ പരസ്പരം പോരടിക്കുന്നതിൽ കാര്യമില്ല. എല്ലാ മതങ്ങളിലും നല്ല ആശയങ്ങൾ ഉണ്ട്. അവയെ സ്വാംശീകരിച്ച് ജീവിക്കുന്ന മനുഷ്യർ ഉണ്ടാവുകയാണ് പ്രധാനം. ഓരോ മതവും അതതിന്റെ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കാതെ മനുഷ്യരാശിയെ ഉയർന്ന തലത്തിൽ കണ്ട് ഉത്തമ മനുഷ്യരെ രൂപപ്പെടുത്തുന്നവരായി വർത്തിക്കേണ്ടതാണ്.

**ധ്യാനം നൽകുന്ന അനുഭവം എന്താണ്?**

എല്ലാ മാസവും ഞാൻ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ ചെന്ന് താമസിക്കാറുണ്ട്. 36 മണിക്കൂർ മൗനം ശീലിക്കാറുണ്ട്. ഫോണുകളും ഇതര സംസാരങ്ങളും ഒഴിവാക്കിയാണത്. തിരക്കുകൾക്കിടയിൽ ഒരു ഭാരം ഇറക്കിവയ്ക്കൽ പോലെയാണ്. മടങ്ങിപ്പോകുമ്പോൾ നമുക്ക് ഒരു ഊർജം ലഭിക്കുന്നു. ശാരീരികമായും മാനസികമായും ഒരു ഉന്മേഷം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഞാനത് തുടരുന്നു. എന്റെ പ്രത്യേക പ്രാർത്ഥനകൾ കൂടുതലായി നടത്തുകയും അവ മനസ്സിന് സന്തോഷവും സമാധാനവും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ ആത്മധൈര്യവും തരുന്നു. മറ്റൊന്നും ചിന്തിക്കുന്നില്ല. ഇവിടെ ധ്യാനത്തിന് ഇരിക്കുക, വല്ലതും വായിക്കുക, ചിലപ്പോൾ എഴുതുക. അത്ര മാത്രം.

**ജീവിതം വിജയിച്ചു എന്നതിന്റെ മാനദണ്ഡം എന്താണ്?**

ദൈവത്തെ നഷ്ടപ്പെടുത്താതെ അവസാനം വരെ ഒരാൾക്ക് ജീവിക്കുവാൻ കഴിയുക എന്നുള്ളതാണ് ജീവിത വിജയത്തിന്റെ മാനദണ്ഡമായി ഞാൻ കരുതുന്നത്. ഒരുവൻ ലോകത്ത് അനുഭവിച്ച കഷ്ടതകളും സഹനങ്ങളും അയാളുടെ പരാജയമായിരുന്നുവെന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾക്ക് എങ്ങനെ പറയുവാൻ കഴിയും? ഒരുവൻ ധനവാനെന്നതോ, സ്ഥാനമാനങ്ങൾ ലഭിച്ചവനെന്നോ, ആരോഗ്യ ദൃഢഗാത്രനെന്നോ എന്നതല്ല എന്റെ വീക്ഷണത്തിലെ ജീവിത വിജയം, മറിച്ച് ഏത് അവസ്ഥയിലും ദൈവത്തിൽ നിന്ന് അകലാതെ ജീവിക്കുവാൻ കഴിയുന്നതാണ് വിജയകരമായ ജീവിതമായി ഞാൻ കണക്കാക്കുന്നത്.

**ആത്മീയ ആചാര്യൻ എന്ന നിലയിൽ പൊതുസമൂഹത്തോട് പറയാനുള്ള ഒരു കാര്യം?**

ആർത്തിയെ മനസ്സിൽ നിന്ന് അകറ്റി നിർത്തണം. വർത്തമാനകാല രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലത്തിൽ ന്യായരഹിതമായി ജീവിക്കുവാനുള്ള പ്രേരണയാണ് ചുറ്റുപാടും. കോഴകളും സുതാര്യത ഇല്ലാത്ത ഇടപാടുകളും കൊണ്ട് നാട് നിറയുന്നു. പരസ്പരം നന്മകൾ ചെയ്യുന്നവരായി ജീവിക്കാനുള്ള പരിശ്രമമാണ് എല്ലാവരിലും ഉണ്ടാകേണ്ടത്.

**ഒരേ സമയം ആത്മീയ നേതാവും സഭയുടെ ഭരണാധിപനുമാണ്. എന്താണ് അതിലെ ഭാരം? ജീവിതത്തിൽ ഒരു തീരുമാനം എടുക്കേണ്ട ഘട്ടത്തിൽ ഏതിനാണ് മുൻതൂക്കം കൊടുക്കുന്നത്?**

## ഡോക്ട്രേറ്റ്



ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ നിന്ന് *ക്രിസ്ത്യൻ മിസ്റ്റിസിസത്തിൽ* ഡോക്ട്രേറ്റ് നേടിയ കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ.

പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ, സിസ്റ്റർ സൂസൻ കുരുവിള എന്നിവരുടെ യോഗാത്മക അനുഭവങ്ങളായിരുന്നു ഗവേഷണ വിഷയം.

നേരത്തേ കേരള സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് ബോധനത്തിൽ പി.എച്ച്.ഡി. നേടിയിട്ടുണ്ട്. ഇംഗ്ലീഷ്, ഫിലോസഫി, എജ്യുക്കേഷൻ, തിയോളജി എന്നിവയിൽ ബിരുദാനന്തര ബിരുദവുമുണ്ട്.

# ലാളിത്യം ദൈവിക പദ്ധതി

## പരിശുദ്ധ കാതോലിക്കാ ബാവാ



**പാലക്കാട്:** ജീവിതത്തിൽ ലാളിത്യം പരിരക്ഷിച്ച് ദൈവിക പദ്ധതിക്ക് അനുസൃതമായി ജീവിക്കുമ്പോൾ യഥാർത്ഥ വിജയം നേടുവാൻ കഴിയുമെന്ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

വടക്കഞ്ചേരി മഞ്ഞപ്ര പുളിങ്കൂട്ടം മാർ ബസേലിയോസ് ബാല ഭവനിൽ നടന്ന പ. ബാവായുടെ 69-ാം പിറന്നാൾ ആഘോഷത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയാണ് ക്രൈസ്തവ ധർമ്മം. ലാളിത്യം ഇടയശുശ്രൂഷകളിൽ ഉൾക്കൊള്ളിക്കുവാൻ വൈദികരും ഇടവക ജനങ്ങളും ശ്രദ്ധിക്കണം. ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കും നിയന്ത്രണം ഉണ്ടാകണം. പ. ബാവാ പറഞ്ഞു.

ബാലഭവനിലെ കുട്ടികൾക്കൊപ്പം കേക്ക് മുറിച്ചും ഉച്ചഭക്ഷണം കഴിച്ചും പിറന്നാൾ ആഘോഷിച്ചു.

വടക്കഞ്ചേരി സെന്റ് തോമസ് സുവിശേഷ സംഘത്തിലെ അംഗങ്ങളും വൈദികരും സന്യസ്തരും ബാവായുടെ ജന്മദിന ആഘോഷത്തിൽ പങ്കു ചേർന്നു.

ബാലഭവനിൽ വളർന്ന രണ്ടുപേർക്ക് പുതിയ വീടിന്റെ താക്കോൽ കൈമാറി. ചിത്രലേഖ, സുകന്യ എന്നി കുട്ടികൾക്കായി പണിത ഭവനങ്ങളുടെ താക്കോൽദാനം പ. ബാവാ നിർവ്വഹിച്ചു.

പൊതുസമ്മേളനത്തിൽ പരിശുദ്ധ ബാവാ അധ്യക്ഷത വഹിച്ചു. പ. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ്രഭാഷണം നടത്തി.

ഓഗസ്റ്റ് 30-ന് കുന്നംകുളം ആർത്താറ്റ് അരമനയിൽ പ. ബാവ കുർബ്ബാന അർപ്പിച്ചു. കോതമംഗലം സാന്ത്വനം സ്പെഷ്യൽസ്ക്കൂളിലെ കുട്ടികൾ ദേവലോകം അരമനയിൽ എത്തി പ. ബാവായ്ക്ക് ജന്മദിനാശംസകൾ നേർന്ന്, കലാപരിപാടികൾ അവതരിപ്പിച്ചു.

പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ നടത്തിയ അഭിമുഖം 'ജീവിതക്കാഴ്ചകൾ' എന്ന പേരിൽ കോട്ടയം ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കും.

നേതാവ്, ഭരണാധിപൻ എന്നീ പദങ്ങൾ പൗരോഹിത്യത്തിന് ചേർന്നതല്ല. ഇടയൻ, ശുശ്രൂഷകൻ, നായകൻ എന്നീ പദങ്ങളാണ് ഉത്തമം. ഈ ജീവിതത്തിൽ തീരുമാനം എടുക്കുന്നതിന് ചില വഴികൾ ഉണ്ട്. ഒന്നാമത്, ഒരു തീരുമാനം എടുക്കേണ്ട ഏതു ഘട്ടം വന്നാലും ദൈവവുമായുള്ള ഒരാലോചന ഉണ്ടാവണം.

രണ്ടാമത്, ആ വിഷയത്തെ സംബന്ധിച്ച് നിലവിലുള്ള നിയമ സംഹിത എന്താണെന്ന് ശ്രദ്ധിക്കണം. രാജ്യത്തിനു അതിന്റെയും, സഭയ്ക്ക് അതിന്റെയും നിയമങ്ങളുണ്ട്.

മൂന്നാമത്, നമ്മുടെ മനസ്സിന്റെ തീരുമാനമാണ്. നിഷ്പക്ഷമായ ന്യായധിപനാണ് മനസാക്ഷി. ഈ മൂന്ന് സ്വരങ്ങളും, അതായത് ദൈവാലോചനയിൽ നിന്ന് ലഭിക്കുന്നതും നിലവിലുള്ള നിയമങ്ങളുടെ സഹായവും മനസാക്ഷി എന്ന ന്യായാധിപന്റെ തീരുമാനവും ചേർന്നാവണം നിശ്ചയങ്ങൾ എടുക്കേണ്ടത്. തെറ്റുകൾ സംഭവിച്ചാൽ അത് തിരുത്താൻ തയ്യാറാവണം. നാം പറഞ്ഞത് മാത്രമെ നടക്കാവൂ എന്ന വാശിയുണ്ടാകരുത്.

ആരുടെ നേരെയും മനസ്സിൽ പക സൂക്ഷിക്കരുത്. നമ്മെ വിമർശിക്കുന്നവരോട് പകപോക്കാൻ നമ്മിലുള്ള അധികാരം ഒരിക്കലും ഉപയോഗിക്കാൻ ഇടവരരുത്. എന്നാൽ സഭയെ പൂർണ്ണമായി നശിപ്പിക്കാൻ തുടങ്ങുന്നവരെ നിയന്ത്രിക്കുകയും വേണം. ഞാൻ എടുക്കുന്ന തീരുമാനങ്ങളും , അധികാരങ്ങളും, നിഷ്പക്ഷമതിയായ മൂന്നാമതൊരാളുടെ മുമ്പിൽ വിശദീകരിക്കുമ്പോൾ അത് ശരി എന്ന് തോന്നുവാൻ ഇടവരണം. ■



അവതാരിക

# ഉദയത്തിന്റെ വിസ്മയം

■ വി.കെ. ശ്രീരാമൻ

പുറത്തു നിന്നു നോക്കുന്ന എന്നെപ്പോലൊരാൾക്ക് മനസ്സിലാക്കാൻ നന്നേ പ്രയാസമുള്ളതാണ് കേരളത്തിലെ ക്രൈസ്തവസഭകളുടെ ചരിത്രം. നിരവധി ഉപശീർഷകങ്ങൾ കൊണ്ട് ക്രിസ്തുമതം വിഭജിക്കപ്പെട്ടിരിക്കുന്നതായി കാണാം. അതിനു ചരിത്രപരമായി കാരണങ്ങളുമുണ്ടാവാം. ഏറെ പരിചിതമായ കുന്നംകുളത്തു തന്നെ എനിക്ക് അപരിചിതമായ നിരവധി സഭാ വിഭാഗങ്ങളുണ്ട്. എല്ലാ മത വിഭാഗങ്ങളെ സംബന്ധിച്ചും ഇത്തരം വിഭജനങ്ങൾ സംഭവിച്ചിട്ടുണ്ടല്ലോ. വിഭജനത്തോടൊപ്പം ഹൈറാർക്കിയും പെരുകി വരുന്നു. വൈരുദ്ധ്യങ്ങൾ വർദ്ധിക്കുന്നു; സ്നേഹത്തിന്റെയും ശാന്തിയുടെയും സുവിശേഷങ്ങൾക്കു പകരം തർക്കത്തിന്റെയും പകയുടെയും യുദ്ധത്തിന്റെയും വാർത്തകൾ കൊണ്ട് അന്തരീക്ഷം കലുഷിതമാവുന്നു.

ഉദയംപേരൂരിനും കൂനൻകുരിശിനും ശേഷം വീണ്ടും പല പരീക്ഷണങ്ങളെ സഭാവിശ്വാസികൾ അതിജീവിച്ചതായി കാണാം. സ്വാഭാവികമായും മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയ്ക്കും അതിജീവനത്തിന്റെ പരീക്ഷണഘട്ടങ്ങളെ നേരിടേണ്ടതായി വന്നിട്ടുണ്ട്.

പ്രശസ്ത സാഹിത്യകാരനായ ബെന്യാമിൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി നടത്തിയ അഭിമുഖം കാലിക പ്രസക്തിയുള്ളതാണ്. സാമാന്യം ദീർഘമാണ് അത്. കേരളത്തിലെ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ നിർണായക പങ്കാളിത്തമുള്ള ഒരു ജനവിഭാഗത്തിന്റെ അഗ്രാസനനോട് ചോദിച്ചറിയേണ്ടുന്ന പ്രസക്തമായ വിഷയങ്ങളിലേക്കെല്ലാം തന്നെ ബെന്യാമിൻ തന്റെ അഭിമുഖത്തിൽ ബാവാ തിരുമേനിയുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അതുകൊണ്ട് സമഗ്രമാണ് ആ അദ്ധ്യായം. താൻ പിന്നിട്ട വഴികളിലേക്ക് ശാന്തനായി തിരിഞ്ഞുനോക്കുകയാണ് 'വിനയത്തിന്റെ നാൾവഴികൾ' എന്ന അദ്ധ്യായത്തിലൂടെ പരിശുദ്ധ ബാവാതിരുമേനി. ഈ പുസ്തകം ഏതൊരു വായനക്കാരനെ സംബന്ധിച്ചായാലും വിലപ്പെട്ടതായിത്തീരുമെന്നു തന്നെയാണ് എന്റെ അഭിപ്രായം.

ബാവാ തിരുമേനിയുടെ പൂർവ്വാശ്രമം കുന്നംകുളത്തിനടത്തുള്ള മങ്ങാടാണ് എന്ന് ആദ്യമേ അറിയാം. ഇപ്പോഴാണ് ബാല്യം മുതലുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കുന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ 'ഒരു നിർദ്ധന കർഷകകുടുംബത്തിൽ പിറന്ന ബാല്യകാലം ധാരാളം കഷ്ടാരിഷ്ടത'കൾ നിറഞ്ഞതായിരുന്നു. ദൈവവിശ്വാസികളും ധാർമ്മികബോധമുള്ളവരുമായ മാതാപിതാക്കളും സ്വന്തം മനസ്സിന്റെ ഇച്ഛാശക്തിയുമാണ് ആ ബാലനെ മുന്നോട്ടു നയിച്ചത്. തീർത്തും അസാധാരണം എന്നു വിശേഷിപ്പിക്കേണ്ടിവരും തിരുമേനിയുടെ ബാല്യകൗമാരങ്ങൾ പിന്നിട്ട വഴികളെക്കുറിച്ചറിയുമ്പോൾ. ആ പാഠഭാഗം വായിച്ചപ്പോൾ എന്റെ മനസ്സിലേക്കു തുള്ളികയറി വന്നത് ചാർളി ചാപ്ലിൻ എന്ന വിഖ്യാതനായ നടന്റെ ബാല്യകൗമാര ചിത്രങ്ങളായിരുന്നു. രോഗിയായ അമ്മ, ബലഹീനനായ അച്ഛൻ, പാചകം ചെയ്യുന്നതിനായി തീപ്പൂട്ടാത്ത അടുക്കളയുള്ള വീട്, പിന്നിപ്പോയതും തുന്നിച്ചേർത്തതുമായ വസ്ത്രങ്ങൾ... ഹൃദയമുള്ള ഒരാൾക്കും കണ്ണിൽ വെള്ളം നിറയാതിരിക്കില്ല ചാപ്ലിന്റെ ബാല്യകാലകഥ കേൾക്കുമ്പോൾ. ചാപ്ലിനുമായി താരതമ്യം ചെയ്യുമ്പോൾ ബാവാതിരുമേനി സമ്പന്നമായ കുടുംബാന്തരീക്ഷത്തിലാണ് ജനിച്ചു വളർന്നതെന്നു പറയാം. ലോകം മുഴുവൻ ആരാധകരും ലോകത്തിലെ വലിയ സമ്പന്നരിൽ ഒരുവനുമായി വളർന്നശേഷം ഏറെ ശാന്തനായിക്കൊണ്ട് താൻ പിന്നിട്ട കനൽപാതകളിലേക്ക് തിരിഞ്ഞുനോക്കിയ ചാപ്ലിനെ ഓർമ്മിപ്പിക്കുന്നു തിരുമേനിയുടെ ആത്മകഥാകഥനം.

ബെന്യാമിനുമായുള്ള അഭിമുഖത്തിൽ സഭാവിശ്വാസികൾക്കിടയിൽ മാത്രമല്ല മനുഷ്യലോകത്ത് കണ്ടുവരുന്ന സമ്പത്തിനോടുള്ള ആർത്തി, കാപട്യം, സത്യമാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചുകൊണ്ടുള്ള ജീവിതം എന്നിവയെക്കുറിച്ചെല്ലാം തിരുമേനി ആകുലപ്പെടുന്നതു കാണുന്നു. ഒരുപക്ഷേ, ലോകത്തെ, കുറഞ്ഞപക്ഷം തന്റെ സഭയ്ക്കകത്തുള്ള സമൂഹത്തെയെങ്കിലും ക്രിസ്തുവിന്റെ വഴിയെ നയിക്കാനാവുമോ എന്ന സന്ദേഹമാണ് അദ്ദേഹം പേറുന്നത്. പുതിയ കാലം മറ്റെന്തിനേക്കാളും ധനത്തിനും അധികാരത്തിനും വിലകല്പിച്ചിരിക്കുന്നു. സ്വയം എരിഞ്ഞ മറ്റുള്ളവർക്കു വേണ്ടി പ്രകാശം പരത്തുന്ന മെഴുകുതിരിയോടാണ് ശ്രീയേശുവിന്റെ ജീവിതത്തിനു സാമ്യം. എന്നാൽ സമൂഹത്തിൽ നിന്ന് ജീവവായുവും നീരും വെളിച്ചവും ഊറ്റിയെടുത്ത് പകരം ഇരുട്ട് നൽകുന്ന വിപര്യയത്തിലേക്ക് ലോകഗതി മാറുന്നു.

ജീവിവർഗ്ഗത്തിന്റെ പരിണാമത്തെപ്പറ്റി പറഞ്ഞുവരുമ്പോൾ റിച്ചാർഡ് ഡോക്കിൻസ് ഇങ്ങനെ നിരീക്ഷിക്കുന്നുണ്ട്. 'A predominant quality to be expected in a successful gene is rutherless selfishness'. ദൈവനിയന്ത്രണം കേൾക്കാനാവാത്ത വണ്ണം അവന്റെ കർണ്ണപുടങ്ങൾ കൊട്ടയിടയ്ക്കപ്പെട്ടിരിക്കുന്നുവോ? ഈ സന്ദേഹം കുന്നംകുളത്തുകാരനായ ഒരു സാധാരണ മനുഷ്യനെന്ന നിലക്ക് എന്നെ സദാ പിന്തുടരുന്നുണ്ട്. 'താൻ നന്നായാൽ ലോകം നന്നായി' എന്ന

# ഫാ. ഡോ. കെ. എം. ജോർജ്
## പൗലോസ് മാർ ഗ്രിഗോറിയോസ് പഠനപീഠം അദ്ധ്യക്ഷൻ



**കോട്ടയം:** മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് പഠനപീഠം അദ്ധ്യക്ഷനായി നിയമിതനായ ഫാ. ഡോ. കെ. എം. ജോർജ്. പ്രശസ്ത വേദശാസ്ത്രജ്ഞനും ഗ്രന്ഥകർത്താവും നിരൂപകനും മലയാള സർവ്വകലാശാല പഠനബോർഡ് അംഗവുമാണ്.

ലോകസഭാ കൗൺസിലിന്റെ പ്രോഗ്രാം കമ്മറ്റി അദ്ധ്യക്ഷൻ, ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ, സൗത്ത് ഏഷ്യാ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഫാ. ഡോ. കെ. എം. ജോർജ്, അനവധി വൈജ്ഞാനിക സാഹിത്യ ഗ്രന്ഥങ്ങളും കലാനിരൂപണങ്ങളും വേദശാസ്ത്ര ഗന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പാമ്പാടിയിൽ കുടുംബ സംഗമം

**പാമ്പാടി:** പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലി ഭാഗമായി 2015 ഒക്ടോബർ 18 ഞായറാഴ്ച രാവിലെ ഏഴു മുതൽ രണ്ടു വരെ കുടുംബ സംഗമം നടത്തും. ഫാ. ഡോ. റ്റി. ജെ. ജോഷ്വ നേതൃത്വം നൽകും.

പാമ്പാടി തിരുമേനിയുടെ കുടുംബാംഗങ്ങൾ, തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചവരും കുടുംബാംഗങ്ങളും, തിരുമേനിയുടെ ശിഷ്യരുടെ കുടുംബാംഗങ്ങൾ, തിരുമേനിയിൽ നിന്ന് വിവാഹം, മാമോദീസ എന്നീ കൂദാശകൾ സ്വീകരിച്ചവർ എന്നിവർക്ക് പങ്കുചേരാം.

വിശദ വിവരങ്ങൾക്ക്:
0481-2505431, 2506425
9447005431, 9447147676

തത്വസാരം ഗ്രഹിക്കുന്നുവെങ്കിലും എന്തുകൊണ്ടാണ് 'നല്ലത്' എന്ന പൊരുളിലേക്ക് എന്റെ ചേതന ഒഴുകിപ്പരക്കാത്തത് ? എന്താണ് നല്ലത് ? എന്റെ ജനിതക സ്വഭാവം 'ദയാരഹിതമായ സ്വാർത്ഥത' ആയത് ആരുടെ ഇച്ഛയാലാണ്? ഈ പുസ്തകം മടക്കിവെക്കുമ്പോൾ എന്നിൽ ഉണരുന്ന ചോദ്യങ്ങൾ നിരവധിയാണ്.

സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടുപോവുകയെന്നത് ക്ലിഷ്ടമാണ്. പ. ബാവാ തിരുമേനിയുടെ നാൾവഴികളിലുടനീളം തന്റെ നയപരിപാടികളിൽ നിന്ന് വ്യതിചലിക്കാതെ പ്രകാശത്തെ മുറുകെപ്പിടിച്ചു കൊണ്ടുള്ള യാത്രയുടെ പാദമുദ്രകൾ കാണുന്നു. സഭാവിശ്വാസികൾ മാത്രമല്ല ലോകത്തിനാകമാനം അത് പ്രതീക്ഷ നൽകുന്നു.

ഈ ആമുഖം അവസാനിപ്പിക്കുമ്പോൾ ഞാനോർത്തുപോവുന്നത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വരികളാണ്.

'അറിഞ്ഞതിൽപാതി പറയാതെ പോയി
പറഞ്ഞതിൽ പാതി പതിരായും പോയി
പകുതിഹൃത്തിനാൽ വെറുക്കുമ്പോൾ നിങ്ങൾ
പകുതിഹൃത്തിനാൽ പൊറുത്തുകൊള്ളുക.
ഇതെന്റെ രക്തമാ-
ണിതെന്റെ മാംസമാണെടുത്തുകൊള്ളുക'

സർവ്വമംഗളങ്ങളും നേരുന്നു.

(കോട്ടയം ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കുന്ന ജീവിതക്കാഴ്ചകൾ എന്ന ഗ്രന്ഥത്തിനു എഴുതിയ അവതാരികയിൽ നിന്നും...)

■

# OCTOBER - 4
## സെമിനാരി ദിനം

**കോട്ടയം:** മലങ്കരസഭയിലെ എല്ലാ പള്ളികളും സെമിനാരി ദിനമായി ഒക്ടോബർ നാല് ഞായറാഴ്ച ആചരിക്കണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പനയിൽ ആഹ്വാനം ചെയ്തു.

അന്നേ ദിവസം കോട്ടയം-നാഗ്പ്പൂർ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കവർ പിരിവ് വിജയിപ്പിക്കുകയും ചെയ്യണം. 2015-ൽ സെമിനാരിദിന പിരിവ് ഇനത്തിൽ 110 ലക്ഷം രൂപാ സമാഹരിക്കണം.

ഒരു വിദ്യാർത്ഥിയുടെ വാർഷിക ചെലവായ 25,000 രൂപാ നൽകിയും പ്രിയപ്പെട്ടവരുടെ പേരിൽ സ്ഥിരം എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയും പ്രത്യേകം സംഭാവനകൾ നൽകിയും സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകാമെന്ന് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ് പറഞ്ഞു.

സംഭാവനകളും സെമിനാരിദിന പിരിവും കാണിക്കയും The Principal, Orthodox Theological Seminary, P.B. No. 98, Kottayam-686001 എന്ന വിലാസത്തിൽ അയയ്ക്കണം.

## അവാർഡ്



കേരളാ ഗവണ്മെന്റ് ആയുർവേദ കോളേജിലെ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ ഡോ. ജോബ് തോമസ്. തിരുവനന്തപുരം പാളയം സെന്റ് ജോർജ് കത്തീഡ്രൽ അംഗമാണ്.



# അഭയാർത്ഥികളുടെ നിശബ്ദ ജീവിതം

■ **ജോബ് സാം മാത്യു, കൊടുമൺ**

യുദ്ധം, അഭ്യന്തര പ്രക്ഷോഭം, മനുഷ്യാവകാശ ലംഘനങ്ങൾ, അധിനിവേശം, ഭീകരാക്രമണം, ഭരണകൂട ഭീകരത തുടങ്ങിയ കാരണങ്ങളാൽ 2014-ലെ മൊത്തം അഭയാർത്ഥികളുടെ എണ്ണം 5.95 കോടിയാണ് എന്ന് യു.എൻ അഭയാർത്ഥി ഏജൻസി (U.N.H.C.R.) റിപ്പോർട്ട് പറയുന്നു. ശരാശരി 42500 പേരാണ് പ്രതിദിനം പിറന്ന നാടും വീടും വിടേണ്ടിവരുന്നത്. 2014-ൽ മാത്രം 1.4 കോടി പേർ അഭയാർത്ഥികളായി. ഓരോ വർഷം കഴിയുന്തോറും അഭയാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയാണ്. 5.95 കോടി അഭയാർത്ഥികളിൽ 1.95 കോടി പേർ സ്വന്തം രാജ്യം വിടേണ്ടി വന്നവരും 3.82 കോടി പേർ രാജ്യത്തിനകത്ത് അഭയാർത്ഥികളായവരുമാണ്. ഏറ്റവും കൂടുതൽ അഭയാർത്ഥികൾ ഉള്ളത് സിറിയായിൽ നിന്നാണ്. 95 ലക്ഷം പേർ. സിറിയായിലെ സംഘർഷങ്ങളിൽ നിന്നുള്ള 16 ലക്ഷം പേർക്ക് അഭയം തുർക്കി നൽകുന്നു. അങ്ങനെ ഏറ്റവും കൂടുതൽ അഭയാർത്ഥികൾക്ക് അഭയം നൽകുന്ന രാജ്യം തുർക്കിയാണ്. നാടുവിടുന്നതിനാൽ മുഖ്യ പങ്കും പശ്ചിമേഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നുമുള്ളവരാണ്. നിരന്തരം യുദ്ധങ്ങളും അക്രമങ്ങളും നടക്കുന്നത് പലായനം ചെയ്യാൻ മുഖ്യകാരണമാണ്. ജീവിക്കാനുള്ള സാഹചര്യങ്ങൾ പരിമിതവും പ്രശ്ന സങ്കീർണവുമായതിനാൽ മറ്റ് പ്രദേശങ്ങളിൽ അഭയം തേടാൻ ഇവർ നിർബന്ധിതരാകുന്നു.

U.N.H.C.R. (United Nations High Commissioner For Refigees) 1950-ൽ സ്ഥാപിതമായ ഏജൻസിയാണ് അഭയാർത്ഥികളുടെ കാര്യങ്ങളിൽ ഇടപെടുന്ന ഈ സംഘടനയുടെ ആസ്ഥാനം സ്വിറ്റ്സർലണ്ടിലെ ജനീവയാണ്. 1954, 1981 എന്നീ വർഷങ്ങളിൽ സമാധാനത്തിനുള്ള നോബൽ പുരസ്ക്കാരം ഇത് നേടി.

മതം, വർഗ്ഗം, ദേശീയത, തുടങ്ങിയ കാരണങ്ങളാൽ മറ്റൊരു രാജ്യത്തോ, പ്രദേശത്തോ അഭയം തേടുന്നവരെയാണ് അഭയാർത്ഥികൾ എന്നു പറയുന്നത്.

"Refugess are people who are outside their country or nationality and are unwilling or unable to return because of a well-founded fear of persecution for reasons of race, religion, nationality, membership of a particular social group or political opinion".

(Article 1, Chapter 1, UNHCR, 1951 Convention).

തുർക്കി, പാകിസ്ഥാൻ, ഇറാൻ, ജർമ്മനി, ലബനോൻ, യു.എസ്.എ. റഷ്യ തുടങ്ങിയ രാജ്യങ്ങളാണ് ഏറ്റവും കൂടുതൽ അഭയാർത്ഥികളെ പാർപ്പിച്ചിരിക്കുന്നത്. അഭയാർത്ഥികളുടെ കുടിയേറ്റം അക്ഷരാർത്ഥത്തിൽ പലായനമാണ്. ഈ യാത്രയ്ക്കിടയിൽ മരിച്ചു വീഴുകയോ ജീവിക്കുകയോ ചെയ്താൽ ഒരിക്കലും സ്വന്തം ദേശത്തേക്ക് മടങ്ങി വരാനാവാത്ത വിധി ഇവരെ ബാധിക്കുന്നു.

ഈ നൂറ്റാണ്ടിലെ മതമൗലീകതയും വംശീയ അസഹിഷ്ണുതയും ജനങ്ങളെ പോരടിപ്പിക്കുന്നതിൽ മുമ്പിൽ നിൽകുന്നു. പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനം, വികസന കുടിയൊഴിപ്പിക്കൽ എന്നിവയാൽ അഭയാർത്ഥികളാകുന്നവരുടെ കണക്ക് രേഖപ്പെടുത്തിയിട്ടില്ല. ഇറാക്കിലെയും സിറിയായിലെയും കുർദുകളും, ഷിയാകളും, ശ്രീലങ്കയിലെ തമിഴരും, മ്യാൻമാറിലെ റോഹങ്ക്യകളും, ചൈനയിലെ ഉഗയിറു

കളും, ആഭ്യന്തര കലാപങ്ങളാൽ അഭയാർത്ഥികളാകുന്നു. കൊളംബിയ, ദക്ഷിണ സുഡാൻ, യുക്രയിൻ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര തർക്കങ്ങൾ ലക്ഷങ്ങളെയാണ് അഭയാർത്ഥികളാക്കിയത്.

ആന്റണി ഗിഡൻസ് (Antony Giddens) എഴുതിയ Runaway World എന്ന പുസ്തകത്തിൽ അക്രമങ്ങൾ അധീശ ജനങ്ങളുടെ പാരമ്പര്യമാണെന്ന് പറയുന്നു. ഒപ്പം അക്രമങ്ങൾ ആഗോളവത്ക്കരണ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും, മധ്യ-പൂർവ്വ ദേശത്തിന്റെ സാംസ്ക്കാരിക സവിശേഷതകൾ ഈ അനിവാര്യമായ വിധ്വംസകതയ്ക്ക് കാരണമാകുന്നു എന്നും അഭിപ്രായപ്പെടുന്നു.

ലോകത്ത് അഭയാർത്ഥികളാകുന്നവരുടെ എണ്ണം അഞ്ചു കോടിയിലധികമായത് രണ്ടാം ലോകയുദ്ധകാലത്തിനു ശേഷം ആദ്യമായാണ്. എന്നാൽ വർഷം തോറും ഒരു ശതമാനത്തിൽ താഴെ അഭയാർത്ഥികളുടെ പുനരധിവാസം മാത്രമേ സാധ്യമാകുന്നൊള്ളൂ. മ്യാൻമാറിൽ നിന്നും ബംഗ്ലാദേശിൽ നിന്നും പലായനം ചെയ്യുന്ന റോഹങ്ക്യ വംശജരായ മുസ്ലീംങ്ങളുടെ പുനരധിവാസം ഇപ്പോൾ പ്രശ്നസങ്കീർണ്ണമാണ്.

2015-ലെ നേപ്പാളിലെ ഭൂചലനം വിതച്ച കെടുതികളാൽ 80 ലക്ഷം പേരാണ് ദുരിതബാധിതരായത്. വികസനത്തിന്റെ പേരിൽ കുടിയൊഴിക്കപ്പെടുന്നവരുടെ ദുരതകഥകൾ പശ്ചിമബംഗാളിലെ സിംഗൂരും തമിഴ്നാട്ടിലെ കൂടംകുളവും നർമ്മദാ തീരങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു. പരിസ്ഥിതി നാശം മൂലം അഭയാർത്ഥികളാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. കേരളത്തിലെ പാറമടകൾ സൃഷ്ടിച്ച പ്രതിസന്ധിയിൽ അനേകർ പാർപ്പിടങ്ങൾ ഉപേക്ഷിച്ച് പലയിടങ്ങളിൽ കുടിയേറി. ചെങ്ങറയിലെ സമരഭൂമി വിട്ടൊഴിയാതെ കുടിൽകെട്ടി പാർക്കുന്നവർ ഒരർത്ഥത്തിൽ അഭയാർത്ഥികളാണ്. കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധയും ചാലിയാർപ്പുഴയിലെയും പെരിയാറിലെ വിഷമാലിന്യങ്ങളും അനേകരെ അഭയാർത്ഥികളാക്കി. വികസനത്തിന്റെ പേരിൽ, അധികാരം ഉപയോഗിച്ച് ജനങ്ങളെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുമ്പോൾ തദ്ദേശീയരിൽ നിന്നും ഉണ്ടാകുന്ന സ്വാഭാവികഎതിർപ്പ് ഇവിടെയെല്ലാം ദൃശ്യമാണ്. വിഭവങ്ങളുടെ അവകാശത്തെയും പിറന്ന മണ്ണിൽ അഭിമാനത്തോടെ ജീവിക്കാനുള്ള ഇവരുടെ ആഗ്രഹത്തെയും നിരസിക്കാനാവില്ല.

പാലായനം ചെയ്ത് മറ്റൊരിടത്തെത്തിയാൽ സുഖമായി ജീവിക്കാം എന്ന ഉറപ്പ് ഇവർക്ക് നഷ്ടമാകുന്നു. അഭയാർത്ഥിയാകുന്നവർ ശരാശരി 20 വർഷങ്ങൾ സ്ഥിരമായ താമസത്തിലേക്കും സാഹചര്യങ്ങളിലേക്കും എത്താൻ എടുക്കുന്നു എന്ന് കണക്കുകൾ പറയുന്നു. എങ്കിലും പരിമിതമായ സാഹചര്യങ്ങളിലും സമാധാനമായി, അന്തസ്സോടെ ജീവിക്കാൻ കഴിയും എന്ന് ഇവർ കരുതുന്നു. അഭയാർത്ഥികളിൽ കൂടുതൽ ദുരിതമനുഭവിക്കുന്നവർ സ്ത്രീകളും കുട്ടികളുമാണ്. ഗർഭിണികൾ, പിഞ്ചുകുഞ്ഞുങ്ങൾ, വൃദ്ധർ, രോഗികൾ എന്നിവരുടെ സ്ഥിതി ദയനീയമാണ്. യു.എൻ. റിപ്പോർട്ട് പ്രകാരം, അഭയാർത്ഥികളിൽ പകുതിയിലധികം കുട്ടികളാണ്.

സ്ത്രീകൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നു. ഭർത്താവ് തൊഴിൽ രഹിതരാകുന്നതോടെ കുടുംബം പുലർത്താനുള്ള ദൗത്യം സ്ത്രീക്കാകുന്നു. നിത്യ ചിലവിനു വകയില്ലാത്തതിനാലും സുരക്ഷിതത്വം ഉറപ്പില്ലാത്തതിനാലും പെൺകുട്ടികളെ പ്രായപൂർത്തിയാക്കുന്നതിനു മുമ്പേ വിവാഹം ചെയ്തയക്കാൻ മാതാപിതാക്കൾ നിർബന്ധിതരാകുന്നു. സ്ത്രീകൾക്ക് നേരെ നടക്കുന്ന അക്രമങ്ങൾക്കു, നിയമപരമായ സംരക്ഷണം (നിയമ പരിരക്ഷ) ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ നിശബ്ദരായിരിക്കാൻ മാത്രമേ ഇവർക്കു കഴിയുന്നൊള്ളൂ. ഇത്തരം ചൂഷണങ്ങളുടെ സ്ഥിതിവിവര കണക്കുകൾ ഇതിനാൽ ലഭ്യമല്ല. സിറിയയിലും ദക്ഷിണ സുഡാനിലും നൈജീരിയായിലും ബന്ധിതരാകുന്ന സ്ത്രീകളെ കച്ചവടം ചെയ്തതായി റിപ്പോർട്ടുണ്ട്. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ അഭയാർത്ഥി സംഘത്തോടൊപ്പം സഞ്ചരിക്കുന്നു. ആയിരക്കണക്കിനു കുട്ടികൾ അവരുടെ രക്ഷിതാക്കളെ കണ്ടുപിടിക്കാനാവാതെ വിഷമിക്കുന്നു. ഒപ്പം വൈദ്യസഹായം ലഭിക്കാൻ പരിമിതിയുള്ളതിനാൽ, പ്രതിരോധ കുത്തിവയ്പ്പും, രോഗകാല പരിചരണവും ലഭിക്കാത്ത കുട്ടികൾ നിത്യരോഗികളായി മാറാനുള്ള സാധ്യതയുമുണ്ട്.

കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു സൗകര്യങ്ങളില്ലാത്തതിനാൽ ഭാവി വഴിയൊരുക്കപ്പെടുന്നു. തുടർ വിദ്യാഭ്യാസത്തിനും മൂല്യങ്ങളുടെ പരിശീലനത്തിനും മാർഗ്ഗങ്ങളില്ലാത്തതിനാൽ അരക്ഷിതമായ ഭാവിയാണ് ഈ കുട്ടികൾക്കുള്ളത്. മാനസികവും ശാരീരികവുമായ സംഘർഷങ്ങൾ, നാണക്കേട്, പൊതുസമൂഹത്തിൽ നിന്നുള്ള പിൻവാങ്ങൽ എന്നിവ അഭയാർത്ഥികളുടെ ജീവിതത്തെ വിടാതെ പിൻതുടരുന്നു. ദുർഘടമായ പരിതസ്ഥിതിയിൽ ജീവിക്കുന്നതിനാൽ കൂടുതൽപേരും രോഗികളാകുന്നു. മലീമസമായ സാഹചര്യങ്ങളിൽ പകർച്ച വ്യാധികൾ അതി

**ഇന്ത്യ അഭയാർത്ഥികളെ സ്വീകരിക്കുന്നതും അവർക്ക് പരമാവധി സഹായം എത്തിക്കുന്നതുമായ രാജ്യമാണ്. എന്നാലും ഇന്ത്യൻ ജനത അത് പൂർണമായി സ്വീകരിക്കുന്നതിന് തയ്യാറാകുന്നില്ല.**



വേഗം വ്യാപിക്കുന്നു. ആശുപത്രികളും അനാഥാലയങ്ങളും യുദ്ധത്തിൽ അക്രമിക്കപ്പെടുന്നുണ്ട്. ഇത് വൈദ്യസഹായം ലഭിക്കാൻ തടസ്സമുണ്ടാക്കുന്നു. ഭക്ഷണവും വെള്ളവും മരുന്നും ദുർലഭമാണ്. മാനസിക സമ്മർദ്ദവും സുരക്ഷിതത്വമില്ലായ്മയും ഗർഭിണികളെ സാരമായി ബാധിക്കുന്നുണ്ട്. ജീവിത സാഹചര്യങ്ങളോട് പ്രതികരിക്കാനുള്ള മനസുകൂടി നഷ്ടപ്പെട്ട് ആരെ വിശ്വസിക്കണം, എവിടെ അഭയം പ്രാപിക്കണം എന്നറിയാതെ വലയുന്നവരുടെ മുഖത്ത് അനിശ്ചിതത്വത്തിന്റെ പുക മഞ്ഞ് തെളിയുന്നു.

ദുർഘടമായ സാഹചര്യങ്ങളാൽ യഥാർത്ഥ സംഭവങ്ങൾ ബാഹ്യലോകത്തെ അറിയിക്കുന്നതിൽ മാധ്യമങ്ങൾക്ക് പരിമിതിയുണ്ട്. യുദ്ധരംഗത്തെ മനുഷ്യത്വ ദ്രോഹങ്ങളുടെ കഥകൾ പറയാൻ യുദ്ധരംഗത്ത് ആരുമില്ല. ആക്രമണം മൂലം എല്ലാത്തരം പത്രപ്രവർത്തനങ്ങളും സെൻസർഷിപ്പിനു വിധേയമാകുന്നു. ദുസ്സഹമായ ജീവിത സാഹചര്യങ്ങളിൽ വലയുന്ന അഭയാർത്ഥികളെ കുറിച്ച് പരിമിതമായ വിവരം മാത്രമേ പുറംലോകം അറിയുന്നൊള്ളു. ഭരണകൂടവും എതിരാളികളും സത്യത്തെ മറച്ചു വയ്ക്കുന്നു. ചരിത്രത്തെ വളച്ചൊടിക്കാനായി സ്വാതന്ത്ര്യത്തോടുള്ള മാധ്യമപ്രവർത്തനത്തെ അനുവദിക്കാറില്ല. ഇതിനാൽ അഭയാർത്ഥികളുടെ പ്രശ്നങ്ങൾ എന്തെന്ന് വിലയിരുത്തൽ ഒരിക്കലും വസ്തുനിഷ്ഠമാവില്ല. "ദേശം നഷ്ടപ്പെട്ടവരുടെ മുഖങ്ങൾ" ഒരിക്കലും ലോകത്തിനു മുമ്പിൽ ഇതിനാൽ സുതാര്യമാകുന്നില്ല. എങ്കിലും ദുരന്തത്തിന്റെ ക്രൂരമുഖം തൊട്ടറിയാൻ സിനിമകൾ, ഡോക്യുമെന്ററികൾ, പുസ്തകങ്ങൾ എന്നിവ ഇറങ്ങുന്നുണ്ട്. ദുരന്തമേഖലകളിലെ അഭയാർത്ഥികളുടെ ദൃശ്യങ്ങൾ കാഴ്ചക്കാരന് വേദനയുണ്ടാക്കുന്നതാണ്.

അഭയാർത്ഥികളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന പ്രധാന സംഘടന UNHCR ആണ്. ഒപ്പം Redcross, Amnesty, വിവിധ സഭാസംഘടനകൾ, NGO, സന്നദ്ധസേവകർ എന്നിവരും ഇവർക്കായി പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര സംഘടനകൾ അഭയാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണകൂടങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഒപ്പം അഭയാർത്ഥികളുടെ അവകാശങ്ങൾക്കും, ക്ഷേമത്തിനും, അഭയം നൽകുന്നതിനും, സുരക്ഷിതമായ കേന്ദ്രത്തിൽ പുനരധിവസിപ്പിക്കുന്നതിനും ഇവ യത്നിക്കുന്നു. അഭയാർത്ഥികളായി വരുന്നവരോട് ചില രാജ്യങ്ങൾ നിഷേധാത്മക നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. പെർമിറ്റ് നൽകി, രാജ്യത്ത് വസിക്കാൻ അനുവാദം നൽകുന്നത് രാജ്യത്തെ ഭരണകൂടത്തിന്റെ താത്പര്യമനുസരിച്ചാണ്. എന്നാൽ തിരിച്ചറിയൽ രേഖകൾ പോലും കൈയിലില്ലാത്ത അഭയാർത്ഥികൾ രാജ്യസുരക്ഷയുടെ പേരിൽ ഭീകരവാദികളായി മുദ്രകുത്തപ്പെടുന്നുണ്ട്. ഇത് മടങ്ങിവരവും സ്ഥിരതാമസവും ബുദ്ധിമുട്ടിലാക്കുന്നു.

ഇന്ത്യ അഭയാർത്ഥികളെ സ്വീകരിക്കുന്നതും അവർക്ക് പരമാവധി സഹായം എത്തിക്കുന്നതുമായ രാജ്യമാണ്. എന്നാലും ഇന്ത്യൻ ജനത അത് പൂർണമായി സ്വീകരിക്കുന്നതിന് തയ്യാറാകുന്നില്ല. ശ്രീലങ്കയിൽ നിന്നും പലായനം ചെയ്ത തമിഴ് വംശജരെയും, ബംഗ്ലാദേശിൽ നിന്നും വിഭജനകാലത്തും തുടർന്നും കുടിയേറിവരെയും അന്യദേശവാസികളായിട്ടാണ് കരുതുന്നത്. ഇവർ അക്രമിച്ചു കടന്ന വിദേശീയരാണെന്ന ധാരണ പലരും ഉയർത്തുന്നു. അവരെ എല്ലാ വിധത്തിലും ചൂഷണം ചെയ്യുന്ന നിലപാടാണ് ചുറ്റുപാടുകളിൽ നിന്നും ഉണ്ടാകുന്നത്.

അഭയാർത്ഥികളോടുള്ള സമീപനത്തെ സംബന്ധിച്ച് മാനദണ്ഡങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. എങ്കിലും കാര്യമായ ഫലസിദ്ധിയില്ല. (eg: sexual violence Against refugees: Guidelines on prevention and Response, Geneva: UNHCR, 1995). പുനരധിവാസത്തിനു വളരെ സമയമെടുക്കുകയും, ഒപ്പം പൊതുഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ തുടങ്ങിയവ അപ്രാപ്യമാവുകയും ചെയ്യുന്നത് ജനങ്ങളെ ദുരിതത്തിലാക്കുന്നു. തികച്ചും വിഭിന്ന സാഹചര്യം, ഭാഷ, കാലാവസ്ഥ, എന്നിവ നേരിടാൻ ഇവർ അശക്തരാണ്. സർക്കാർ വാഗ്ദാനങ്ങൾ കടലാസിലും നയരേഖകളിലും ഒതുങ്ങിയപ്പോൾ, അപരിചിത്വം സമ്മാനിക്കുന്ന ദുരിതങ്ങൾ ഇവർക്കു നിരന്തര യാഥാർത്ഥ്യമാകുന്നു.

അഭയാർത്ഥികളുടെ മധ്യേ ശ്രദ്ധേയമായ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്കായിട്ടുണ്ട്. ലത്തൂർ, ഗുജറാത്ത്, നേപ്പാൾ, ഹെയ്തി എന്നിവിടങ്ങളിലെ ഭൂകമ്പത്തിന്റെയും ഒറീസയിലെ പ്രളയത്തിന്റെയും, 2004-ലെ സുനാമി ദുരന്തത്തിന്റെയും സമയത്ത് സഭ ഉണർന്ന് പ്രവർത്തിച്ചു. ഉത്തരാഖണ്ഡിലെ പ്രളയബാധിതരെ സഹായിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ പൂർത്തീകരണത്തിലേക്കെത്തുന്നു. ഗൾഫ് മേഖലയിലെ പള്ളികൾ സിറിയൻ അഭയാർത്ഥികളെ സഹായിക്കാൻ കൈതാങ്ങൽ നൽകിയിരുന്നു.

ആഗോള തലത്തിൽ സഭകളുടെ ഐക്യം അഭയാർത്ഥികളെ സഹായിക്കുന്നതിന് അനിവാര്യമാണ്. സഭാംഗങ്ങളായ അഭയാർത്ഥികളെ അറിയുകയും അവർക്കാവശ്യമായ സഹായം നൽകുകയും ചെയ്യണം. കിടപ്പാടം നഷ്ടപ്പെട്ടവർ, അഭയാർത്ഥികൾ എന്നിവരുടെ കാര്യത്തിൽ കൂടുതൽ താത്പര്യം അനിവാര്യമാണ്. അഭിയാർത്ഥികളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്താനും ധാർമ്മിക പിന്തുണ നൽകാനും സഭയ്ക്ക് കടമയുണ്ട്.

### ഭാവിയിലേക്ക്

ലാലോ ഖാദിവിയുടെ ദ വാക്കിങ് എന്ന നോവലിൽ അമേരിക്കയിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന ഇറാൻകാരായ രണ്ട് സഹോദരങ്ങളുടെ കഥ പറയുന്നു. മേൽവിലാസം നഷ്ടപ്പെടുന്ന അഭയാർത്ഥികളെ കാത്തിരിക്കുന്ന ഒടുങ്ങാത്ത യാതനകൾ ഈ നോവലിൽ വിവരിക്കുന്നു. എഴുത്തുകാരി പറയുന്നു... "ഓർമ്മകൾ കെട്ടുകഥകളാകുന്നു. ഭൂതകാലത്തുനിന്നുള്ള



കഥകൾ അടിസ്ഥാനമില്ലാത്ത രേഖക ളായി അപ്രത്യക്ഷമാകുന്നു. പ്രത്യാശ നഷ്ടമായ ഈ അഭയാർത്ഥികൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ജനിച്ചു, വളർന്ന മണ്ണിന്റെ അതിർത്തികൾ അവർക്ക് അപരിചിതമാകുന്നു." പ്രീയ പ്പെട്ടവരുടെയും ബന്ധുക്കളുടെയും സ്നേഹിതരുടെയും ചോരവീണ ദേശത്ത് നിന്ന് അകലങ്ങളിലേക്ക് ആശങ്കയോടെ കടന്നുപോകുന്ന ഇവരെ വിസ്മരിക്കാനാ വില്ല.

ഭൂതകാലത്തെ നന്മനിറഞ്ഞ കാര്യ ങ്ങൾ ഓർത്ത്, ശാന്തമായ ഭാവിയെ പ്രതീക്ഷിച്ച്, തങ്ങൾക്കു ലഭിച്ച താത്കാ ലിക വാസസ്ഥലങ്ങളിൽ ഇവർ തൃപ്ത രാകുന്നു. അതി ജീവന ഭീഷണിയിൽ നിന്നും ഇവർ കരകയറണമെങ്കിൽ നിശ്ച യദാർഢ്യവും സാമൂഹിക സുസ്ഥിര തയും പകരാൻ കഴിയണം. ജീവൻ നില നിർത്തുവാൻ നടത്തുന്ന സഹന സമര ങ്ങൾക്കും അതിജീവന പ്രവർത്തന ങ്ങൾക്കും കൈതാങ്ങൽ നാം നൽകണം. പ്രതികാരത്തിനു തീകൊളുത്തുന്ന മാന സികാവസ്ഥയിലാണ് അഭയാർത്ഥിക ളിൽ ഒരു കൂട്ടം ജീവിക്കുന്നത്. തങ്ങൾക്ക് നഷ്ടമായ വസന്തകാലത്തെ തിരികെ ലഭിക്കാൻ ഇവർ എതിർപ്പിന്റെ സ്വര ങ്ങളെ താലോലിക്കുന്നത് സ്വഭാവികമാ ണ്. അഭയാർത്ഥികൾ അഭിമുഖീകരി ക്കുന്ന സ്വത്വപ്രതിസന്ധി. സമാധാനാ ന്തരീക്ഷം കൈവരിക്കുന്നതിനും അവ രുടെ മധ്യേ നടത്തുന്ന പ്രവർത്തന ങ്ങൾക്കും വെല്ലുവിളിയാണ്.

ചുറ്റും നിരന്തരം അരങ്ങേറുന്ന കൊടും ക്രൂരതകൾക്ക് നിശബ്ദ സാക്ഷി കളായി ജീവിക്കുന്ന കുട്ടികൾക്ക് ദിശാ ബോധം പകരേണ്ടത് അനിവാര്യമാണ്. വേരില്ലാതെ അലയാൻ വിധിക്കപ്പെട്ട ഇവർക്ക് പ്രത്യേക കരുതലും സംരക്ഷ ണവും അനിവാര്യമാണ്. മുൻതലമുറ ഉത്കണ്ഠയോടെ യാത്ര ചെയ്യുമ്പോൾ, പുതുതലമുറയ്ക്ക് ദിശാബോധം നൽകി സമൂഹത്തിന്റെ ശോഭനമായ ഭാവിക്ക് ഉപ യോഗിക്കാനാകണം. ശുദ്ധജലം, ഭക്ഷണം, പാർപ്പിടം, വൈദ്യസഹായം എന്നിവ അഭ യാർത്ഥികൾക്ക് ലഭ്യമാക്കണം. സാമൂഹ്യ നീതിയും, നിയമ പരിരക്ഷയും നൽകാ നാകണം. മനുഷ്യാവകാശ ലംഘനങ്ങൾ അനുഭവിക്കുന്ന ഇവരിൽ പലരും നിശബ്ദ ജീവിതം തിരഞ്ഞെടുക്കുകയാ ണ്. കൗൺസലിംഗും, ബോധന പ്രക്രി യയും അഭയാർത്ഥികൾക്ക് അനിവാര്യമാ ണ്. 'മുഖം നഷ്ടമായ' ഇവരുടെ അതി ജീവന യത്നത്തിൽ നമുക്കു പങ്കുകാ രാവാം. ■

# സത്യം കുഴിച്ചു മൂടപ്പെടുകയില്ല

## പരിശുദ്ധ കാതോലിക്കാ ബാവാ

**ചേലക്കര:** സത്യത്തെ എത്ര ആഴത്തിൽ കുഴിച്ചുമൂടിയാലും ഒരുനാൾ ഉയർത്തെഴുന്നേൽക്കുമെന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യ ക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ പറഞ്ഞു. പള്ളിത്തർക്കത്തിൽ അറസ്റ്റ് വരിക്കുകയും, തുടർന്ന് ജയിൽ മോചിതരാവുകയും ചെയ്ത ഓർത്തഡോക്സ് സഭ പള്ളി വികാരി കെ. പി. ഐസക് ഉൾപ്പെടെയുള്ള 32 പേർക്ക് നടന്ന സ്വീകരണ സമ്മേളന ത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പള്ളിത്തർക്കത്തിൽ ആർ.ഡി.ഒ. ഏകപക്ഷീയമായാണ് നടപടി സ്വീക രിച്ചത്. ഓർത്തഡോക്സ് സഭയുടെ വാദം കേൾക്കാനുള്ള സാവകാശം കാണി ച്ചില്ല. 1934-ലെ ഭരണഘടനയുടെ പ്രധാന്യം മനസ്സിലാക്കി പള്ളിത്തർക്ക ത്തിൽ നിന്ന് യാക്കോബായ വിഭാഗം പിന്മാറണമെന്ന് അദ്ദേഹം അഭിപ്രായ പ്പെട്ടു. കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. ഗീവർഗീസ് തോലത്ത് അധ്യക്ഷം വഹിച്ചു. ഫാ. പത്രോസ് ജി. പുലിക്കോട്ടിൽ, ഫാ. പി.വൈ. ജെസ്സൻ തുടങ്ങി വിവിധ ഭദ്രാസനങ്ങളിൽ നിന്ന് നിരവധി വൈദികരാണ് എത്തിച്ചേർന്നത്.

## ഭവന നിർമ്മാണം അപേക്ഷ ക്ഷണിക്കുന്നു

**കോഴിക്കോട്:** കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ സഹകരണ ത്തോടെ ('ഗൃഹശ്രീ' ഭവന നിർമ്മാണ പദ്ധതി) ഡോ. സഖറിയാ മാർ തെയോ ഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഭവന രഹിതരായ സഭാംഗങ്ങ ളിൽ നിന്നും ഭവന നിർമ്മാണ സഹായത്തിനായി അപേക്ഷകൾ ക്ഷണി ക്കുന്നു. അപേക്ഷകർ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും മറ്റ് ബാദ്ധ്യത കളൊന്നുമില്ലാത്ത സ്വന്തമായി 5 സെന്റ് ഭൂമിയെങ്കിലും ഉള്ളവരായിരിക്കണം. കൂടാതെ അപേക്ഷകർ ഒരു ലക്ഷം രൂപ നിക്ഷേപിയ്ക്കുകയും ചെയ്യണം. അപേക്ഷകന്റെ ഒരു ലക്ഷം രൂപായോടൊപ്പം ഭദ്രാസനത്തിൽ നിന്നും ഒരു ലക്ഷം രൂപായും ഹൗസിംഗ് ബോർഡിൽ നിന്നും രണ്ട് ലക്ഷം രൂപയും ലഭിക്കും. തെരഞ്ഞെടുക്കപ്പെടുന്ന അർഹരായവരുടെ അപേക്ഷകളിന്മേൽ ഹൗസിംഗ് ബോർഡിൽ നിന്നും ആവശ്യമായ പരിശോധന നടത്തി അംഗീ കരിക്കുന്ന മുറയ്ക്ക് അഞ്ച് ഗഡുക്കളായി തുക നൽകും. **ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയുടെ** അപേക്ഷകൾക്കും നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കായി

Manager, Mount Hermon Aramana,
N.I.T. Campus P.O., Kozhikkode-673601
(Phone: 0495 2289278)

എന്ന വിലാസത്തിൽ ബന്ധപ്പെടണം.


For Favours Received



Johnson & Family

ആരോഗ്യം-2



# അനൗചിത്യങ്ങളാൽ രോഗാതുരനാകുന്ന മലയാളി

■ ഡോ. ഖദീജ മുംതാസ്


### കുടുംബഡോക്ടർ ഇന്നെവിടെ?

പഴയ ഫാമിലി ഡോക്ടർ സംവിധാനം താറുമാറായതിനു പിന്നിൽ എന്തിനും ഏതിനും സ്പെഷ്യലിസ്റ്റ ഡോക്ടർമാരെ തേടിപ്പോകുന്ന മലയാളികളുടെ മനോഘടനയും കാരണമാകുന്നുണ്ട്. ഡോക്ടർമാരോടുള്ള വിശ്വാസ കുറവു പോലെ തന്നെ സ്വന്തം ശരീരത്തേയും മലയാളിക്ക് വിശ്വാസമില്ല. പത്തിമടക്കി കിടന്നേക്കാവുന്ന ഭീകര രോഗത്തെപ്പറ്റിയുള്ള ഭീതി, തലവേദന വന്നാലും ന്യൂറോളജിസ്റ്റിനെ തേടി പോകാൻ അവനെ പ്രേരിപ്പിക്കുന്നു. വൃഷണത്തിലെ വീക്കത്തിന് നെഫ്രോളജിസ്റ്റിനെ തേടിപ്പോയ ആളുകളുടെ കഥ പ്രീയപ്പെട്ട പ്രഫസർ എഴുതിയിരിക്കുന്നു. ഇംഗ്ലീഷീകരിച്ച നാട്ടുഭാഷയിൽ വൃക്ഷണത്തെ കിഡ്നി എന്നു വിളിക്കാറുണ്ടത്രേ! സ്വയം ചികിത്സയ്ക്ക് മടിക്കാത്ത ആത്മവിശ്വാസക്കാരും ധാരാളമായുണ്ടെന്നുള്ളത് മറ്റൊരു വൈരുധ്യം. 'ഗ്യാസും അസിഡിറ്റിയുമില്ലാത്ത മലയാളികൾ ചുരുങ്ങുമല്ലൊ. ഹാർട്ട് അറ്റാക്കിന്റെ വേദനയെ ഗ്യാസാക്കി ന്യൂനീകരിച്ച് അപകടത്തിൽ ചാടിയവർ ഏറെ.

### കിഡ്നി രോഗികൾ

എന്തേ ഇത്ര അധികം വൃക്ക രോഗികൾ കേരളത്തിൽ? എത്ര വൃക്കമാറ്റിവയ്ക്കൽ കഥകളാണ് നമുക്ക് ചുറ്റും! ആഴ്ചയിൽ ഒന്നും രണ്ടും വട്ടം ഡയാലിസിസ് നടത്തി ജീവൻ പിടിച്ചു നിർത്തുന്നതിൽ ചെറുപ്പക്കാരും ഉണ്ട്. പൊതുജനസംരംഭങ്ങളായി പഞ്ചായത്ത് -കോർപ്പറേഷൻ തലത്തിലും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലും എത്ര എത്ര ഡയാലിസിസ് സെന്ററുകളാണ് കേരളത്തിൽ! പ്രധാന വില്ലൻ ഒരു പക്ഷെ, പ്രമേഹം തന്നെ. ഇന്ന് വൃദ്ധന്മാരുടെ രോഗങ്ങളെല്ലാം നേരത്തെ എത്തി യുവാക്കളെ കീഴടക്കിക്കൊണ്ടിരിക്കയാണല്ലോ. ഐസ്ക്രീമും പുഡ്ഡിംഗുമടങ്ങിയ വിഭവ സമൃദ്ധ വിരുന്നുകൾക്ക് മുമ്പ്, അര ഗുളിക കൂട്ടി കഴിച്ച് തയ്യാറെടുപ്പ് നടത്തുന്ന വിധത്തിലാണ് ഡയബറ്റിക് രോഗികളുടെ പ്രമേഹ നിയന്ത്രണം. ഒരിത്തിരി പഞ്ചസാര കൂടി നിൽക്കുന്നതുകൊണ്ട് എന്ത് കുഴപ്പം വരാനാണ് എന്ന സമീപനമാണ് മറ്റു ചിലർക്ക്. ചിലർ അടിസ്ഥാനമില്ലാത്ത അത്ഭുത മരുന്ന് പരസ്യങ്ങളിൽ വീണ് വഴിതെറ്റിപ്പോകും. നാട്ടുവൈദ്യത്തിലും സമാന്തര ചികിത്സാ രീതികളിലും പ്രമേഹ രോഗ നിയന്ത്രണത്തിനുള്ള ധാരാളം ഉപാധികൾ ഉണ്ടെങ്കിലും, വ്യായാമവും പ്രകൃതി ജീവിനവും രോഗ നിയന്ത്രണത്തിന് സഹായകമെങ്കിലും നിരന്തര നിരീക്ഷണങ്ങളില്ലാതെ എതിലേക്കെങ്കിലും പൂർണ്ണമായി ചായുന്നത് അപകടകരമാകാം. ഒരു ഗൂഢഘാതകൻ (slow killer) തന്നെയാണ് പ്രമേഹം ശരിയായ നിയന്ത്രണമില്ലാതായാൽ പത്തു വർഷത്തിനുള്ളിൽ അത് വൃക്കകൾപോലുള്ള അവയവങ്ങളിൽ പിടി മുറുക്കി കളയും. മസ്തിഷ്കത്തിലേക്കും, ഹൃദയഭിത്തിയിലേക്കും, കാൽവിരലുകളിലേക്കുമുള്ള രക്ത കുഴലുകളെ ചുരുക്കി കളഞ്ഞിരിക്കും. കാഴ്ചയെ ബാധിക്കുന്ന വിധത്തിൽ റെറ്റിന (Retina)യിലെ രക്ത കുഴലുകളിൽ പ്രവർത്തനം തുടങ്ങികാണും. പുകവലിക്കാരൻ കൂടിയാണെങ്കിൽ എല്ലാം അസാധാരണ വേഗതയിലുമായിരിക്കും.

പ്രമേഹം മാത്രമല്ല, ആധുനിക ജീവിതത്തിന്റെ സംഭാവനകളായ ഒട്ടേറെ വിഷവസ്തുക്കൾ ഒളിഞ്ഞും തെളിഞ്ഞും വൃക്കരോഗങ്ങൾക്ക് കാരണമാകാം. ആഹാരത്തിലും അന്തരീക്ഷത്തിലും സൗന്ദര്യ വർദ്ധക വസ്തുക്കളിലും വിഷവസ്തുക്കളും ഇമ്മ്യൂൺ സംവിധാനങ്ങളെ തകിടംമറിക്കുന്ന രാസഘടകങ്ങളും ധാരാളം ഉണ്ട് ഇന്ന്.



### കരൾ രോഗികളുടെ കേരളം

കരൾ രോഗം വന്നാൽ മദ്യപാനി എന്ന് തലകുലുക്കും കേൾക്കുന്നവരൊക്കെ. മദ്യപാന ശീലമില്ലാത്തവർ 'മൈനോറിറ്റി' ആയതിനാൽ ഈ തലകുലുക്കൽ വലിയ തോതിൽ തെറ്റൊന്നുമില്ല. പക്ഷെ, വൃക്കരോഗങ്ങൾ പോലെ തന്നെ കരൾ രോഗങ്ങളിലും വിഷ വസ്തുക്കളും രാസവസ്തുക്കളും വൈറൽ രോഗബാധകളും, സമീകൃതമല്ലാത്ത ആഹാര രീതികളും ഒക്കെ തങ്ങളുടേതായ പങ്കു വഹിക്കുന്നുണ്ട്. കരൾ മാറ്റ ശസ്ത്രക്രീയക്കുവേണ്ടി മരണാസന്നനാകുന്നവരെ കാത്തിരിക്കേണ്ടി വരുന്ന ദുരവസ്ഥയോളം ഖേദകരമായി മറ്റൊന്ന് ഒരു രോഗിക്ക് വരാനില്ല. പ്രീയപ്പെട്ടവർക്ക് മസ്തിഷ്ക മരണം സംഭവിച്ചാൽ അവ

> **രോഗം തുരത്തപ്പെട്ട അവസ്ഥയല്ല ആരോഗ്യം. രോഗത്തെ വിവേകപൂർവ്വം അകറ്റിനിർത്തി മനസ്സും ശരീരവും താളാത്മകമായി ഒരുമയിൽ കഴിയുന്ന സ്വാസ്ഥ്യം എന്ന അവസ്ഥയാണത്.**

യവദാനത്തിന് പ്രചരണം കൊടുക്കാനും സമ്മതപത്രങ്ങൾ ശേഖരിച്ചു വയ്ക്കാനും നാട്ടുകൂട്ടായ്മകളും സജീവം. ഇതിന്റെ ഒക്കെ അപ്പുറം വേവലാതിയുണ്ടാക്കുന്ന മറ്റൊരു കാര്യം ഈ ട്രാൻസ്പ്ലാന്റ് സർജറിയുമായി കുഴഞ്ഞു കിടക്കുന്ന സാമ്പത്തിക ശാസ്ത്രമാണ്. അതു ചില അസ്വാസ്ഥ്യജനകങ്ങളായ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. കരൾമാറ്റ ശസ്ത്രക്രിയ പോലെയുള്ള സങ്കീർണ്ണ ശസ്ത്രക്രിയകളിൽ അധികവും നടക്കുന്നത് മുന്തിയ പ്രൈവറ്റ് ആശുപത്രികളിലാണ്. 30 ഉം 35 ഉം ലക്ഷം സ്വരൂകൂട്ടിയിട്ടാണ് ഒരു കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് അരങ്ങൊരുങ്ങുന്നത്. അതിനുവേണ്ടി നാടും നാട്ടുകാരും ഓട്ടോറിക്ഷക്കാരന്റെ ചിട്ടിക്കാശും ഗൾഫുകാരന്റെ ഇത്തിരി വലിയ തുകയും ഒക്കെ തട്ടിക്കൂട്ടിയൊക്കെയാണ് രോഗിക്ക് കൈത്താങ്ങാകുന്നത്. അപകടത്തിൽപ്പെടുന്ന, പലപ്പോഴും ഭാവി വാഗ്ദാനം തന്നെയാകുമായിരുന്ന ഒരു ചെറുപ്പക്കാരന്റെ മാതാപിതാക്കളുടെ അസാമാന്യമായ കരുണയുടേയും സ്ഥൈര്യത്തിന്റേയും കൂടി അകമ്പടിയുള്ള സംരംഭങ്ങളിലെങ്കിലും 'ക്യാപിറ്റൽ മണി'യിൽ അല്പമെങ്കിൽ കുറവു വരുത്താൻ ആശുപത്രിക്കാർ തയ്യാറാകാറുണ്ടോ? ഇങ്ങനെ ഇങ്ങനെ കാര്യങ്ങൾ നടന്നു പോകുമ്പോൾ ഒരുനാൾ, അപകടത്തിൽ പെടുന്ന ഒരു ചെറുപ്പക്കാരന്റെ, അല്പം കൂടി ശ്രമിച്ചിരുന്നെങ്കിലും ക്ഷമിച്ചിരുന്നെങ്കിലും രക്ഷപ്പെടുത്തമായിരുന്ന ജീവൻ അന്യായമായി ഊതിക്കെടുത്തപ്പെടാൻ സാദ്ധ്യതയുണ്ടോ? അവന്റെ വൃക്കകളിലും കരളിലും കണ്ണുകളിലുമൊക്കെ കഴുകൻ കണ്ണുകൾ പാറി നടന്നേക്കുമൊ? പണമെന്ന ആസുരശക്തി ഏതെല്ലാം വിചിത്ര രീതിയിലൊക്കെയാണ് മനുഷ്യനെ ആവേശിക്കാറ് എന്നാലോചിക്കുമ്പോൾ ഒന്നും ആശാസ്യമല്ല.

സ്ത്രീ ആരോഗ്യത്തിന്റെ മേഖലയെടുത്താൽ അനാവശ്യമായ സിസേറിയൻ ശസ്ത്രക്രിയകളും ഗർഭപാത്രം നീക്കം ചെയ്യൽ ശസ്ത്രക്രിയകളും ആഘോഷമായി നടത്തപ്പെടുന്നതിനെപ്പറ്റി പറയാതിരിക്കാനാവില്ല. ഡോക്ടർമാരുടെ മാത്രമല്ല, ചികിത്സിക്കപ്പെടുന്നവരുടെ കൂടി ചിന്താരീതികളിൽ വന്ന മാറ്റങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. ലാഭത്വരമാത്രമല്ല, ചികിത്സിക്കപ്പെടുന്നവരുണ്ടാക്കാവുന്ന ലീഗൽ പ്രശ്നങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ സ്ത്രീക്കും കുഞ്ഞിനും താല്ക്കാലികമായെങ്കിലും സുരക്ഷിതമായ സിസേറിയൻ പ്രസവരീതിയിലേക്ക് ഡോക്ടർമാർ പെട്ടെന്ന് ചായാൻ ഇടവരുന്നു. അമ്മയും ഹാപ്പി, ഡോക്ടറും ഹാപ്പി, ആശുപത്രി ഏറെ ഹാപ്പി! നിരുപദ്രവങ്ങളായ ചെറു ഫൈബ്രോയിഡ് മുഴകൾക്കും മറ്റും അടിയന്തിര ശസ്ത്രക്രിയ നിർദ്ദേശിക്കുമ്പോൾ സ്വകാര്യ ഡോക്ടറുടെ കണ്ണ് സാമ്പത്തിക ലാഭത്തിൽ മാത്രമാണെങ്കിൽ ഉപയോഗം കഴിഞ്ഞവയൊക്കെ ചെത്തിക്കളഞ്ഞ് 'സേഫാ' വാനുള്ള ത്വര ചില സ്ത്രീകളിലെങ്കിലും സജീവമാണെന്നും പറയാതെവയ്യ. സർജറി ലാപറോസ്കോപ്പി വഴിയാണെങ്കിൽ ഏറെ നന്ന് എന്നും അവർക്കുണ്ട് പണം അല്പം കൂടിയാൽ എന്താ. നന്നേ ചെറിയൊരു പുറം മുറിവുമായി രണ്ടാം നാൾ വീട്ടിൽ പോകാമല്ലോ!.

ഇൻഫർട്ടിലിറ്റി ചികിത്സ കേന്ദ്രങ്ങൾ ഇന്ന് കോഫീ ഷോപ്പുകൾ പോലെ മുളച്ചു വന്നുകൊണ്ടിരിക്കുന്നു. ആളെ പിടിക്കാൻ 'മണി ബാക്ക് സ്കീമുകൾ' വരെ അവർ പരസ്യം ചെയ്യുന്നു. അനിവാര്യമായ കാരണങ്ങളാൽ ആധുനിക ഇൻഫർട്ടിലിറ്റി ചികിത്സ അവലംബിക്കേണ്ടിവരുന്ന ചെറിയ ശതമാനത്തെ ഒഴിച്ചു നിർത്തിയാൽ ബാക്കിയുള്ളവർ സൗകര്യത്തിന്റെയും സമയ ലാഭത്തിന്റെയും പേരിൽ അവിടെ എത്തുന്നവരാകാം. ഇത്തരം സെന്ററുകളോട് അനുബന്ധിച്ച് ഉണ്ടാകാവുന്ന ആശാസ്യമല്ലാത്ത ചില പ്രവണതകൾ ഇത് പൊതു സമൂഹത്തിന്റെ കൂടി ഉത്കണ്ഠകളാണല്ലൊ.

### സാന്ത്വന ചികിത്സ

കേരളീയ പൊതു സമൂഹത്തിന്റെ ഏറ്റവും മഹനീയമായ ആരോഗ്യതല ഇടപെടൽ പാലിയേറ്റീവ് കെയർ രംഗത്ത് തന്നെ ആയിരിക്കണം. അതു പൊതു ചികിത്സാരംഗം പുറം തള്ളിയ നിസഹായർക്കു വേണ്ടി ആയിരിക്കുന്നതും പ്രസക്തമാണെന്ന് തോന്നുന്നു. ബന്ധുക്കളാലും മടുപ്പോടെ അവഗണിക്കപ്പെടുമായിരുന്ന അനേകായിരങ്ങൾക്ക് മാനസ്സീക ശാരീരിക പരിചരണം നൽകി ലോകം ശ്രദ്ധിക്കുന്ന രോഗീ പരിചരണ പ്രസ്ഥാനമായി വളർന്നരിക്കുന്നു ഇന്ന്. കേരളത്തിലെ പാലിയേറ്റീവ് രംഗം ചെറുപ്പക്കാർക്കും, കോളേജു വിദ്യാർത്ഥികൾക്കും ഇതു നൽകുന്ന മാനസീക സംസ്ക്കരണം അപൂർവ്വങ്ങളിൽ അപൂർവ്വമത്രേ!

### സമാന്തര ചികിത്സാ രീതികളുടെ പ്രസക്തി

വാസ്തവത്തിൽ ആധുനിക വൈദ്യശാസ്ത്രത്തെക്കാൾ മലയാളി മനസ്സു കൊണ്ട് ഇഷ്ടപ്പെടുന്നതും വിശ്വസിക്കുന്നതും പരമ്പരാഗത ചികിത്സാ രീതികളാണെന്ന് തോന്നുന്നു. അവന്റെ വേഗത്തിനും അക്ഷമയ്ക്കും ഒത്തു സഞ്ചരിക്കാൻ കഴിയുന്നതുകൊണ്ടായിരിക്കണം അവൻ മോഡേൺ മെഡിസിനെ ആശ്രയിക്കേണ്ടി വരുന്നത് ദീർഘകാല രോഗങ്ങൾക്ക് മറ്റു ചികിത്സാ രീതികളാണ് നല്ലതെന്ന വിശ്വാസം പണ്ടെ അവനുണ്ട്. ചിലപ്പോഴൊക്കെ അത്ഭുത മരുന്നുകളുടെ പരസ്യങ്ങളിൽ കുടുങ്ങിയാണ് അവയിൽ ചെന്നുപെടുന്നതെങ്കിലും വ്യത്യസ്ത വൈദ്യശാഖകൾ തമ്മിലുള്ള പരസ്പര വൈരവും ഇകഴ്ത്തിപ്പറയലും പൊള്ളയായ അവകാശ വാദങ്ങളും ഏതെങ്കിലും ഒന്നിൽ അന്തമായി വിശ്വസിക്കാനും അതിൽ തന്നെ ഒതുങ്ങി നിൽക്കാനും അവനെ പ്രേരിപ്പിക്കാം. ആധുനിക ചികിത്സാരംഗത്തെ പുതിയ പ്രവണതകളിൽ നിന്നുടലെടുക്കുന്ന അവിശ്വാസവും സമാന്തര ചികിത്സകളിലേക്ക് തിരിയാൻ കാരണമാകുന്നുണ്ടാവാം. വാസ്തവത്തിൽ വിവിധ ശാസ്ത്രശാഖകളുടെ സർഗ്ഗാത്മകമായ സങ്കലനംകൊണ്ട് മനുഷ്യ രാശിക്ക് ഗുണമേ ഉണ്ടാകൂ. രോഗിയുടെ സ്വാസ്ഥ്യമല്ല. ചികിത്സകന്റെ പ്രഥമ പരിഗണന എന്നു വരുമ്പോൾ എല്ലാം തകിടം മറിയുകയും ചെയ്യുന്നു.

രോഗം തുരത്തപ്പെട്ട അവസ്ഥയല്ല ആരോഗ്യം എന്ന് മലയാളി ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. മോഡേൺ മെഡിസിൻ വക്താക്കളുടെ അത്യന്തം നിരുത്തരവാദപരമായ നിലപാട് മാത്രമത്രെ അത്. രോഗത്തെ വിവേകപൂർവ്വം അകറ്റിനിർത്തി മനസ്സും ശരീരവും താളാത്മകമായി ഒരുമയിൽ കഴിയുന്ന സ്വാസ്ഥ്യം എന്ന അവസ്ഥയാണത്. നൂറ്റാണ്ടുകൾക്ക് മുമ്പ് കൺഫ്യൂഷ്യസ് ചൈനക്കാരോട് ഇങ്ങനെ പറഞ്ഞിരുന്നതായി ഓഷോ

*ശേഷം 24-ാം പേജിൽ*

# ആകാശം ഇടിഞ്ഞു വീണാലും നീതി നടപ്പിലാക്കും

## Fiat Justicia, Ruat Caelum



> മടുപ്പിക്കുന്ന കാലതാമസം നമ്മുടെ നിയമ നടപടികളുടെ ഒരു സ്വഭാവമാണ് വ്യവഹാരം ആരംഭിക്കുമ്പോഴുള്ള മൂല്യവും ആവേശവും വ്യവഹാര തീർച്ചയാകുമ്പോൾ ഇല്ലാതാകുന്നു.

■ **അഡ്വ. തോമസ് ഫിലിപ്പ്**
**ചെങ്ങന്നൂർ**

നീതി നടപ്പിലാക്കുന്നതിൽ തീഷ്ണത നിറഞ്ഞ ഈ വാചകം നമ്മുടെ ചില നീതി പീഠങ്ങളോട് ചേർത്ത് എഴുതിയിട്ടുണ്ട്. ഇത് വലിയ ഒരു അനീതിയുമായി ബന്ധപ്പെട്ട് ഉച്ചരിച്ച ശബ്ദമാണ്. ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത് അത് വായിക്കാവുന്നതാണ്.

'കോടതിയിലേക്കോ, നില്ക്കൂ' ഇത് കേരള ഹൈക്കോടതിയിലെ പ്രശസ്തനായ ഒരു അഭിഭാഷകൻ എഴുതിയ പുസ്തകത്തിന്റെ പേരാണ്. ജനങ്ങളുടെ ആഗ്രഹത്തിനും ആവേശത്തിനും തക്കവണ്ണം നമ്മുടെ കോടതികൾക്ക് ഉയരാൻ സാധിക്കുന്നില്ല. ആരെങ്കിലും ചില സത്യങ്ങൾ തുറന്നു പറയണമല്ലോ? സ്ഥാനമാനങ്ങൾ ലഭിച്ചതുമൂലം പ്രതികരണ ശേഷി നഷ്ടപ്പെടാതെ സൗകര്യപൂർവ്വം പ്രതികരണ ശേഷിമാറ്റിവക്കാതെയും കഴിയണമെന്ന് ആഗ്രഹിക്കുന്ന ചുരുക്കം ചിലർ ഉണ്ട്. അതിൽ ഒരാൾ ആണ് അഡ്വ. രാംകുമാർ. അൻപതു കൊല്ലം തന്റെ അഭിഭാഷകവൃത്തിക്കു ശേഷം അദ്ദേഹം എഴുതിയ ചില ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. നിർമ്മലമായ ലക്ഷ്യം മാത്രമേ എനിക്കതിലുള്ളു എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്.

ജീവിതത്തിന്റെ എല്ലാ തുറകളിലും മൂല്യശോഷണവും അപച്യുതിയും അക്രമങ്ങളും നടക്കുന്നു. മഹാത്മജിയുടെ ഈ നാട്ടിൽ രാഷ്ട്രീയം ഒരു കച്ചവടമായി മാറിയിരിക്കുന്നു. മതനേതാക്കൾ, അതിലെ വിഭാഗങ്ങൾ പിളർന്ന് തമ്മിൽ ചെളിവാരി എറിയുന്നു. സ്വത്തുക്കൾക്കും സ്ഥാനമാനങ്ങളുടെ ഉറപ്പിനുമായി കോടതികളെ ശരണം പ്രാപിക്കുന്നു. നിസ്സാരമായ കുടുംബ പ്രശ്നങ്ങൾ ഉന്നയിച്ച് ഭാര്യാഭർത്താക്കന്മാർ കോടതിയിലേക്ക് വരുന്നു. അത് ക്രിമിനൽ കേസുകളാകുന്ന നിസാരപ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നു. കുടുംബങ്ങൾ തമ്മിൽ വഴക്കാകുന്നു; വിവാഹ മോചനത്തിൽ അവസാനിക്കുന്നു. കുടുംബ തകർച്ച ആരോഗ്യമുള്ള ഒരു സമൂഹത്തെയും രാഷ്ട്രത്തെയും കെട്ടിപടുക്കാൻ സഹായിക്കുകയില്ല.

മടുപ്പിക്കുന്ന കാലതാമസം നമ്മുടെ നിയമ നടപടികളുടെ ഒരു സ്വഭാവമാണ് വ്യവഹാരം ആരംഭിക്കുമ്പോഴുള്ള മൂല്യവും ആവേശവും വ്യവഹാര തീർച്ചയാകുമ്പോൾ ഇല്ലാതാകുന്നു. കോടതികളിൽ നിയമവും തെളിവുമാണ് കേസ് തീർപ്പിന്റെ അടിസ്ഥാനം. ക്രിമിനൽ കേസുകളിൽ കൊലപാതക കേസിൽ – കൊല്ലപ്പെട്ടു എന്നു കരുതി കൊലപാതകം ആരോപിച്ച് വിചാരണ നടക്കുമ്പോഴും, തീർപ്പ് കല്പിക്കുമ്പോഴും കൊല്ലപ്പെട്ടു എന്നു കരുതുന്ന ആൾ തിരിച്ച് ജീവനോടെ പ്രത്യക്ഷപ്പെടുന്ന സംഭവം ഉണ്ടായിട്ടുണ്ട്. ശിക്ഷ വിധിച്ച് ആയതു കുറെയൊക്കെ അനുഭവിച്ച് അവസാനം ഉന്നത നീതി പീഠങ്ങൾ അപ്പീലിൽ നിരപരാധിത്വം കണ്ട് വെറുതെ വിടുന്ന സംഭവങ്ങൾ സാധാരണയാണ്. കോടതിയിലേക്ക് കടന്നു ചെന്നാൽ നീതി പൂർണ്ണമായി ലഭിക്കും എന്ന് കരുതുന്നുവെങ്കിൽ അത് ഒട്ടേറെ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും. സാക്ഷികൾ, അന്വേഷണ ഉദ്യോഗ

സ്ഥർ, അഭിഭാഷകർ, ന്യായാധിപന്മാർ തുടങ്ങി ഒട്ടേറെ വ്യക്തികളുടെ സത്യ സന്ധത സ്വഭാവം, നീതി വ്യഗ്രത, യുക്തി, ബുദ്ധി എന്നിവകളെ ആശ്ര യിച്ചിരിക്കും. വ്യവഹാരത്തിനായി മുമ്പോട്ടുപോകുമ്പോൾ ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ ശ്രദ്ധയിൽപെ ടണം. സദൃശവാക്യങ്ങൾ 25;8 'നീ ബന്ധപ്പെട്ട് വ്യവഹാരത്തിന് പുറപ്പെ ടരുത്. അല്ലെങ്കിൽ കൂട്ടുകാരൻ നിന്നെ ലജ്ജിപ്പിച്ചാൽ എന്തു ചെയ്യും. നിന്റെ വഴക്ക് കൂട്ടുകാരനുമായി പറഞ്ഞു തീർക്കുക.'

ആദിമ കാലം മുതൽ തന്നെ കള്ളം പറയുന്ന സാക്ഷികൾ യാതൊരു മാറ്റ വുമില്ലാതെ തുടർന്നുവരുന്നു. പത്തു കല്പനകളിൽ പ്രധാനപ്പെട്ട ഒന്നാണ ല്ലോ. 'കള്ള സാക്ഷ്യം പറയരുത്' എന്നത് കള്ള സാക്ഷ്യം പറയുന്ന വരെ എങ്ങനെ ശിക്ഷിക്കണം എന്ന് ആവർത്തന പുസ്തകം 19; 16-19-ൽ കാണുന്നു. അവൻ സഹോദരന് വരു ത്തുവാൻ നിരൂപിച്ചതുപോലെ അവ നോട് ചെയ്യണം. പുറപ്പാട് 23;1-3, സങ്കീർത്തനം 15-2, 55-23 ഈക്കാര്യം ഓർമ്മിപ്പിക്കുന്നു. അപ്പോക്രിഫായിൽ കള്ള സാക്ഷ്യം പറയുന്ന രണ്ട് ന്യായാ ധിപന്മാരെ പരസ്പരം മാറ്റി നിർത്തി ക്രോസ് വിസ്താരം നടത്തുന്ന രംഗം (അപ്പോക്രിഫാ - ദാനിയേലിന്റെ പുസ്തകം 13-ാം അദ്ധ്യായം; സൂസന്ന യുടെ ഒന്നാം പുസ്തകം) എന്നീ അദ്ധ്യയങ്ങളിൽ വിവരിക്കുന്നു. ചരി ത്രതാളുകളിൽ ഇമ്മാതിരി എത്രയോ സംഭവങ്ങൾ നാം വായിക്കുന്നു. ഇന്നും ഈ സംഗതികൾ തുടർന്നു വരുന്നു. 'അത് അങ്ങ് കോടതിയിൽ പറഞ്ഞാൽ മതി', എന്നുള്ള ആക്രോ ശങ്ങൾ എന്തും ആർക്കും പറയാവുന്ന സ്ഥലങ്ങൾ ആണ് ഇവ എന്ന് തോന്നി പ്പിക്കും. തന്മൂലം കോടതികൾ മാത്രം ശ്രമിച്ചാൽ നീതി നേരേചൊവ്വേ നട ത്തുവാൻ സാദ്ധ്യമല്ല.

സിവിൽ കേസുകൾ വിധിയാകു കയും വിധി നടപ്പിലാക്കുകയും ചെയ്യു ന്നത് ദീർഘമായ നടപടി ക്രമങ്ങളിൽ കൂടിയാണ്. വിധി ലഭിച്ചതിനു ശേഷം കോടതി മൂലം വിധി നടത്താൻ നടപ ടികൾ സ്വീകരിക്കാതെയും കോടതി യിൽ നിന്നും വ്യക്തമായ ഉത്തരവു കൾ വിധിനടത്തിപ്പിനായി കിട്ടാതെയും വരുന്നതുമൂലം, ദീർഘമായ ഒരു കാലം വ്യവഹാരം നടത്തി വിധി സമ്പാദിച്ച തിനു ശേഷം അതിന്റെ ഫലം അനുഭ വിക്കാതെ വ്യർത്ഥഫലങ്ങളായി മാറുന്ന വിധികൾ എത്രയോ ഉണ്ട്. കോടതി മൂലം തന്നെ നടത്തികിട്ടാതെ കോടതിവിധി പരാജയപ്പെടുമ്പോൾ സർക്കാറുകൾക്ക് നേരെ കക്ഷികൾ തിരിയുന്നത് സർവ്വ സാധാരണമാണ്. സർക്കാർകൾക്ക് എതിരെയുള്ള വിധിയും കോടതി മൂലമാണല്ലോ നട ത്തപ്പെടേണ്ടത്.

കോടതി വിധികൾ ഒട്ടേറെകാരണ ങ്ങളാൽ വിമർശന വിധേയമാകുന്നില്ല. കോടതി നടപടി പല ഘടകങ്ങളെ ആശ്രയിച്ച് നില്ക്കുന്നതിനാൽ ദീർഘി ക്കുന്നതിനാലും കേസുകൾ കൂടുന്നതി നാലും ഏവർക്കും തൃപ്തികരമായ നീതി നടപ്പിലാക്കുന്നതിനായി ഒത്ത്തീർപ്പ് കോടതികൾ അതായത് ലീഗൽ സർവ്വീസ് അതോറിറ്റി, മദ്ധ്യ സ്ഥത mediation, കേസുകൾ ഒത്തു തീർപ്പാക്കുക, നമ്മുടെ നിയമ സംവി ധാനം അനുവദിക്കുകയും അതിനുള്ള സൗകര്യം ഒരുക്കിതരുന്നുമുണ്ട്. തർക്കങ്ങൾ പറഞ്ഞു തീർക്കുക എന്നത് പരിഷ്ക്കൃത സമൂഹത്തിന്റെ സ്വഭാവമാണ്. കേന്ദ്ര സർക്കാർ mediation മദ്ധ്യസ്ഥത, ലോക അദാല ത്തുകൾ മറ്റും എല്ലാതലങ്ങളിലും ആവിഷ്ക്കരിച്ചിട്ടുണ്ട്. നിയമം ഉൾപ്പെടെ വിവിധ രംഗങ്ങളിലെ വിദ ഗ്ദ്ധരുടെ സേവനം ജനങ്ങൾക്ക് നീതിപൂർവ്വമായി വ്യവഹാരം അവസാ നിപ്പിക്കുവാൻ ലഭ്യമാക്കുന്നു. തർക്ക ങ്ങൾ ആരംഭിക്കുമ്പോഴും വിധിയായ തിനു ശേഷവും വിധിനടത്തിപ്പിലും ഇവരുടെ സഹായം ലഭിക്കുന്നതാണ്. ഇപ്രകാരം ഉണ്ടാകുന്ന ഒത്തു തീർപ്പ് വ്യവസ്ഥകൾ കോടതി വിധിപോലെ പാലിക്കപ്പെടുകയും കരുതപ്പെടുകയും ചെയ്യുന്നു. ബൈബിളിൽ വി. പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ 'ഐഹിക കാര്യങ്ങളിൽ തീരുമാനം എടുക്കുവാൻ നിങ്ങൾ പരാ ജയപ്പെടുന്നത് ലജ്ജാകരമാണ്. സഹോദരന്മാർക്ക് മദ്ധ്യേ കാര്യം തീർക്കുവാൻ പ്രാപ്തിയുള്ള ജ്ഞാനി ആരുമില്ലേ ? എന്ന ചോദ്യം ഈ കാല ഘട്ടത്തിന്റെയും കൂടെയാണ്'.

ബോധപൂർവ്വമായി അതായത് Mensrea ഉള്ള ഗൗരവമായ ക്രമിനൽ കുറ്റകൃത്യങ്ങൾ ഒത്തുതീർപ്പാക്കുന്നതി നോട് തത്ത്വത്തിൽ യോജിക്കുവാൻ സാദ്ധ്യമല്ല. ബലാത്സംഗം പോലുള്ള കുറ്റകൃത്യം ഒരു കാരണവശാലും ഒത്തുതീർപ്പാക്കുന്നത് ശരിയല്ല എന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സിവിൾ കേസുകൾ, മന:പൂർവ്വമല്ലാത്തത് Mensrea എന്ന ഘടകം ഇല്ലാത്തതുമായ ക്രിമിനൽ കേസുകളുടെ സ്ഥിതി മറ്റൊന്നാണ്. കൈക്കൂലിയും ഒരു ഗൗരവമായ കുറ്റ മായി കണക്കാക്കണം. കേസുകളിൽ നീതി നിർവഹണം ഒരു ദൈവികനി യോഗമായി കണക്കാക്കി ചെയ്യേണ്ടതാ ണ്. വ്യക്തിപരമായ അംശങ്ങൾ തീരു മാനങ്ങളിൽ കടന്നു കൂടാതെ നിയമവും ധാർമ്മികതയും അതിൽ നിറഞ്ഞുനി ല്ക്കണം. ഒന്നിൽ കൂടുതൽ ന്യായാ ധിപന്മാർ ചേർന്ന് തീരുമാനമെടുക്കേ ണ്ടതും ജൂറി സിസ്റ്റവും ഒക്കെ കാല ത്തിന്റെ ആവശ്യമാണ്.

"Fiat Justicia, Ruat Caelum" ആകാശം ഇടിഞ്ഞു വീണാലും നീതി നടപ്പിലാക്കും എന്നുള്ളത് നമ്മുടെ കോടതിയുടെ ഭിത്തികളിൽ എഴുതിയി ട്ടുള്ളതാണ്. എന്നാൽ ഇത് വലിയ ഒരു അനീതിയോടൊപ്പം ഉച്ചരിച്ച വാക്കുകളാണ്. AD 41-ൽ മരിച്ചതായി കരുതുന്ന സെനക്കം എഴുതി എന്നു കരുതപ്പെടുന്ന പുസ്തകമാണ് De lra റോമൻ ഗവർണ്ണറായിരുന്ന പിസോ അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു ഭടനെ കാണാതായപ്പോൾ അയാളെ ഭടന്റെ സുഹൃത്തായ പട്ടാളക്കാരൻ കൊന്നു എന്ന് കരുതി വിചാരണ നടത്തി. തന്റെ സുഹൃത്തിനെ ഹാജരാക്കാൻ കഴിയാതെ വന്ന പട്ടാളക്കാരൻ സുഹൃ ത്തിനെ കൊന്നതാണ് എന്ന് കണ്ട് പട്ടാ ളക്കാരനെ വാളിന് കൊല്ലുവാൻ വിധി യായി. വിധിനടപ്പിലാക്കേണ്ട സെൻടൂ റിയൻ മടി കാണിച്ചു. അപ്പോൾ മരിച്ചു എന്നു കരുതിയ ഭടൻ തിരികെവന്നു. പിസോയുടെ തീരുമാനത്തിൻ മാറ്റവു ണ്ടാകും എന്ന് കരുതിയ സെൻടൂറി യന് അത് നടന്നില്ല. വിധിനടപ്പിലാ ക്കാണ്ട സെൻടൂറിയനെ വിധിനടപ്പിലാ ക്കാത്തതിന് കൊല്ലാൻ ഉത്തരവായി. നേരത്തെ വിചാരണ നടത്തി പാസ്സാ ക്കിയ വിധി മാറ്റുവാൻ സാദ്ധ്യമല്ല എന്നതിനാൽ പട്ടാളക്കാരനെയും കൊന്ന് വിധി നടപ്പിലാക്കാൻ ഉത്തര വായി. ഈ രണ്ട് നിരപരാധികളെയും കൊല്ലുവാൻ കാരണമായത് തിരിച്ച് വന്ന് പ്രത്യക്ഷപ്പെട്ട ഭടന്റെ മുൻ അസാ ന്നിദ്ധ്യമാണ് കാരണമെന്നതിനാൽ ഭട നെയും കൊല്ലുവാൻ വിധിച്ചു. ഈ സമയത്ത് പിസോ ആവർത്തിച്ച് ഉച്ച രിച്ചവാക്കുകൾ ആണ് "Fiat Justicia, Ruat Caelum". ആകാശം ഇടി ഞ്ഞാലും നീതി നടപ്പിലാക്കും. ഇന്നും നിയമവൃത്തങ്ങളിൽ ഒരു ആദർശവാ ചകമായി അത് ആവർത്തിക്കുന്നു.

കോടതിയിലേക്ക് വ്യവഹാരവു മായി കടന്നു ചെല്ലുന്നത് അവസാ നത്തെ ആശ്രയം എന്ന നിലയിൽ ആകുന്നതാണ് ഉത്തമം. നല്ല ഉദ്യമ ങ്ങൾ, ശ്രമങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിയമപരമായ ഉപദേശങ്ങളും, അന്വേഷണവും ആവശ്യമെങ്കിൽ തേടു ന്നത് ഒരു പരിധിയെങ്കിലും വ്യവഹാ രങ്ങൾ ഒഴിവാക്കാൻ സഹായിക്കും. ■

*A holistic approach to our nursing degrees can make a world of difference in your career.*



# SVCN, Bengaluru offers B.Sc Nursing, P B B.Sc Nursing and General Nursing & Midwifery (GNM).

Sri Venkateshwara College of Nursing, Bengaluru, (SVCN) an established name in the nursing education field is affiliated to the Rajiv Gandhi University of Health Sciences in Bengaluru and is also recognized by the Karnataka State Nursing Council, Bengaluru & Indian Nursing Council, New Delhi. Initiated under the aegis of Sri Venkateshwara Education Trust and guided by Dr. G. Narayan, an eminent psychiatrist at Moline, Illinois, USA, SVCN's holistic approach in nursing education is what makes our students step out in confidence. Students are not only trained to excel as qualified healthcare professionals but also as all round individuals with soft skills that give them a competitive edge in the global arena. To those aspiring to make nursing a career, SVCN, Bengaluru is the place to be.

For more info and application form visit:
**www.svcnedu.org**

*10 meritorious students can avail of partial fee assistance from **ICON Charities, USA.** Indicate in your application if you would like to be considered for the offer. Selection solely at the discretion of **ICON Charities, USA.***
*For more information, email: info@iconcharities.org*

S V C N
Sri Venkateshwara
College of Nursing

# 98, Maruthi Industrial Estate, 10th Main, 4th Phase, Peenya 2nd Stage, Bangalore 560 058, India
Tel: +91 990 243 3338 Email: admissions@svcnedu.org, info@svcnedu.org www.svcnedu.org

# സൺഡേസ്ക്കൂൾ വാർത്തകൾ





സൺഡേസ്ക്കൂൾ വാർഷിക പൊതുയോഗം ആഗസ്റ്റു മാസം 8-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഡോ. റെജി മാത്യൂസ്, ഫാ. കെ. വി. തോമസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, കുറിയാക്കോസ് പോത്താറയിൽ കോർഎപ്പിസ്ക്കോപ്പാ, സന്തോഷ് ബേബി, ഡോ. ജോസഫ് മാർ ദീവന്നാസിയോസ് എന്നിവർ സമീപം.

## ഡയറക്ടർ



സൺഡേസ്ക്കൂൾ കൊട്ടാരക്കര-പുനലൂർ ഭദ്രാസന ഡയറക്ടറായി നിയമിതനായ റ്റി. ജെ. ഫിലിപ്പ്. വടകോട് സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകാംഗം.



സൺഡേസ്ക്കൂൾ കൊല്ലം ഭദ്രാസന ഡയറക്ടറായി നിയമിതനായ എം.ജി. വിൽസൺ. ഈസ്റ്റ് കല്ലട സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം.



സൺഡേസ്ക്കൂൾ അടൂർ-കടമ്പനാട് ഭദ്രാസന ഡയറക്ടറായി നിയമിതനായ പ്രൊഫ. ജോസ് വി. കോശി. സഭാ മാനേജിംഗ് കമ്മറ്റിയംഗം, കൈപ്പട്ടൂർ സെന്റ് ഗ്രിഗോറിയോസ് സീനിയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പൽ, അടൂർ സെന്റ് സിറിൾസ് കോളജ് ബർസാർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു.

## സൺഡേസ്ക്കൂൾ വിജയി



സൺഡേസ്ക്കൂൾ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ അഖില മലങ്കര അടിസ്ഥാനത്തിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ അലീന തോമസ്. പടിക്കത്തറമലയിൽ തോമസ് പി. തോമസിന്റേയും ആനി തോമസിന്റേയും മകൾ. ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപ്പള്ളി ഇടവകാംഗം.

## ഡയറക്ടർ



സൺഡേസ്ക്കൂൾ കുന്നംകുളം ഭദ്രാസന ഡയറക്ടറായി തെരഞ്ഞെടുത്ത റ്റി. കെ. പീറ്റർ മാസ്റ്റർ. അടുപ്പൂട്ടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

## ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എക്സലൻസ് അവാർഡുകൾ

**കോട്ടയം:-** മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ദീർഘമായ 35 വർഷക്കാലം നേതൃത്വം നൽകിയ മൂന്നാമത് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം, പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ കേന്ദ്ര പരീക്ഷയിൽ 10, 12 ക്ലാസുകളിലെ റാങ്ക് ജേതാക്കൾക്കായി കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ജീവകാരുണ്യ പ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെന്റ് ഏർപ്പെടുത്തിയ 'മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എക്സലൻസ് അവാർഡുകൾ' വിതരണം ചെയ്തു.

10-ാം ക്ലാസ്സ് പരീക്ഷയിൽ അനസ് പൗലോസ്, (സെ. മേരീസ് ഓണക്കൂർ), സീനാ സാറാ ജോസ് (സെ. തോമസ് ബഥനി, പെരുനാട്), റീനു അന്ന മാത്യു (സെ. സ്റ്റീഫൻസ് പത്തനാപുരം) എന്നിവരും, വേദപ്രവീൺ (12-ാം ക്ലാസ്) പരീക്ഷയിൽ സാന്ദ്രാ മേരി (സെ. തോമസ് മീനടം), അലീന തോമസ് (എം. ജി. എം. ബഥേൽ, ചെങ്ങന്നൂർ), നിധി ഷാജി (സെ. തോമസ് പൊങ്ങന്താനം) എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്ക് നേടി എക്സലൻസ് അവാർഡുകൾക്ക് അർഹരായി.

## ആരോഗ്യം



19-ാം പേജിൽ നിന്നും...

യുടെ ഒരു കുറിപ്പിൽ കണ്ടു. 'രോഗം ചികിത്സിക്കുന്നതിന് നിങ്ങൾ ഡോക്ടർ മാർക്ക് പണം കൊടുത്താൽ അവർ നിങ്ങളുടെ രോഗം കാംഷിക്കും. നിങ്ങൾക്ക് ആരോഗ്യത്തോടെ ജീവിക്കാനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ച് ആരോഗ്യവാൻമാരായി സംരക്ഷിക്കുന്നിന് നിങ്ങൾ അവർക്ക് സ്ഥിരമായി വേതനം നൽകുക. രോഗിയാകുന്ന മാസങ്ങളിൽ വേതനം കുറയ്ക്കുക'. ഏറെ കാലം ചൈനയിൽ ഈ ആശയത്തെ പിൻപറ്റിയുള്ള ആരോഗ്യരക്ഷാസംവിധാനം തന്നെ നിലനിന്നിരുന്നു അത്രേ. ഒരുപക്ഷേ ഇക്കാലത്ത് ഈ ആശയം കൂടുതൽ പ്രസക്തമാണെന്ന് തോന്നുന്നു. ഇന്ന് വൈദ്യന്, ഡോക്ടർക്ക് വിശാലമായ അർത്ഥം കൊടുക്കേണ്ടതുണ്ട്. തന്റെ വീട്ടകം മാത്രം അണുനാശിനി ഉപയോഗിച്ച് ശുദ്ധീകരിച്ച് വച്ചും ഭക്ഷണം ക്രമീകരിച്ചും, വ്യായാമം ചെയ്തും, പുതുപുത രോഗങ്ങൾക്ക് പുതുപുത വാക്സിനുകൾ പരീക്ഷിച്ച് നേടിയെടുക്കാവുന്നല്ല സ്വാസ്ഥ്യമെന്ന അവസ്ഥ. പാതയോരങ്ങളിൽ പ്ലാസ്റ്റിക്ക് കവറുകളിൽ മാലിന്യങ്ങൾ നിറയുമ്പോൾ, മനുഷ്യ വിസർജ്യത്താലും വ്യവസായ മാലിന്യങ്ങളാലും പുഴകൾ മലീമസമാകുമ്പോൾ, കീടനാശിനി തളിച്ച് വിഷമയമാക്കിയ പച്ചക്കറികളും, പഴങ്ങളും വ്യാപകമാകുമ്പോൾ, പഞ്ചനക്ഷത്ര ആശുപത്രി മാലിന്യങ്ങൾ തന്നെ സാമൂഹിക വിപത്താകുമ്പോൾ പേരിനു പിന്നാലെ മെഡിക്കൽ ഡിഗ്രിയുള്ളവരെ മാത്രം ആശ്രയിച്ച് ആരോഗ്യം നിലനിർത്താനാവില്ല. മനുഷ്യൻ സമൂഹ ജീവിയാണെന്ന ബോധ്യവും എന്റെ ആരോഗ്യവും നിന്റെ ആരോഗ്യവും പരസ്പര ബന്ധിതമാണെന്ന തിരിച്ചറിവും ഉള്ള വൈദ്യൻമാരാകേണ്ടതുണ്ട് നമ്മിളിൽ ഓരോരുത്തരും.

(അവസാനിച്ചു) ■


### സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ചെന്നൈ

## സമൂഹ വിവാഹത്തിനു വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു

കേരളത്തിനു പുറത്തുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ ആദ്യ ദേവാലയമായ ചെന്നൈ സെന്റ് തോമസ് കത്തീഡ്രലിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന സമൂഹ വിവാഹത്തിനുവേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു. സെപ്റ്റംബർ 25 വരെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**നിബന്ധനകൾ**

1. ഓർത്തഡോക്സ് സഭാംഗങ്ങളായ യുവതീയുവാക്കൾക്ക് മുൻഗണന.
2. അർഹരായവർ ഇടവക വികാരിമാരുടെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷിക്കാം.
3. അപേക്ഷ പരിഗണിക്കുന്നതനുസരിച്ച്; അപേക്ഷകർ ബന്ധപ്പെട്ട കമ്മറ്റി ആവശ്യപ്പെടുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.
4. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്ത അർഹരായവരെയും, വൈദീകർക്ക് റഫർ ചെയ്യാവുന്നതാണ്.

**അപേക്ഷ അയയ്ക്കേണ്ട വിലാസം:**

The Vicar
St. Thomas Orthodox Cathedral
33/34, Stringer Street
Broadway, Chennai-600108
Email: broadwaycathedral@gmail.com
Mob.: +91 9840789017, +91 9840238608, +91 9841642440



### ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com, www.stthomasocymdubai.org

EDIFY CARE

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു എന്നതിന്റെ പേരിൽ മാത്രം കഴിവുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുന്ന നമ്മുടെ സഭാംഗങ്ങളായ കുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് **എഡിഫൈ കെയർ.** ഇതിലേക്ക് ഈ വർഷം അർഹതയുള്ള എം.ബി.ബി.എസ്. / എൻജിനീയറിംഗ് / ബി.എസ്.സി. നഴ്സിംഗ് എൻട്രൻസിൽ മെറിറ്റ് മുഖേന ഉപരിപഠനത്തിനു യോഗ്യത നേടുന്ന ഒരു വിദ്യാർത്ഥി / വിദ്യാർത്ഥിനിക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുവേണ്ട മുഴുവൻ ചെലവുകളും പ്രസ്ഥാനം വഹിക്കും. ഇതിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടെ താഴെ പറയുന്ന വിലാസത്തിൽ സാധാരണ തപാലിൽ **2015 സെപ്റ്റം. 30 -ന്** മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയച്ച് തരേണ്ടതാണ്.

To,
The President,
St.Thomas Orthodox Cathedral Youth Movement,
P.O. Box: 2563, Dubai, U.A.E.

അപേക്ഷാ ഫോറം http://stthomasocymdubai.org/GeneralContents.aspx?ID=Edify എന്ന ലിങ്കിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ocymdubai@gmail.com എന്ന ഇമെയിൽ മുഖേന ബന്ധപ്പെടുക.

സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിനു വേണ്ടി,

**ഫാ. ഷാജി മാത്യൂസ്**
(വികാരി/പ്രസിഡന്റ്)
Mobile: 00971 52 8711031
Fax: 00971 4 3352252
Email: frshajimathews@yahoo.co.in / ocymdubai@gmail.com

**ബിന്റു മത്തായി**
(സെക്രട്ടറി)
Mobile: 00971 55 9177232

# സ്നേഹം സ്വർണ്ണത്തരികളായ് ഒഴുകി

## പവിത്രസ്മൃതി – മംഗല്യനിധിക്ക് പാമ്പാടി ദയറായിൽ ലഭിച്ചത് 670 പവൻ

**പാമ്പാടി:** സ്നേഹവും കരുതലും സ്വർണത്തരികളിൽ നിധിയായ മാറി. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമസുവർണ്ണ ജൂബിലിയുടെ ഭാഗമായി 50 പേരുടെ വിവാഹം നടത്തുന്നതിനുള്ള പവിത്രസ്മൃതി-മംഗല്യനിധി പദ്ധതിയുടെ ഭാഗമായ സ്വർണ സമർപ്പണം പാമ്പാടി ദയറയുടെ ചരിത്രത്തിൽ സുവർണ നിമിഷമായിമാറി.

മലങ്കര ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസനത്തിലെ 67 ദേവാലയങ്ങളിൽ നിന്നായി ദയറായിലേക്ക് ഒഴുകിയെത്തിയത് 670 പവൻ സ്വർണം. ഈ കരുതൽ ശേഖരത്തിൽ നിന്നു താലിയൊരുങ്ങി ജാതിമതഭേദമെന്യേയുള്ള 50 യുവതീയുവാക്കൾ പുതുജീവിതത്തിലേക്കു പ്രവേശിക്കും. സ്വർണ സമർപ്പണ ദിനത്തിൽ തുക സ്വീകരിക്കുന്നത് ഒഴിവാക്കിയിരുന്നെങ്കിലും ഒൻപത് ലക്ഷം രൂപയും ലഭിച്ചു. കോട്ടയം ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിലാണ് സ്വർണസമർപ്പണ ദിനാചരണം നടത്തിയത്. വീടുകളിൽ സൂക്ഷിക്കുന്ന സ്വർണത്തിന്റെ ഒരംശം പങ്കുവയ്ക്കുന്നതിനാണ് ഇടവകകൾ സാക്ഷ്യം വഹിച്ചത്.

പരിശുദ്ധ പാമ്പാടി തിരുമേനിയോടുള്ള അചഞ്ചലമായ വിശ്വാസം ഉറപ്പിക്കാൻ വിവാഹാഭരണങ്ങൾവരെ പദ്ധതിയിലേക്കു സമർപ്പിച്ചവരുണ്ട്. വീട്ടിൽ സ്വർണതരികൾ ഇല്ലാതിരുന്നവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങളുടെ ഏതാനുംഭാഗം മുറിച്ചു നൽകിയും പങ്കാളികളായി. ഇടവകകളിൽ നിന്നു ശേഖരിച്ച സ്വർണം വികാരിമാരെ ഏൽപ്പിച്ചു. ദേവാലയങ്ങളിൽ സമർപ്പണ പ്രാർത്ഥന നടത്തിയ ശേഷം വികാരിമാരുടെ നേതൃത്വത്തിൽ സ്വർണം പാമ്പാടി തിരുമേനിയുടെ കബറിങ്കൽ എത്തിച്ചു. മർത്തമറിയംഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോൺ സി. ചിറത്തിലാട്ട്. സെക്രട്ടറി റീനി തോമസ് എന്നിവർ ചേർന്നു സ്വർണം പദ്ധതി ജനറൽ കൺവീനർ ഫാ. ടി. ജെ. ജോഷ്വായെ ഏൽപ്പിച്ചു.

അദ്ദേഹത്തിൽ നിന്നു ഡോ. യൂഹാനോൻ മാർ ദിമത്രയോസ് സ്വർണ്ണം ഏറ്റുവാങ്ങി. തുടർന്നു പാമ്പാടി തിരുമേനിയുടെ കബറിങ്കൽ ഇവ സമർപ്പിച്ചു പ്രാർത്ഥന നടത്തി.

സ്വർണ്ണം അളന്നു നോക്കി ശേഖരിക്കാൻ ബാങ്ക് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിദഗ്ധ പാനൽ ഉണ്ടായിരുന്നു. മർത്തമറിയം പ്രവർത്തകർ ശൂനോയോ നോമ്പ് ആചരിച്ചാണ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. ■


## Ist Death Anniversary
## 27-09-2015



# K.M. DANIEL
## Koyikkavadakethil (H)
## Koodal

Remembered
with prayers
by Family members



## മലങ്കരസഭ മാസിക

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full ” | : | 15,000 |
| Half ” | : | 8,000 |
| Quarter ” | : | 5,000 |
| Minimum (Col.) 9x4 c.m. | : | 2,500 |
| Favours Block (Stamp) | : | 1500 |


# നഥാനിയേൽ റമ്പാൻ



**മൈലപ്ര:** മാർ കുര്യാക്കോസ് ആശ്രമ അഡ്മിനിസ്ട്രേറ്റർ ഫാ. സാം ജോർജിന് 'നഥാനിയേൽ' എന്ന പേരിൽ റമ്പാൻ സ്ഥാനം നൽകി.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് കുർബ്ബാന അർപ്പിച്ചു. കുര്യാക്കോസ് മാർ ക്ലീമീസ്, യൂഹാനോൻ മാർ പോളികാർപ്പസ്, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, എബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

അട്ടച്ചാക്കൽ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ മാനേജരും കൊഴുവല്ലൂർ സെന്റ് ജോർജ് പബ്ലിക് സ്കൂൾ സ്ഥാപക മാനേജരുമാണ്.


# DOCTORATE



**Dolly Jacob**, Leicester, UK (Member of St. Stephen's Orthodox Church, Birmingham) has been awarded Doctorate in Pharmaceuitical Science from De Montfort University, Leicester, U.K. under Prof. M. John Taylor and Dr. Paul Tomlins, Teddington. The thesis was on research titled 'Investigation into the performance and reliability of an implantable closed loop insulin delivery device'. Dolly is the wife of Mr. Jacob Idicula, E-On, Sherwood, Nottingham and the daughter-in-law of Mr. P.V. Idicula & Annamma (St. Stephen's Orthodox Church, Thane) and daughter of Mr. M.M. Pappachen & Thankamma (St. Thomas Orthodox Church, Malad, Mumbai).

*Advt.*



# കാദേശ് ബർന്നേയ

■ ജോസ് പി.റ്റി. നല്ലില

യഹോവയാം ദൈവം തന്റെ സ്വന്ത ജനമായി തെരഞ്ഞെടുത്ത യിസ്രായേൽ ജനതയുടെ ജീവിതച ക്രത്തിൽ ഇനിയും ഉണങ്ങാത്ത മുറിപ്പാടുകളും വേദനകളും സമ്മാനിക്കപ്പെട്ട കാലത്തിന്റെ ബാക്കിപത്രമാണ് കാദേശ് ബർന്നേയ. ഒരു വലിയ പരാജയത്തിന്റെ സ്മരണകൾ അലയടിക്കുന്ന ചരിത്ര സ്മാരകം. യഹൂദാജാതിയുടെ ചരിത്രം മാറ്റി മറിക്കപ്പെട്ട പുറപ്പാടിന്റെ വിലാപം ഇപ്പോഴും നൊമ്പരപ്പെടുത്തുന്ന സ്ഥലം. കയ്പ്പും മധുരവും കൂടികലർന്ന സമ്മിശ്ര വികാരങ്ങൾ അനുഭവിച്ചറിഞ്ഞ ഭൂപ്രദേശം. ഒരു പക്ഷേ ഇന്നും പൂർണ്ണമായും കൂട്ടിച്ചേർക്കപ്പെടാൻ കഴിയാത്തത്ര അകലങ്ങളും വിള്ളലുകളും യിസ്രായേൽ ജനതയ്ക്ക് സമ്മാനിക്കപ്പെടാൻ കാരണമായ ദൈവനിഷേധത്തിന്റെ ചരിത്രമുറങ്ങുന്ന മണ്ണ്. തിരുവെഴുത്തിൽ ഏതാണ്ട് 18 പ്രാവശ്യത്തോളമോ അതിലധികമോ തവണ '**കാദേശ്**' എന്നും (ഉല്പ.14:7,16:14, സംഖ്യ.13:26,20:1,14,16,22,33:36,37, ആവ.1:46,32:51, ന്യായ.11:16,17, യെഹെ.47:19,48:28), പത്തോളം പ്രാവശ്യം '**കാദേശ് ബർന്നേയ**' എന്നും കാണുന്നു (സംഖ്യ.32:8,34:4, ആവ.1:2,19,2:14,9:23, യോശുവ 14:7,15:3).

കാദേശ് എന്നാൽ 'വിശുദ്ധമായത്' എന്നാണ് അർത്ഥം. വിശുദ്ധമായതിനെ ജനം തിരസ്ക്കരിച്ചതിനാൽ കാദേശ് ബർന്നേയ ഒരു കയ്പ്പിന്റെ അനുഭവം കൂടി ആകുന്നു. 'Sacred desert of wandering' എന്ന് ഈ സ്ഥലം അറിയപ്പെടുന്നു. സീൻ മരുഭൂമിയിൽ അരാബാ താഴ്‌വരയുടെ പടിഞ്ഞാറേ അറ്റത്ത് ഏദോമിനും ഹോരിനും അടുത്തായി സ്ഥിതി ചെയ്യുന്ന ഒരു മരുപ്രദേശമാണ് കാദേശ്. സീൻ മരുഭൂമി തന്നെയാണ് ബൈബിളിൽ പേരു പറയുന്ന 'പാരാൻ മരുഭൂമി' (സംഖ്യ.13:26) എന്ന് ചരിത്രരേഖകളിൽ കാണുന്നു. സോരിൽ നിന്ന് 12 കി.മീ. തെക്ക് പടിഞ്ഞാറായാണ് കാദേശ് അഥവാ കാദേശ് ബർന്നേയ സ്ഥിതി ചെയ്യുന്നത്. വീണ്ടും പറഞ്ഞാൽ നസറേത്തിൽ നിന്നും 14 കി.മീ. വടക്ക് മാറി കാണുന്ന ഗലീലയിലെ ഒരു പ്രദേശം. കാദേശ് ഉൾപ്പെടുന്ന പാരാൻ യിശ്മായേല്യർക്കായി ദൈവം നൽകിയിരുന്ന സ്ഥല മാണ്(ഉല്പ.21:21); തൊട്ടടുത്തുള്ള കനാൻ യിസ്രായേല്യർ ക്കായും ദൈവം വേർതിരിച്ചിരുന്നു.

പുറപ്പാട് ചരിത്രത്തിൽ ഒരിക്കലും മറക്കാനാവാത്തതും വേദനയോടെ മാത്രം ഓർക്കാൻ കഴിയുന്നതുമായ സ്ഥല പരിചയങ്ങളിൽ അതിപ്രധാനമായ ഒരു സ്ഥലമാണ് കാദേശ് ബർന്നേയ. ഉല്പത്തിയിൽ കാദേശ് അമാലേക്യരുടെ നാടായി രേഖപ്പെടുത്തി കാണുന്നുണ്ട (ഉല്പ.14:7). പത്തു പേരുടെ അവിശ്വാസത്തിന്റെയും രണ്ടു പേരുടെ വിശ്വാസത്തിന്റെയും കഥ കൂടിയാണ് കാദേശ് ബർന്നേയക്ക് പറയാനുള്ളത്. വാഗ്ദത്ത ദേശം നേരിൽ കണ്ടശേഷം അതിൽ പ്രവേശിക്കാനാകാതെ പിൻതിരിഞ്ഞു പോയ ഒരു ജനതയുടെ ശോകം തുളുമ്പുന്ന ദയനീയ കഥ.

"ഞങ്ങൾ കർത്താവിന്റെ ജനമായിരിക്കും'' എന്ന് കാലാകാലങ്ങളിൽ പുതുക്കേണ്ടിയിരുന്ന ദൈവവുമായുള്ള ഉടമ്പടി തെറ്റിച്ച് സ്വന്തം ശവക്കുഴി തേടിയ ഒരു വലിയ ജാതിയുടെ അനുസരണക്കേടിന്റെ നേർകാഴ്ചയാണ് കാദേശ് ബർന്നേയ. "നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും; നിങ്ങൾ എനിക്ക് പുരോഹിത രാജത്വവും വിശുദ്ധ ജനവും ആയിരിക്കും"(പുറ.19:56). ഈ കല്പന അഥവാ ഉടമ്പടിയാണ് ഇവിടെ തെറ്റിക്കപ്പെട്ടത്. പാലും തേനും ഒഴുകുന്ന മനോഹര ദേശത്തേക്ക് അവരെ വഴി നടത്തുവാൻ ദൈവം സന്നദ്ധനായിരുന്നു. എന്നാൽ തങ്ങളുടെ അവി ശ്വാസം നിമിത്തം ആ വലിയ അനുഗ്രഹം അവർക്ക് നഷ്ടപ്പെട്ടു. ആ ശാപം ഒരു ബാധപോലെ ഇന്നും യിസ്രായേൽ ജനതയെ പിൻതുടരുന്നു. നമ്മുടെ ജീവിതത്തിലും കാദേശ് ബർന്നേയയുടെ അനുഭവം ഇല്ലേ ? ഉണ്ടാകാം ! കാദേശ് ബർന്നേയയിൽ സംശയിച്ചു നിൽക്കുകയുമാകാം; മുന്നോട്ടു പോകണോ പിന്നോട്ടു പോകണോ എന്നറിയാതെ !

430 വർഷത്തെ (പുറ.12:40) മിസ്രയീമിലെ (ഈജിപ്ത്) അടിമത്തത്തിൽ നിന്ന് മോശെയുടെ നേതൃത്വത്തിൽ വിമോചിക്കപ്പെട്ട യിസ്രായേൽ ജനത തങ്ങളുടെ പൂർവ്വപിതാ ക്കൻമാരുടെ ദേശമായ കനാൻ എന്ന വാഗ്ദത്ത നാട്ടിലേക്കുള്ള മടക്കയാത്രയിൽ പാരാൻ മരുഭൂമിയിലെ കാദേശ് ബർന്നേയയിലെത്തിച്ചേർന്നു. കനാന്റെ അതിർത്തി പ്രദേശമായിരുന്നു കാദേശ് ബർന്നേയ.

ദൈവകല്പന പ്രകാരം അവിടെ നിന്നും കനാൻ ദേശം ഒറ്റു നോക്കാൻ പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നായി ഓരോരുത്തർ വീതം പന്ത്രണ്ടു പേരേ മോശെ തെരഞ്ഞെടുത്ത് അയച്ചു. 40 ദിവസം ചുറ്റി സഞ്ചരിച്ച് വർത്തമാനവുമായി അവർ മടങ്ങിയെത്തി. ദേശം ഫലപുഷ്ടവും മനോഹരവും ആണെന്നുള്ളതിൽ അവർക്ക് പക്ഷാന്തരം ഉണ്ടായിരുന്നില്ല. പക്ഷേ അവിടുത്തെ ജനങ്ങൾ അതികായൻമാരും മല്ലൻമാരും നിവാസികളെ തിന്നുകളയുന്നവരുമാകയാൽ ആ ദേശം കയ്യടക്കുവാൻ നമുക്ക് കഴിയില്ലെന്ന് പത്തു പേർ വാദിച്ചു. അവരുടെ മുന്നിൽ തങ്ങളെതന്നെ വെട്ടുക്കിളിയായി തോന്നി എന്നവർ ദുർവർത്തമാനം പറഞ്ഞു(സംഖ്യ.13:25 29,31–33). എന്നാൽ എഫ്രയീം ഗോത്രത്തിൽ നൂന്റെ മകനായ ഹോശയാ എന്ന യോശുവയും, യഹൂദാ ഗോത്രത്തിൽ യെഫുന്നയുടെ മകനായ കാലേബും മാത്രം സദ്‌വർത്തമാനമായി പറഞ്ഞതോ; യഹോവ നമ്മോടുകൂടെയുള്ളതുകൊണ്ട് അതു ജയിച്ചടക്കുവാൻ നമ്മുക്ക് കഴിയും. 'ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശം ആകുന്നു; യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തു കൊണ്ടുചെന്ന് നമുക്ക് അതു തരും; യഹോവയോട് നിങ്ങൾ മത്സരിക്ക മാത്രം അരുത്' (സംഖ്യ.14:7,8).

ദുർവർത്തമാനം അഥവാ വ്യാജവർത്തമാനം പറയുന്നവർക്ക് ദൈവം നൽകിയിരുന്ന മുന്നറിയിപ്പ് ജനം അവഗണിച്ചു(പുറ.23:1). ഇവിടെയും ന്യൂനപക്ഷാഭിപ്രായം തിരസ്ക്കരിക്കപ്പെട്ടു. അതിന്റെ അനന്തിരഫലങ്ങളാണ് കാദേശ് ബർന്നേയയിൽ അരങ്ങേറിയത്. മല്ലൻമാർ വെട്ടുക്കിളികളെ തിന്നുന്നതുപോലെ തങ്ങളെ തിന്നുകളയുമെന്നവർ ഭയപ്പെട്ടു. എന്നാൽ വെട്ടുക്കിളികളോടുകൂടി യഹോവ ഉണ്ടെങ്കിൽ അവയ്ക്ക് മല്ലൻമാരെ തിന്നാമെന്നു വിശ്വസിക്കാൻ അവർക്ക് കഴിഞ്ഞില്ല. പകരം തങ്ങളെ ഇതുവരെ കരുതിയ ദൈവത്തെ തള്ളിക്കളഞ്ഞു. വഴിയിൽ കാത്തു; ശത്രുക്കളിൽ നിന്നു വിടുവിച്ചു; ചെങ്കടൽ വിഭജിച്ചു പാതയൊരുക്കി; ഫറവോനെയും സൈന്യത്തെയും നിഗ്രഹിച്ചു; മന്ന ഭക്ഷണമായി നൽകി; പാറയിൽ നിന്നു ജലമേകി എന്നിട്ടും ആ ദൈവത്തെ അവിശ്വസിച്ചു. ദൈവകോപം ഒഴിവായികിട്ടാൻ മോശെ കരഞ്ഞു പ്രാർത്ഥിച്ചു. തന്റെ സ്വന്ത ജനമാകയാൽ പ്രാർത്ഥന കൈക്കൊണ്ടു എങ്കിലും പൂർണ്ണമായി ക്ഷമിക്കാൻ ദൈവത്തിനു കഴിയുമായിരുന്നില്ല (സംഖ്യ.14:20–22). അതിനു കാരണം ദൈവംതന്നെ പറയുന്നു. "പത്തു പ്രാവശ്യം ഇവർ എന്നെ പരീക്ഷിച്ചു; എന്നെ നിരസിച്ചവർ ആരും കനാൻ ദേശം കാണില്ല"(സംഖ്യ.14:23). ഒരേ ഒരു ശാപം; അതാണ് കാദേശ് ബർന്നേയ നൽകുന്ന ശക്തമായ മുന്നറിയിപ്പ്. 'ദൈവം അവരോടു കല്പിച്ചു; നിങ്ങൾ തിരിഞ്ഞ് ചെങ്കടൽ വഴിയായി മരുഭൂമിയിലേക്ക് യാത്ര ചെയ്യുവിൻ'(ആവ.1:40). കാദേശ് ബർന്നേയയിലെ ശാപം പേറി ആ തലമുറ ചുറ്റിക്കൊണ്ടേയിരുന്നു.


തൊട്ടടുത്തെത്തിയിട്ടും വാഗ്ദത്തനാട്ടിൽ പ്രവേശിക്കാനാകാതെ; ദേശം ഒറ്റുനോക്കാൻ ആളെ അയച്ചതുമുതൽ കനാനിലേക്കു പ്രവേശിച്ചതുവരെ 38 വർഷങ്ങൾ ആ ജനതയ്ക്ക് വീണ്ടും മരുഭൂമിയിൽ കനാനുചുറ്റും അലഞ്ഞു തിരിയേണ്ടിവന്നു(ആവ.2:14). മൊത്തം 40 വർഷങ്ങൾ. ഹോരേബിൽ നിന്ന് കനാനിലേക്ക് നടന്നാൽപോലും 11 ദിവസത്തെ വഴിയേ ഉണ്ടായിരുന്നുള്ളു (ആവ.1:2). അത്രയും ദൂരമാണ് 40 വർഷങ്ങളാക്കി ദൈവം വർദ്ധിപ്പിച്ചത് എന്ന് ഓർക്കുക. യഹോവ മോശെയോടു വ്യക്തമാക്കുന്നു; എന്നെ വിശ്വസിക്കാതിരുന്നതുകൊണ്ട് ഈ ജനതയെ അവർക്ക് കൊടുക്കുമെന്നു പറഞ്ഞ ദേശത്തേക്ക് ഞാൻ കൊണ്ടുപോകയില്ല(സംഖ്യ.20:12). അതുപോലെതന്നെ എന്നെ വിശ്വസിച്ചവരെ ആ ദേശത്ത് എത്തിക്കുമെന്നും യഹോവ കല്പിക്കുന്നു(ആവ.3:27,28). കുട്ടികളെ കൂടാതെ ആറുലക്ഷം പേരാണ് കനാനിലേക്ക് പുറപ്പെട്ടത്(പുറ.12:37). അതിൽ വിശ്വസിച്ച രണ്ടു പേർ (യോശുവയും കാലേബും) മാത്രമാണ് കനാനിലെത്തിച്ചേർന്നത്. ആ തലമുറയിലെ മറ്റെല്ലാവരും അവിടെ ചത്തൊടുങ്ങി എന്നത് കാദേശ് ബർന്നേയ നൽകുന്ന വലിയ തിരിച്ചറിവാണ്. അഹരോനും മോശെയും സഹോദരി മിര്യാമും ഇവിടെവച്ചാണ് മരിച്ചത്(സംഖ്യ.20:1). കോരഹും കൂട്ടരും കലാപക്കൊടി ഉയർത്തിയതും ഇവിടെവച്ചാണ്(സംഖ്യ.16:1–3). മോശെ പാറയെ അടിച്ചതും വെള്ളം വർഷിച്ചതും ഇവിടെവച്ചാണ് (സംഖ്യ.20:2–13). ഇവിടെ നിന്നാണ് മോശെ ദേശം ഒറ്റുനോക്കാൻ ചാരൻമാരെ അയച്ചതും(സംഖ്യ.13:26).

നമ്മുടെ ജീവിതത്തെ കാദേശ് ബർന്നേയയുടെ അനുഭവത്തിലൂടെ അല്പമെങ്കിലും ചിന്തിക്കുന്നത് നന്നായിരിക്കും. വാഗ്ദത്തഭൂമിയായ സ്വർഗ്ഗീയ കനാനിലേക്കുള്ള യാത്രയിലാണ് നാം ഓരോരുത്തരും. ഇപ്പോൾ കാദേശ് ബർന്നേയയിലെത്തി നിൽക്കുന്നു. കാദേശ് ബർന്നേയ ചില ജീവിത യാഥാർഥ്യങ്ങളുടെ പ്രതീകമാകുന്നു.

**കാദേശ് ബർന്നേയ പ്രലോഭനങ്ങളുടെ പ്രതീകമാകുന്നു**

പാപം ചെയ്യാനുള്ള വാസന മനുഷ്യനിൽ കുടികൊള്ളുന്നുണ്ട്. പലപ്പോഴും പ്രലോഭനങ്ങൾക്ക് കീഴ്പ്പെട്ടുപോകുന്ന പ്രകൃതം. ചിലപ്പോൾ എതിർത്തു നിൽക്കാൻ കഴിയാതെ വരുന്നു. ഒരു തീരുമാനം എടുക്കേണ്ട ഘട്ടം വരുമ്പോൾ ദിശ മാറി സഞ്ചരിക്കാൻ പ്രേരിതരാകുന്നു. ലോകജഢമോഹങ്ങളാകുന്ന പ്രലോഭനങ്ങളുടെ ഭാണ്ഡക്കെട്ടുകളുമായി പിശാചിന്റെ അനുചരൻമാർ അടുത്തുവരുമ്പോൾ; അനാക്യമല്ലൻമാർ ദുർവർത്തമാനവുമായി സമീപിക്കു

> **കാദേശ് എന്നാൽ 'വിശുദ്ധമായത്' എന്നാണ് അർത്ഥം. വിശുദ്ധമായതിനെ ജനം തിരസ്ക്കരിച്ചതിനാൽ കാദേശ് ബർന്നേയ ഒരു കയ്പ്പിന്റെ അനുഭവം കൂടി ആകുന്നു.** "Sacred desert of wandering' **എന്ന് ഈ സ്ഥലം അറിയപ്പെടുന്നു.**



# ADMISSION TO M.TH. & D.TH.COURSES

**THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)**

*An Ecumenical Post-graduate and Research Centre*

**(Affiliated to the Senate of Serampore College)**

Applications are invited from eligible candidates **(II Class / Grade B** both in aggregate and respective discipline in which the candidate seeks to study**)** for admission to the ***Master of Theology*** courses for the Academic Session beginning in ***June 2016.***

| Master of Theology | Doctor of Theology |
|---|---|
| Old Testament | Old Testament |
| New Testament | New Testament |
| Christian Theology | Christian Theology |
| History of Christianity | History of Christianity |
| Religion | Pastoral Counseling |
| Pastoral Counseling | |
| Missiology | |

Application forms may be obtained on payment of ***Rs.400/*** for M.Th. and ***Rs. 500***/ for D.Th. courses by M.O. / Demand Draft, from **Registrar, FFRRC, Mar Thoma Theological Seminary, P.B.No.287, Kottayam** 686001, Kerala. The last date of receiving application will be ***30 November 2015***. Candidates must submit their ***Senate Transcript*** along with the application form.

**Fr.Dr.V.S. Varghese, Registrar, FFRRC.**

**21-ാം ചരമ വാർഷികം**

**12-09-2015**



## എം. സി. ഗീവർഗീസ്

**(കുഞ്ഞൂഞ്ഞൂട്ടി)**

**മുക്കാഞ്ഞിരത്ത്**

**തിരുമൂലപുരം**

*“നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തായ്”*

**സന്തപ്ത കുടുംബാംഗങ്ങൾ**

**10-ാം ചരമ വാർഷികം**

**15-09-2015**



## ടി. ജി. ജോർജ്ജ്

ശാന്തിഭവൻ

പത്തനംതിട്ട

*സന്തപ്ത കുടുംബാംഗങ്ങൾ*

മ്പോൾ പതറിപ്പോകുന്നു. ക്രിസ്തുവിൽക്കൂടി ലഭിക്കുന്ന ദൈവീകാനുഗ്രഹങ്ങൾ ഒരു വശത്തും ലോകത്തിന്റെ താൽക്കാലിക ഭോഗങ്ങളും സ്ഥാനമാനങ്ങളും മറുവ ശത്തും. ശക്തമായ വടംവലിയിൽ പലരും പരാജയപ്പെ ടുന്നു. അങ്ങനെ ദൈവകൃപ തങ്ങൾക്കുതന്നെ വൃഥാവി ലാക്കിക്കൊണ്ട് പിൻതിരിഞ്ഞ് പാപമാലിന്യങ്ങളുടെ മരുഭൂമിയിലേക്ക് മടങ്ങിപ്പോകാൻ നിർബന്ധിതരാകുന്നു. ഇതാണ് കാദേശ് ബർന്നേയയുടെ അനുഭവം. മുന്നിൽ പാലും തേനും ഒഴുകുന്ന കനാൻനാട്; പിന്നിൽ പാപ ഇമ്പങ്ങളുടെ മരുഭൂമി. ചിന്തിക്കുക ! കാദേശ് ബർന്നേയ യിലാണ് നാം എത്തി നിൽക്കുന്നത് !

### കാദേശ് ബർന്നേയ കഷ്ടതയുടെ പ്രതീകമാകുന്നു

മനുഷ്യജീവിതത്തിൽ കഷ്ടതകളും പ്രയാസങ്ങളും ഉണ്ട്. നമ്മുടെ ജീവിതത്തിൽ രോഗങ്ങൾ, ദുഃഖങ്ങൾ, പെട്ടെന്നുള്ള ആപത്തുകൾ, മരണം തുടങ്ങി ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അടിപതറി പ്പോകാറില്ലേ ! നിന്റെ വിശ്വാസക്കുറവു കൊണ്ടാണ്; അല്ലെങ്കിൽ നിന്റെ ആരാധന ശരിയല്ലാത്തതു കൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത് എന്ന് ബൈബിൾ അധിഷ്ടി തമല്ലാത്ത സുവിശേഷം പറഞ്ഞു പേടിപ്പെടുത്താൻ വിശ്വാസ വിപരീതികൾ കടന്നു വരുമ്പോൾ നാം പിന്നോക്കം പോകാറില്ലേ ! ഓർക്കുക ! ഇങ്ങനെ ആരെ ങ്കിലും എന്തെങ്കിലും പറയുന്നത് കേട്ട് വിശ്വാസം നഷ്ടപ്പെടുത്തി താല്ക്കാലിക ലാഭമോ സുഖമോ തേടിപ്പോയാൽ കാദേശ് ബർന്നേയയിൽവച്ച് ദുർവർത്ത മാനം കേട്ട് അത് വിശ്വസിച്ച് പിൻതിരിഞ്ഞുപോയ ജനതയുടെ അനുഭവമായിരിക്കും നമ്മെയും കാത്തിരിക്കുന്നത്. ചിന്തിക്കുക ! മരുഭൂമിയിൽ ചുറ്റിതിരിയേണ്ടി വരുന്ന അവസ്ഥ; അതെത്ര ഭയാനകമായിരിക്കും. അതുകൊണ്ട് മുന്നോട്ടു പോകുക. കഷ്ടതകളെ ലാഭമാക്കുന്നവൻ അപ്പുറത്തു കനാനിൽ നില്പുണ്ട്.

### കാദേശ് ബർന്നേയ സമർപ്പണത്തിന്റെ പ്രതീകമാകുന്നു

ഇന്ന് അനേകർ ഈ അതിർത്തിരേഖവരെ എത്താറുണ്ട്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്"(ഗലാ.2:20). ഇങ്ങനെയുള്ള സമർപ്പണ മനോഭാവം ചിലരെങ്കിലും മുന്നിൽ കാണുകയും ചെയ്യും. അങ്ങനെ ബുദ്ധിയുള്ള ആരാധനയായി തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയുള്ളതും ദൈവത്തിനു പ്രസാദമുള്ളതുമായ യാഗമായി സമർപ്പിക്കുമ്പോൾ(റോമ.12:1) അവർക്ക് സന്തോഷവും മഹത്വവും ദർശിക്കാൻ കഴിയും. ആ മനോഹരമായ വാഗ്ദത്ത ദേശത്തു ദൈവം നമ്മെ കൊണ്ടുചെന്ന് എത്തിക്കുകയും ചെയ്യും. എന്നാൽ അതിനുള്ള വില കൊടുക്കുവാൻ തയ്യാറാകാത്തതിനാൽ വീണ്ടും മരുഭൂമിയിലേക്കു പോയി ഫലമില്ലാത്ത ജീവിതം ജീവിച്ചു തീർക്കുന്നു. അതെത്രയോ ശോചനീയം.

### കാദേശ് ബർന്നേയ പ്രാർത്ഥനാ ജീവിതത്തിന്റെ പ്രതീകമാകുന്നു


പ്രാർത്ഥനകൾക്ക് കുറവില്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇമ്പകരമായും താളാത്മകമായും ആഘോഷമായും, ഉന്തിയും ഊതിയും തള്ളിയും തുള്ളിയും ഓടിയും ചാടിയും ഫോണിലൂടെയും ഒക്കെ പ്രാർത്ഥനകൾ. പക്ഷേ അതിലെ ആത്മീയ സത്യസന്ധത പലരും മനസ്സിലാക്കുന്നില്ല. എന്നിരിക്കിലും കാതലായതും സത്യസന്ധവുമായ പ്രാർത്ഥനകളിലൂടെയും വിശ്വാസാചാരാനുഷ്ഠാനങ്ങളിലൂടെയും ദൈവീകാനുഗ്രഹങ്ങൾ നേടിയെടുക്കാൻ നമുക്ക് കഴിയും. പല വിശുദ്ധ പിതാക്കൻമാരുടെയും പ്രാർത്ഥനാനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഞാൻ ഇന്നുമുതൽ ഒരു പ്രാർത്ഥനാ മനുഷ്യനായി ജീവിക്കും; ഞാൻ അതിനായി വളരെ സമയം വിനിയോഗിക്കും; എന്നൊക്കെ ചിലർ തീരുമാനമെടുക്കും. എന്നാൽ ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഭയപ്പെട്ട് വീണ്ടും മരുഭൂമിയുടെ മരീചികയിലേക്കക്കുതന്നെ മടങ്ങിപ്പോകാറില്ലേ ! നമ്മെ തന്നെ വിശുദ്ധീകരിച്ച് സത്യസന്ധവും നിരന്തരവുമായ പ്രാർത്ഥനാ ജീവിതം നയിച്ചാൽ വിശുദ്ധമായതിലേക്ക് അതായത് കനാനിലേക്ക് പ്രവേശിക്കാൻ നമുക്ക് കഴിയും.

### കാദേശ് ബർന്നേയ തിരിച്ചറിവിന്റെ പ്രതീകമാകുന്നു

മനുഷ്യന് വേണ്ട ഒരു വലിയ സ്വഭാവഗുണമാണ് തിരിച്ചറിവ്. യഹോവ ദൈവമാണെന്നും തങ്ങളുടെ പരിപാലകനാണെന്നുമുള്ള തിരിച്ചറിവ് നഷ്ടമാക്കിയതാണ് യിസ്രായേല്യർക്കു പറ്റിയ തെറ്റ്. അതേ തെറ്റുതന്നെ ഇന്നും ആവർത്തിക്കപ്പെടുന്നു. ദൈനംദിന ജീവിതത്തിൽ ദൈവം നടത്തുന്ന വിധങ്ങൾ ആവോളം ആസ്വദിച്ചിട്ടും തിരിച്ചറിവ് നഷ്ടമായ മനുഷ്യമനസ്സുകൾ കാദേശ് ബർന്നേയയിൽ തന്നെ നിൽക്കുകയല്ലേ ! പ്രായോഗികമായ പല ബുദ്ധിമുട്ടുകളും പ്രലോഭനങ്ങളും അവരെ തടസ്സപ്പെടുത്തുന്നു. അങ്ങനെ മുന്നോട്ടുള്ള പാതയിൽനിന്നും വ്യതിചലിച്ചു ഈ ലോകമാകുന്ന മരുഭൂമിയിലേക്കു ദേമാസിനെപ്പോലെ മടങ്ങിപ്പോകുന്നു. കനാൻ തൊട്ടടുത്താണെന്നുള്ള തിരിച്ചറിവ് നമ്മെ ഭരിക്കട്ടെ.

കാദേശ് ബർന്നേയ മാനവജാതിക്കു മുഴുവൻ ഒരു പാഠമാണ്. അത് അവിശ്വാസത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമാണ്; അത് അനുസരണക്കേടിന്റെയും അനുസരണത്തിന്റെയും പ്രതീകമാണ്; അത് വിജയ പരാജയങ്ങളുടെ പ്രതീകമാണ്. കാദേശ് ബർന്നേയ നൽകുന്ന അനുഭവ പാഠം ഉൾക്കൊണ്ട് ഒരു ആത്മ പരിശോധനയ്ക്ക് നമുക്ക് തയ്യാറാകാം. ധൈര്യവും ശക്തിയും നഷ്ടപ്പെട്ട് ദുർവർത്തമാനത്തിനടിപ്പെട്ട് വിശ്വാസം വെടിഞ്ഞ് പരാജയപ്പെട്ട് അനേകർ ദിശയറിയാതെ കാദേശാകുന്ന മരുഭൂമിയിൽ പര്യവസാനിക്കുന്നു. യോശുവയും കാലേബും പറയുന്നത് സദ്വർത്തമാനമാണ്. അവരുടെ വിശ്വാസവും അനുസരണവും നമുക്ക് മാതൃകയാകട്ടെ. കാദേശിൽനിന്ന് കനാനിൽ പ്രവേശിക്കണമെങ്കിൽ യഹോവ നമ്മിൽ പ്രസാദിക്കണം (സംഖ്യ.14:8); യഹോവ നമ്മിൽ പ്രസാദിക്കണമെങ്കിൽ അവന്റെ വാക്കുകൾ കേട്ട് അനുസരിക്കയും ഉടമ്പടി പാലിക്കുകയും വേണം(പുറ.19:5,6). കാദേശ് ബർന്നേയ ഒരു ടേണിംഗ് പോയിന്റാണ്. അത് മരുഭൂമിയുടെ കയ്പ്പിന്റെ അനുഭവമല്ല; മറിച്ച് വിശുദ്ധിയുടെ അനുഭവമാകട്ടെ. ചിലരെങ്കിലും ഉറച്ചു വിശ്വസിക്കുന്നുണ്ടാകാം യോശുവയെപ്പോലെ; മുന്നിൽ കാണുന്ന മല്ലൻമാരെ ജയിക്കാനുള്ള ശക്തി കർത്താവ് തരുമെന്നും, ആ ദേശത്തു ചെന്നെത്താൻ സഹായിക്കുമെന്നും. യഹോവയിൽ ധൈര്യപ്പെട്ട് നമുക്ക് മുന്നോട്ടു പോകാം. മല്ലൻമാരെയോ മറ്റ് യാതൊന്നിനെയോ ഭയപ്പെടേണ്ടാ. അനുഗ്രഹത്തിന്റെ കരം നീട്ടി നമ്മുടെ നാഥൻ നമ്മെ ചേർത്തുകൊള്ളാൻ അവിടെ കാത്തു നിൽക്കുന്നുണ്ട്.

■




ഗ്യാലറി. ഒരു കാലത്ത് കാഴ്ചക്കാരുടെ ഇരിപ്പിടം എന്നർത്ഥമുണ്ടായിരുന്നു. പുതിയ കാലത്ത് നമ്മുടെ ഫോണിലെയും റ്റാബിലെയും കാഴ്ചകളുടെ ഇരിപ്പിടമാണ്. ദൃശ്യമൊരു മെഗാഹിറ്റ് ചലച്ചിത്രം മാത്രമല്ലല്ലോ മാഷേ! ദൃശ്യം ഇന്നൊരു സംസ്കാരത്തിന്റെ പേരാണല്ലോ. കാണുക/കാഴ്ച എന്നതൊരു സാംസ്കാരിക പ്രവർത്തനമാണ്. ദാർശനികമായൊരു ഉള്ളടക്കത്തോടെ സമീപിക്കുമ്പോൾ അതൊരു ആത്മീയ പ്രവർത്തനം കൂടിയാണ്. ജീവിതത്തിന്റെ സന്തുലിതത്വത്തെ വീണ്ടെടുക്കുവാൻ പോന്ന ആത്മവിദ്യ തന്നെയാണ്. എന്തു കാൺമാൻ പോയി എന്ന ചിരപുരാതന ചോദ്യം തന്നെയാണ് ഇവിടെ പ്രസക്തമാവുക. വീക്ഷണം വസ്തുനിഷ്ഠമോ ആത്മനിഷ്ഠമോ എന്നതുതന്നെ. സത്യത്തിൽ നാം എന്താണ് കാണേണ്ടത്.

ബുദ്ധൻ പറഞ്ഞ ഒരു കഥയുണ്ട്. തെരുവു സർക്കസുകാരായ ഒരു ഗുരുവും ശിഷ്യനും അനുദിനമുള്ള ആഭ്യാസ പ്രകടനങ്ങൾകൊണ്ട് വയറുപിഴയ്ക്കുന്നവർ. ഗുരുവിന്റെ ശിരസ്സിൽ ഉയർത്തിനിർത്തുന്ന മുളം കമ്പിലൂടെ മെല്ലെ കയറുന്ന ശിഷ്യൻ. കമ്പിന്റെ അഗ്രത്തോളം എത്തുന്ന അവനെയും കൊണ്ട് മൈതാനത്തിന് അയാൾ വലം വെയ്ക്കുന്നു. ഇതാണ് എല്ലാ തെരുവുകളിലും നടത്തുന്ന പ്രകടനം. അപാരമായ എകാഗ്രതയോടും സ്ഥിരചിത്തതയോടുമാണ് ഒരോ ചലനവും. ഒരിക്കൽ ഗുരു പറഞ്ഞു: "കുഞ്ഞേ, ഞാൻ നിന്റെ ചലനങ്ങളെ സൂക്ഷ്മതയോടെ ശ്രദ്ധിക്കും; നീയും അപ്രകാരം തന്നെ ചെയ്യുക." ശിഷ്യന്റെ മറുപടി ഇപ്രകാരമാണ്: "പ്രിയ ഗുരു, നാം ഓരോരുത്തരും അവരവരുടെ ചലനങ്ങളെ കൂടുതൽ ശ്രദ്ധിക്കുന്നത് കുറേക്കൂടി നന്നാവില്ലേ? അതു നിശ്ചയമായും അപരന്റെ രക്ഷയും ഉറപ്പാക്കുന്നതാണല്ലോ!" (Dear Master, I think it would be better for each of us to watch . To look after oneself means to look after both of us)

അവസാന വരിയിൽ watch എന്നൊരു പദമുണ്ട്. കാണുക, നിരീക്ഷിക്കുക , ശ്രദ്ധിക്കുക എന്നെല്ലാം അർത്ഥം നൽകാവുന്ന ഒരു പദം. നമ്മുടെ ഗ്യാലറികളിൽ നാം സേവ് ചെയ്യുന്നതെല്ലാം നാം watch ചെയ്തവയാണ്. കണ്ടതെല്ലാമൊന്നും ആരും സൂക്ഷിക്കാറില്ല. ചിലരാകട്ടെ ഗ്യാലറികളെ പാസ്‌വേർഡ് ഇട്ട് സൂക്ഷിക്കാറുമുണ്ട്.

കാഴ്ചകളേറയുണ്ട് നമുക്ക് ചുറ്റും. അതുകൊണ്ട് തന്നെ സ്വയം കാണുക

**watch എന്നൊരു പദമുണ്ട്. കാണുക, നിരീക്ഷിക്കുക , ശ്രദ്ധിക്കുക എന്നെല്ലാം അർത്ഥം നൽകാവുന്ന ഒരു പദം. നമ്മുടെ ഗ്യാലറികളിൽ നാം സേവ് ചെയ്യുന്നതെല്ലാം നാം watch ചെയ്തവയാണ്. കണ്ടതെല്ലാമൊന്നും ആരും സൂക്ഷിക്കാറില്ല. ചിലരാകട്ടെ ഗ്യാലറികളെ പാസ്‌വേർഡ് ഇട്ട് സൂക്ഷിക്കാറുമുണ്ട്.**

എന്ന ആത്മാന്വേഷണത്തിന്റെ പാഠം അനിവാര്യതയാകുന്നുമുണ്ട്. Know thyself. അതിൽ പരം എന്താണ് ആത്മജ്ഞാനം.

നമ്മുടെ കാലത്തെ ആത്മാന്വേഷണം തുടങ്ങാനൊരു എളുപ്പവഴിയുണ്ട്. നമ്മുടെ ഡിവൈസുകളുടെ ഒരു formating-ൽ അതാരംഭിക്കാം. സത്യത്തിൽ അത് formation-ന്റെ ഒരു വഴിതന്നെയാണ്. കണ്ടതും കേട്ടതുമെല്ലാം സേവ് ചെയ്യുന്നത് അത്ര നന്നല്ല. അത് നിന്റെ മെമ്മറിയെ ബാധിക്കാൻ ഇടയുണ്ട്. നാം ദൈവമക്കളെന്ന ഓർമ്മയെ ത്തന്നെ! delete ചെയ്യേണ്ട ചിലതുണ്ട്. ഫോൺ ഗ്യാലറിയുടെ കാര്യം മാത്രമല്ലെടോ പറയുന്നത്. എന്റെയും നിന്റെയും ഹൃദയത്തിന്റെ ഗ്യാലറിയെക്കുറിച്ചാണ്. നമ്മുടെ ഉള്ളടക്കത്തെപറ്റിയാണ്. നിറഞ്ഞ പക. വഷളൻ ആസക്തികൾ. മരണകരമായ അസൂയ. കൊടിയ അഹന്ത. അപകടകരമായ അലസത അങ്ങനെ എന്തല്ലാമുണ്ടതിൽ! ഇവകൊണ്ട് മാത്രം പലപ്പോഴും നമ്മുടെ സുഗമജീവിതം തടസ്സപ്പെടുന്നു. നല്ല ബന്ധങ്ങൾ തകരുന്നു. അവിഹിത ബന്ധങ്ങൾ ഉണ്ടാകുന്നു. ജീവിതത്തിന്റെ ഓരോ ദിവസത്തെയും റിസൾട്ട് മോശമാകുന്നു. ജീവിതം വല്ലാതെ കൺജസ്റ്റഡാകുന്നു. ഒടുവിൽ എല്ലാംകൂടി ജാമാകുന്നു. ശരിക്കും hang ആകുന്നതിനുമുമ്പ് ഒരു formating ആവശ്യമല്ലെ സഖേ!

നിന്റെ മുഖത്ത് ചെളിയിരിക്കുന്നു എന്ന പറഞ്ഞ് അയൽക്കാരന്റെ മുഖം തുടയ്ക്കാൻ കൈയ്യുയർത്തുമ്പോൾ ഓർക്കണം നിന്റെ കൈയ്യിലെ ചെളി അവന്റെ മുഖത്ത് തേയ്ക്കാൻ അല്ലാതെ മറ്റൊരു ഗുണവും ആ പ്രവർത്തി കൊണ്ടില്ലെന്ന്! എന്റെ search history എടുത്ത് നോക്കിയാൽ നിന്റെ മുഖത്ത് ചെളിയുണ്ട് എന്ന് ഞാൻ പറയില്ല. ഉറപ്പായും നമ്മുടെ watch history നോക്കണം. ഈ ചരിത്രത്തിൽ നാം എന്താണ് നിർമ്മിക്കുന്നത്; അല്ലെങ്കിൽ നാം നിർമ്മിക്കുന്ന ചരിത്രമെന്താണ്; എന്നൊരു കണ്ടെത്തലിന്റെ തുടക്കമാവുമത്. നമ്മുടെയും ഒപ്പമുള്ളവരുടെയും ജീവിതത്തിന്റെ ബാലൻസ് നഷ്ടപ്പെടുത്താത്ത ഒരു സ്വയ നിരീക്ഷണം വീണ്ടെടുക്കാനാകണം കാഴ്ചകളുടെ ഈ ആഘോഷങ്ങക്കിടയിൽ! "നീ ബ്രഹ്മചാരിയാണെങ്കിൽ വിധിക്കരുത്; കാരണം വ്യഭിചരിക്കരുത് എന്നു പറഞ്ഞവൻ തന്നെ വിധിക്കരുത് എന്നും പറഞ്ഞിട്ടുണ്ട്. വിധിക്കുകയല്ല സഖാവേ, തിരുത്തുകയാണ്; നിന്നെയല്ല; എന്നെത്തന്നെ!" "The best teachers are those who show you where to look, but don't tell you what to see." ■

## ബഹുമതി



ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിന്റെ ദേശീയ ബഹുമതിയായ ഹിമാലയ വുഡ് ബാഡ്ജ് നേടിയ മാത്യു രാജൻ. കാർത്തിക പ്പള്ളി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകനും ആലപ്പുഴ ജില്ലാ ട്രെയിനിംഗ് കമ്മീഷണറുമാണ്.

പറക്കോട് സെ. പീറ്റേഴ്സ് & സെ. പോൾസ് വലിയ പള്ളിയിൽ ഏഴംകുളം കാവുങ്കൽ ഇടവകാംഗം. മലങ്കര അസോസിയേഷൻ മെമ്പർ.

ഭാര്യ- മിനി റ്റി. കൈപ്പട്ടൂർ സെ. ഗ്രിഗോറിയോസ് സീനിയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപിക.

മക്കൾ: മെൽവിൻ മാത്യു, മീവൽ മറിയം മാത്യു.

## അലക്സിയോസ് മാർ തേവോദോസിയോസ് മലങ്കരസഭയുടെ ധർമ്മയോഗി



ബഥനി ആശ്രമ സ്ഥാപകനും കൊല്ലം ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായുമായിരുന്ന കാലംചെയ്ത അലക്സിയോസ് മാർ തേവോദോസിയോസിനെ 'മലങ്കരസഭയുടെ ധർമ്മയോഗി' എന്ന ബഹുമാന നാമം നൽകി ആദരിക്കുന്നതിന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.


For Favours Received







ഒരു വിശ്വാസി

ഒരു വിശ്വാസി



വിശുദ്ധനാട് തീർത്ഥാടനം

ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക സേവനവിഭാഗം ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 2015 നവംബർ മാസം 17-ാം തീയതി കോട്ടയം ദേവലോകത്ത് നിന്നും യാത്ര പുറപ്പെടുന്നു. യാത്രക്ക് വന്ദ്യരായ വൈദീകർ, അംഗീകാരമുള്ള ഗൈഡുകൾ, ഒപ്പം നിരവധി തവണ വിശുദ്ധ നാട് യാത്ര നയിച്ച സജി സാം മുഞ്ഞവിളയുടെ മേൽനോട്ടത്തിൽ ഗ്രൂപ്പുകൾ നയിക്കപ്പെടുന്നു.

Fr.Kurian Zachariah
9895793977
*Chief Co-ordinator*
Varghese T. Abraham
9961028528

*Ardra Secretary*
Adv.(Dr.) Isaac Pampady
9447258907
Saji Sam Munjavila
9496326768

JORDAN PILGRIM TOURS
Munjavilayil Buld. Mallassery P.O.
Pathanamthitta - Pin.689646



**അബിൻ ജേക്കബ് മാത്യു**

അഖില മലങ്കര സൺണ്ടേസ്ക്കൂൾ പ്രതിഭ.
ചേപ്പാട് സെന്റ് ജോർജ്ജ്
വലിയപള്ളി ഇടവകാംഗം.
ദേവലോകം അരമനയിൽ നടന്ന സൺഡേ
സ്ക്കൂൾ അഖില മലങ്കര വാർഷിക സമ്മേളന
ത്തിൽ നടത്തിയ പ്രഭാഷണം.




# പുതിയ തലമുറയ്ക്കുള്ള സൺഡേസ്ക്കൂൾ ബോധനം

'യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും? ഞാൻ എന്റെ നേർച്ചകളെ, അവന്റെ സകല ജനവും കാൺകെ കഴിക്കും."

ഏറെ അഭിമാനത്തോടെയാണ് ഞാൻ ഈ വേദിയിൽ നിൽക്കുന്നത്, കാരണം എന്റെ മാതാപിതാക്കൾക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ നിമിഷങ്ങളില്ലൊന്നാണിത്. ഈ ധന്യ നിമിഷം എനിക്കു നൽകിയതിന് സർവ്വ ശക്തനായ ദൈവത്തെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു.

മാർത്തോമൻ പൈതൃകത്തെ പൊൻതിരിനാളമാക്കി, തോമാവബോധത്തെ കരുത്താക്കി, ഭാരതീയ സംസ്കൃതിയോട് ചേർന്ന് നിന്ന് കാലത്തിന്റെ വേഗങ്ങളെയും ആവേഗങ്ങളെയും അതിജീവിച്ച് ഇതര വിഭാഗങ്ങൾക്ക് മാതൃകയും പ്രചോദനവുമായ മലങ്കരസഭ. മലയാള മണ്ണിന്റെ ചൂടും ചൂരുമറിഞ്ഞ് ഭാരതത്തിന്റെ തദ്ദേശിയ സഭയായി മലങ്കരസഭ വളരുന്നു.

കറുത്ത പൊന്നിന്റെ സമൃദ്ധിയിൽ നിന്ന് വിദേശികളുടെ അടിമത്വത്തിലേക്കും ജന്മികുടിയാൻ വ്യവസ്ഥിതിയുടെ ആഴങ്ങളിലേക്കും അയിത്തോച്ചാടനത്തിന്റെ അവഗണനകളിലേക്കും നീങ്ങിയ കേരളസമൂഹം ഇന്ന് സാക്ഷരതയിൽ ഒന്നാംസ്ഥാനവും ജീവിതനിലവാരത്തിൽ മുൻപന്തിയിലും നിൽക്കുന്ന സംസ്ഥാനമായി രൂപപ്പെട്ടിരിക്കുന്നു. പേരും നിറവും നോക്കി അറിവു പകർന്നിരുന്ന നാളുകളിൽനിന്ന് സമ്പൂർണ്ണ സാക്ഷരതയുടെ അവകാശികളായി നാം തലയുയർത്തി നിൽക്കുമ്പോൾ നമ്മുടെ രാഷ്ട്രപതി ആദരണിയനായ പ്രണബ് മുഖർജിയുടെ വാക്കുകൾ ഏറെ പ്രസക്തമാണ്.

"The seminary was the first indigenous initiative towards the universal literacy and education, which has today made kerala the most literate state in our country"

"സാർവത്രിക വിദ്യാഭ്യാസം സാധ്യമാക്കിയ ആദ്യ തദ്ദേശിയ പ്രവർത്തനം സെമിനാരിയുടേതായിരുന്നു. അതാണ് ഏറ്റവും ഉയർന്ന സാക്ഷരത നിരക്കിലേക്ക് കേരളത്തെ ഇന്ന് എത്തിച്ചിരിക്കുന്നത്."

ഇരുന്നൂറ് വർഷം പിന്നിട്ട പഴയ സെമിനാരിയുടെ ബഹുമാനാർത്ഥം പ്രസിദ്ധീകരിച്ച സ്റ്റാമ്പിന്റെ പ്രകാശന വേളയിൽ രാഷ്ട്രപതി പറഞ്ഞ വാക്കുകളാണിവ.

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്തെ വിശാലമാക്കുന്നതിൽ മലങ്കരസഭ വഹിച്ച പങ്ക് അവിസ്മരണീയമാണ്. എന്നാൽ വർത്തമാനകാലത്ത് അതിന് നമുക്ക് കഴിയുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കേരളീയ സമൂഹത്തിന് ദിശാബോധവും മാർഗ്ഗദർശനവും നൽകി മുൻപിൽ നിന്ന് നയിക്കുവാൻ നാം ഇന്ന് പ്രാപ്തരാണോ?

ഇവിടെ സൺഡേ സ്കൂളിന് പ്രവർത്തിക്കുവാൻ ഏറെയുണ്ട്. പ്രാവർത്തികമാക്കുവാൻ വളരെയുണ്ട്.

ചില ചിന്തകൾ സമർപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

**1. ആത്മീയ അവബോധം സാമൂഹ്യ മാധ്യമങ്ങളിലൂടെ ഉറപ്പിക്കേണ്ട സൺഡേസ്കൂൾ പ്രസ്ഥാനം.**

ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതന സംവിധാനങ്ങൾ ജീവിതം ലളിതമാക്കുന്നകാലത്ത് നാം ഇന്ന് ജീവിക്കുന്നു. അടുത്തിരിക്കുന്ന കൂട്ടുകാരന് പോലും ഓൺലൈൻ ചാറ്റ്ബോക്സിൽ 'ഹായ് ' കൊടുക്കുന്ന കാലം. അന്യന്റെ മുഖത്ത് നിന്ന് കണ്ണുകളെടുത്ത് , സ്വന്ത മുഖത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്ന സെൽഫിയുടെ കാലം. മനസ്സിലുള്ളത് തുറന്ന് പറയുവാൻ സ്റ്റാറ്റസ് കോളം പരതുന്ന, ഊണിലും ഉറക്കത്തിലും വരെ ലൈക്ക് നേടുന്ന ഈ കാലത്ത് സഭാമക്കളെ എന്തിന്റേയും നന്മ സ്വീകരിക്കാൻ പഠിപ്പിക്കേണ്ടത് സൺഡേ സ്കൂൾ ക്ളാസുകളാണ്.

സത്യസന്ധമായ സത്വാവിഷ്കാരത്തിന് ധൈര്യമില്ലാത്ത എത്രയോ വ്യാജ പ്രൊഫൈലുകളുടെ നടുവിലാണ് നാം ജീവിക്കുന്നത്. സുഖാന്വേഷണങ്ങളുടെ പുതിയകാലത്ത് സത്യാന്വേഷണങ്ങളുടെ ബദൽ പ്രൊഫൈൽ




**"പേര് നോക്കിയും ജാതി നോക്കിയും സ്ഥാനാർത്ഥിനിർണ്ണയം നടത്തുന്ന ഈ കാലത്ത്, നമ്മുടെ സ്വാധീനമേഖല കളിൽ പോലും മത്സരി ക്കുവാൻ ഉത്തമരായ വർ ഇല്ല എന്നത് ഞെട്ട ലോടെ നാം തിരിച്ചറിയേ ണ്ടതല്ലേ?**

ആകുവാൻ പഠിപ്പിക്കേണ്ടത് സൺഡേ സ്കൂൾ ആണ്. കപട നിർമ്മിതികളെ തകർക്കുവാനും ഗുണോന്മുഖമായ ഇട പെടലിലൂടെ ആത്മസത്തയെ അന്വേ ഷിക്കുവാനും ശേഷിയുള്ള തലമുറ ഇവിടെ വളരുവാൻ, വി. വേദപു സ്തകത്തെ അറിഞ്ഞ് ജീവിക്കുന്ന തല മുറയെ രൂപപ്പെടുത്തുവാൻ പ്രസ്ഥാനം പരിശ്രമിക്കേണ്ടതുണ്ട്. ഒപ്പം സോഷ്യൽ മീഡിയകളിലൂടെ ആത്മീ യാവബോധം നൽകാൻ നടപടികൾ പ്രസ്ഥാനം എടുത്തേ മതിയാകു.

വിശക്കുന്നവന്റെ നിലവിളിയോ, അവശരുടെ അപേക്ഷയോ ചെവികൊ ടുക്കാതെ ഹെഡ് സെറ്റിന്റെ ശബ്ദകോ ലാഹലങ്ങളിൽ നാം മുങ്ങുമ്പോൾ ഇവിടെ മാറ്റത്തിന്റെ ശബ്ദമാകേണ്ടത് സൺഡേസ്കൂൾ പ്രസ്ഥാനമാണ്.

മാധ്യമബോധനത്തിനെ പാഠ്യപദ്ധ തിയിൽ ഉൾപ്പെടുത്തുന്നതിനോടപ്പം സാങ്കേതികവിദ്യയെ ഫലപ്രദമായി ഉപ യോഗിക്കുവാനും നാം ശ്രമിക്കണം. എട്ടാം ക്ലാസ്സ് മുതൽ ഉള്ള പാഠഭാഗ ങ്ങളുടെ ഓൺലൈൻ റിസോഴ്സുകളും ഓൺലൈൻ ക്ലാസ്സുകളും ലഭ്യമാ ക്കുവാൻ നമുക്ക് സാധിക്കുന്നുവെങ്കിൽ തീർച്ച, സെക്കുലർ വിദ്യാഭ്യാസ ത്തിന്റെ തിരക്കുകൾക്കിടയിലും സണ്ടേസ്കൂൾ വിദ്യാഭ്യാസം ഉറപ്പുവ രുത്തുവാൻ നമുക്ക് സാധിക്കും.

**2. രാഷ്ട്രീയ അവബോധം നൽകേണ്ട സൺഡേ സ്കൂൾ പ്രസ്ഥാനം.**

മെത്രാനെ അംഗീകരിച്ചു നൽകിയ രാജകീയ വിളംബരവും, കരമൊഴിവായി ഭൂമിപതിച്ചു നൽകിയ ചരിത്രവും സഭാ ചരിത്രത്തിൽ തങ്ക ലിപികളാൽ വിരചി തമായ സ്വാധീനശക്തിയുടെ നിത്യ സ്മരണകളാണ്. നസ്രാണി സൈന്യം എന്ന സൈനീകർ വരെ സ്വന്തമായി രുന്ന സഭ ഇന്ന്, അവകാശങ്ങൾ നിഷേ ധിക്കപ്പെടുന്ന തലത്തിലേക്ക്, അർഹ തയുള്ളത് നേടിയെടുക്കുവാൻ, ദൈവാനുഗ്രഹമായി കൈമാറിവന്ന പൈതൃകങ്ങളെ കാത്തുസംരക്ഷിക്കു വാൻ പോരാടേണ്ടിവരുന്ന അവസ്ഥ സംജാതമാകുമ്പോൾ നാം ഏറെ കാര്യ ഗൗരവത്തോടെ കരുതേണ്ട വിഷയമാ ണിത്. കേരളത്തിന്റെ സാമൂഹിക– സാംസ്കാരിക രംഗത്ത് നിന്ന് മലങ്കര സഭാംഗങ്ങളുടെ എണ്ണം ഗണ്യമായി കു റയുന്നത് ഏറെ കാര്യഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതുണ്ട്.

പേര് നോക്കിയും ജാതി നോക്കിയും സ്ഥാനാർത്ഥിനിർണ്ണയം നടത്തുന്ന ഈ കാലത്ത്, നമ്മുടെ സ്വാധീനമേഖലക ളിൽ പോലും മത്സരിക്കുവാൻ ഉത്തമ രായവർ ഇല്ല എന്നത് ഞെട്ടലോടെ നാം തിരിച്ചറിയേണ്ടതല്ലേ? ഒരു സി.എം. സ്റ്റീഫനോ, ഉമ്മൻ ചാണ്ടിയോ, ഉണ്ടാ യിരുന്നിരിക്കാം, എന്നാൽ ഇന്ന് അത്തരത്തിൽ മുഖ്യധാരയിൽ നിന്ന് സമൂഹത്തെ നയിക്കുവാൻ പ്രാപ്തി യുള്ള എത്രപേർ നമുക്കിടയിലുണ്ട്. കേരളത്തിന്റെ മുഖ്യധാര രാഷ്ട്രീയ ത്തിൽ നിന്നും നാം ഏറെ പിന്തള്ളപ്പെ ട്ടിരിക്കുന്നു.

മതേതരത്വ ഭാരതത്തിൽ മാമോ ദീസ മുങ്ങുന്ന വോട്ടിന്റെ കണക്ക് എടു ക്കുന്നത് തെറ്റാണെന്ന് അറിയാമെ ങ്കിൽകൂടി, നമ്മുടെ അവകാശങ്ങളെ അംഗീകരിക്കുകയും അർഹതയെ അനുവദിക്കുകയും ചെയ്യുന്ന ഒരു ഭരണ വ്യവസ്ഥിതി ഉണ്ടാകണമെങ്കിൽ പഞ്ചായത്തു തലം മുതൽതന്നെ സഭ യോട് വിധേയത്വം പുലർത്തുന്ന നേതാക്കന്മാർ ഉണ്ടായേ മതിയാകൂ. മൂല്യബോധവും നേതൃത്വപാടവവു മുള്ള നേതാക്കന്മാരെ, രാഷ്ട്രീയ അവ ബോധമുള്ള തലമുറയെ രൂപപ്പെടു ത്തുവാൻ സൺഡേ സ്കൂൾ പ്രസ്ഥാനം പരിശ്രമിക്കണം.

**3. സാമൂഹിക അവബോധം പകരേണ്ട സൺഡേസ്കൂൾ.**

അഭിപ്രായങ്ങൾ പറയുവാനും പ്രകടിപ്പിക്കുവാനുമുള്ള വേദി പ്രസ്ഥാ നത്തിന് ഒരുക്കുവാൻ കഴിയണം. സംഘടിത ശക്തിയായി മുന്നേറുവാൻ പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും യൗവനത്തിൽ അല്ല. മറിച്ച് ബാല്യ ത്തിൽ തന്നെ ഒന്നിച്ചു നിൽക്കുവാനും പൊരുതുവാനും ഉള്ള ആർജ്ജവവും ആവേശവും പകരുവാൻ കഴിയണം. എന്നാൽ മാത്രമെ പ്രതിബന്ധങ്ങൾക്കി ടയിൽ, പ്രതിസന്ധികൾക്കിടയിൽ വിശ്വാസത്തെ മുറുകെപ്പിടിക്കുന്ന ഒരു തലമുറ ഇവിടെ വളരുകയുള്ളു. പറ ങ്കിപടയാളികളുടെ പീഡനങ്ങൾ ഭയ ക്കാതെ കൂനൻകുരിശിൽ പിടിച്ച് വിശ്വാ സത്തെ നെഞ്ചോടു ചേർത്തുപിടിച്ച പൂർവ്വികരെപോലെ, ആരാധനാപൈ തൃകത്തെ അരക്കിട്ട് ഉറപ്പിച്ച പിതാക്ക ന്മാരെപ്പോലെ, കാതോലിക്ക സിംഹാ സനത്തിന്റെ തിളക്കം കൂട്ടിയ ദീർഘ ദർശികളെപ്പോലെ എന്തുവിലകൊടു ത്തും പാരമ്പര്യങ്ങളെയും പൈതൃക ങ്ങളെയും വിശ്വാസങ്ങളെയും കാത്തു പരിപാലിക്കുന്ന ഒരു തലമുറ ഇവിടെ രൂപപ്പെടേണ്ടതുണ്ട്.

പൊതുസമൂഹത്തിനുമുന്നിൽ അസംഘടിത ശക്തിയായി തീരുവാ നല്ല മറിച്ച് സഭാംഗങ്ങൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങളെ ചോദ്യം ചെയ്യുവാനും അവകാശനിഷേധങ്ങളെ അന്വേഷിക്കുവാനും നമുക്ക് കഴിയ ണം. സൺഡേ സ്കൂളിന്റെ പ്രവർത്ത നങ്ങൾ സൃഷ്ടിക്കേണ്ടത്, സഹോദ രന്റെ വേദന തന്റെ വേദനയെന്ന് തിരി ച്ചറിഞ്ഞ് പ്രവർത്തിക്കുന്ന ഒരു തലമു റയെയാണ്.

**4. കാഴ്ചപ്പാടുകൾ രൂപപ്പെടു ത്തേണ്ട സൺഡേ സ്കൂൾ പ്രസ്ഥാനം.**

മാതാപിതാക്കൾക്ക് മക്കളെപ്പറ്റി യുള്ള സ്വപ്നങ്ങൾ ഇന്ന് അവസാനി ക്കുന്നത് എഞ്ചിനിയർ അല്ലങ്കിൽ നഴ്സ് എന്നതിലാണ്. ഇതിൽ കുരുങ്ങികിട ക്കുന്നു നമ്മുടെ സ്വപ്നങ്ങളും പ്രതീ ക്ഷകളും. അധ്യാപനവും കലയും സർക്കാരുദ്യോഗവും സാഹിത്യപ്ര വർത്തനവുമെല്ലാം രണ്ടാം തരമായി കണ്ടുകൊണ്ട് ഏറ്റവും കൂടുതൽ ധന സമ്പാദനം സാധ്യമാക്കുന്ന ഈ തൊഴിൽ മേഖലകളിലേക്ക്, നമ്മുടെ ചിന്താഗതി ചുരുങ്ങിയപ്പോൾ നമു ക്കുണ്ടായ തിരിച്ചടി എത്ര വലുതെന്ന് തിരിച്ചറിയുവാൻ ഇന്നും നമുക്ക് കഴി യുന്നില്ല. ഈ തൊഴിൽ മേഖലകൾ

ഉയർന്ന സാമ്പത്തിക സുരക്ഷിതത്വം സാധ്യമാക്കി, എന്നാൽ സാംസ്കാരിക കേരളത്തിൽ നാം ഒന്നുമല്ലാതായി തീർന്നു. ഒരുകാലത്ത് നാടിന്റെ മുഴുവൻ ബഹുമാനാദരവുകൾ ഏറ്റുവാങ്ങിയ അധ്യാപകർ നമുക്കിടയിൽ നിന്ന് ഇല്ലാതെയാകുന്നു. സർക്കാർ ഓഫീസുകളിൽ നിന്ന് സഭാംഗങ്ങളുടെ എണ്ണം ഗണ്യമായി കുറയുന്നു. ഇവിടെ മാറ്റത്തിന്റെ ശബ്ദമാകേണ്ടത് സൺഡേ സ്കൂൾ പ്രസ്ഥാനമാണ്.

അവരവരുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കുവാൻ അവസരം നൽകണം. പ്രൊഫഷണൽ കോഴ്സുകളുടെ പ്രോത്സാഹനത്തോടൊപ്പംതന്നെ മറ്റു മേഖലകളിലേക്കും ശ്രദ്ധചെലുത്തുവാൻ നമുക്ക് കഴിയണം. ഭരണതലത്തിൽ പി.സി അലക്സാണ്ടറെയും ബെഞ്ചമിൻ കോശിയേയും ജിജി തോംസണെയും മെറിൻ ജോസഫിനെയും പോലെ കഴുവുള്ള രാഷ്ട്രീയ മിമാംസകർ ഉണ്ടാവേണ്ടതുണ്ട്. മികച്ച രീതിയിൽ സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നൽകുവാൻ കഴിയുമെങ്കിൽ, നെറ്റ്, ജെ.ആർ.എഫ്., പി. എസ്.സി. തുടങ്ങിയ മത്സരപരീക്ഷകൾക്ക് ആവശ്യമായ പ്രോത്സാഹനം പ്രസ്ഥാനം നൽകുമെങ്കിൽ തീർച്ച, രാഷ്ട്രത്തിന്റെയും സഭയുടേയും അഭിമാനമാകുവാൻ ശേഷിയുള്ള കുഞ്ഞങ്ങൾ നമുക്കിടയിൽ ഉണ്ട്.

കാഴ്ചപാടുകളിൽ സൃഷ്ടിക്കുന്ന മാറ്റം പുതിയ തുടക്കംമാകും എന്ന് പ്രത്യാശിക്കാം.

**5. മാനവവിഭവശേഷിയെ വളർത്തേണ്ട സൺഡേ സ്കൂൾ.**

വ്യക്തമായ ദർശനമോ ആദർശമോ ഇല്ലാതെ പ്രദർശനത്തിന്റെ മറവിൽ പ്രവർത്തിക്കുന്നവർ, നമ്മേക്കാൾ ശേഷിയും ശേമൂഷിയും കുറഞ്ഞവർ അന്താരാഷ്ട്ര തലത്തിൽ ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഈ വിഭാഗങ്ങളെല്ലാം വളർന്നു വികസിക്കുമ്പോഴും ആൾബലവും അംഗബലവും ആത്മീയ അടിത്തറയുമുള്ള നാം എന്തുകൊണ്ട് പിന്നിലാകുന്നുയെന്ന് ചിന്തിക്കേണ്ടതുണ്ട്. ഇതര വിഭാഗങ്ങൾ കൈവരിക്കുന്ന ഭൗതിക വളർച്ചയെ അത്ഭുതത്തോടെ വീക്ഷിക്കുവാനല്ല നാം ശ്രമിക്കേണ്ടത്, മറിച്ച് ആത്മാഭിമാനത്തോടെ ആ വളർച്ച സ്വന്തമാക്കുവാനാണ് നാം ശ്രദ്ധിക്കേണ്ടത്.

സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആത്മാർത്ഥയുള്ള തലമുറയെ രൂപപ്പെടുത്തുമെങ്കിൽ ആ ലക്ഷ്യത്തിലേക്ക് ഏറെ ദൂരമില്ല. കഴിവും അറിവുമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാൻ പ്രസ്ഥാനത്തിന് കഴിയണം. അവരുടെ സർഗ്ഗാത്മികത തിരിച്ചറിഞ്ഞ് വികസിപ്പിക്കുവാനും സഭയുടെ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കി തീർക്കുവാനും നമുക്ക് കഴിയണം. സഭയക്ക് സ്ഥാപനങ്ങൾ ഉണ്ടാവുകയും അവയിൽ ജോലി നൽകിയും അനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കിയും മാനവവിഭവശേഷിയെ നമുക്ക് കാര്യക്ഷമമായി ഉപയോഗിക്കാം.

സഭയിൽ സന്ന്യാസിപ്രസ്ഥാനങ്ങൾ കുറയുന്നത് ഏറെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. പ്രാർത്ഥനയിലൂടെ സഭയെ ശക്തീകരിക്കുവാനും പ്രവർത്തനത്തിലൂടെ സഭയെ വളർത്തുവാനും ആത്മീയ ദർശനം നൽകുവാനും കഴിവുള്ള നല്ല സന്ന്യസ്ഥർ നമുക്ക് ഉണ്ടാവണം. സൺഡേ സ്കൂളിന്റെ പ്രവർത്തനം ആത്മീയ ആഭിമുഖ്യമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാൻ പര്യാപ്തമാക്കുന്നതിനൊപ്പം ദൈവവേലയ്ക്കായി അവരെ സമർപ്പിക്കുവാൻ പ്രചോദനമാകുകയും വേണം. കന്യാസ്ത്രീ മഠങ്ങളും.

സന്ന്യാസ ആശ്രമങ്ങളും വളരുവാൻ ദൈവവിളി തിരിച്ചറിയുന്ന ശമുവേൽ ബാലന്മാരെ ബാല്യത്തിൽ തന്നെ രൂപ്പെടുത്തുക എന്ന വലിയ ദൗത്യമാണ് സൺഡേസ്കൂളി നുള്ളത്.

**6. സാംസ്കാരിക അവബോധം വളർത്തേണ്ട സൺഡേ സ്കൂൾ.**

ചെമ്മനം ചാക്കോയും ബെന്യാമീനുമൊക്കെ സാംസ്കാരിക കേരളത്തിന്റെ പ്രിയപുത്രന്മാരാണ്. സി. പി. ചാണ്ടിയും

ഇസഡ്. എൻ. പാറേട്ടും ഡോ. സാമുവേൽ ചന്ദനപ്പള്ളിയുമൊക്കെ സഭയ്ക്ക് എന്നും മുതൽക്കൂട്ടുകളായിരുന്നു. സഭയുടെ ആരാധനാസാഹിത്യത്തെ പരിപോഷിപ്പിക്കുന്നതിൽ മാത്രമല്ല ചരിത്രത്തെ രേഖപ്പെടുത്തുന്നതിലും അവർ അതുല്യ സംഭാവനകൾ നൽകി. സാഹിത്യ അഭിരുചിയുള്ളവരെ തള്ളികളയുവാനോ രണ്ടാം തരമാക്കി ചിത്രീകരിക്കുവാനോ അല്ല നാം ശ്രമിക്കേണ്ടത്. മറിച്ച് നല്ല രചനകൾ കണ്ടെത്തി പ്രസിദ്ധീകരിക്കുവാനും അവർക്ക് വേദികൾ നൽകി ജനങ്ങൾക്കിടയിലേക്ക് എത്തിക്കുവാനും സഭയുടെ വ്യക്താക്കളാക്കി തീർക്കുവാനും ആവശ്യമായ നടപടികൾ ഉണ്ടാകണം. സൺഡേ സ്കൂളിന്റെ നേതൃത്വത്തിൽ സാഹിത്യ ശില്പശാലകളും കവിയരങ്ങുകളും കഥയരങ്ങുകളും നടത്തുമെങ്കിൽ തീർച്ച, സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാകും നമ്മുടെ കുഞ്ഞുങ്ങൾ.

രചനാരംഗത്ത് ശ്രദ്ധപതിപ്പിക്കുന്നതിനൊപ്പംതന്നെ അവതരണ രംഗത്ത് ശ്രദ്ധ ചെലുത്തുവാനും നമുക്ക് കഴിയണം. നല്ല ഗായകരെ, അഭിനയരംഗത്ത് വിസ്മയങ്ങൾ തീർക്കുന്ന അഭിനേതാക്കളെ, മയൂര വിസ്മയം തീർക്കുന്ന നർത്തകികളെ, ഭാരതത്തിന് സ്വർണ്ണചാർത്തേകുവാൻ കഴിവുള്ള കായിക താരങ്ങളെ - വളർത്തികൊണ്ടുവരുവാൻ സാധിക്കണം.

മലയാളികളുടെ മനസ്സിൽ തങ്ങി നിൽക്കുന്ന കഥാപാത്രങ്ങളും, മനസ്സിനെ തൊട്ടുണർത്തുന്ന പാട്ടുകളും ചിന്താശൈലികളെ മാറ്റിയെഴുതുന്ന കലാരൂപങ്ങളും സഭാംഗങ്ങളുടെ സൃഷ്ടിയായി വരണം. വേഗതകൂടിയ ഓട്ടക്കാരനും ഉയരംകൂടിയ ചാട്ടക്കാരനും നമ്മിൽ നിന്ന് വളരണം. അതിനു വേണ്ടിയാണ് സൺഡേ സ്കൂൾ പ്രസ്ഥാനം പരിശ്രമിക്കേണ്ടത്.

എന്റെ ചില ചിന്തകളാണ് ഞാൻ പങ്കുവെച്ചത്. സഭയുടെ ശക്തി സൺഡേസ്കൂൾ പ്രസ്ഥാനമാണ്. സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളാണ് സഭയുടെ വരും കാലങ്ങളെ രൂപപ്പെടുത്തുകയെന്ന് ഞാൻ വിശ്വസിക്കുന്നു.

കഴിഞ്ഞകാലങ്ങളിൽ സൺഡേ സ്കൂൾ നടത്തിയ ശക്തമായ ഇടപെടലുകൾ സഭാംഗങ്ങളുടെ ആത്മീയബോധത്തെ ഉണർത്തി എന്നതിൽ സംശയമില്ല. വിശ്വാസത്തെ മനസ്സുകളിൽ ഉറപ്പിക്കുവാൻ, പാരമ്പര്യത്തെ നെഞ്ചോടു ചേർത്തുപിടിക്കുവാൻ നമുക്ക് കഴിയുന്നുവെങ്കിൽ തീർച്ച, അതിന് കാരണം സൺഡേ സ്കൂൾ ക്ലാസ്സുകൾ ആണ്.

അമൂല്യങ്ങൾ എന്നു കരുതി നാം കാത്തുസംരക്ഷിച്ചിരുന്ന മൂല്യങ്ങളും സംസ്കാരങ്ങളും പൈതൃകങ്ങളും തച്ചുടച്ച്, ആധുനിക സമൂഹം മുന്നോട്ടു നീങ്ങുമ്പോൾ അവിടെ വേറിട്ട മുഖമാകുവാൻ നമ്മെ സഹായിക്കുന്നത് സൺഡേ സ്കൂൾ ക്ലാസ്സുകൾ ആണ്.

തുടർന്നും ഇന്നലേക്കാൾ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാൻ എല്ലാവിധ ആശംസകളും സൺഡേ സ്കൂൾ പ്രസ്ഥാനത്തിന് നേരുന്നു.

ഒരിക്കൽ കൂടി സർവശക്തനായ ദൈവത്തെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു.

അതെ, ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും.

നന്ദി നമസ്കാരം. ■



# ശിൽപങ്ങളിൽ ബാവാന്റെ കരവിരുത്




**സീതത്തോട്:** അപകടം സമ്മാനിച്ച വൈകല്യത്തിൽ തളരാതെ പാഴ്‌വസ്തുക്കളെ കലാസൃഷ്ടികളാക്കി മാറ്റുകയാണ് ബാവൻ. ഓഫീസുകളിൽ നിന്ന് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികളും അടപ്പുകളും കൊണ്ട് മൊബൈൽ ഫോൺ സ്റ്റാൻഡും ഫ്ളവർവേസും, മഞ്ചാടിക്കുരുവും, പുളിങ്കുരുവും കൊണ്ട് മാലകൾ, പാഴ്ക്കടലാസിൽ നിന്ന് ഒറിഗാമി ശിൽപങ്ങൾ, വേരുകളിൽ നിന്ന് പക്ഷികളുടെയും മൃഗങ്ങളുടെയും ശിൽപങ്ങൾ തുടങ്ങിയവയൊക്കെ ബാവന്റെ കരവിരുതിന്റെ തെളിവാകുന്നു.

മൂഴിയാർ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ആശുപത്രിയിൽ ഫാർമസിസ്റ്റായ നരിയാപുരം ചരുവിൽപ്പറമ്പിൽ ബാവൻ തോമസിലെ കലാസൃഷ്ടികൾക്ക് എന്തും അസംസ്കൃത വസ്തുവാണ്. ക്രിസ്ത്യൻ ദേവാലയത്തിലെ കുർബാനയ്ക്ക് ഉപയോഗിക്കുന്ന തക്സ സ്റ്റാൻഡ് മുതൽ കാസയും പീലാസയും വരെ ഇദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട്. 2005-ൽ നടന്ന അപകടത്തിൽ കാലിനേറ്റ ഗുരുതരമായ പരുക്കിനെ തുടർന്നുള്ള വിശ്രമത്തിനിടെയാണ് വൈദ്യുതി ബോർഡിലെ ഏക ഫാർമിസ്റ്റ് കൂടിയായ ബാവൻ കലാസൃഷ്ടികൾക്കു തുടക്കം കുറിക്കുന്നത്. വഴിയോരത്തു നിന്നു ഭാര്യ വത്സ വാങ്ങി നൽകിയ, ചിരട്ടയിൽ തീർത്ത കിളികളായിരുന്ന പ്രചോദനം.


ഡ്യൂട്ടി കഴിഞ്ഞ് ഒഴിവുള്ള സമയത്ത് മൂഴിയാറിലെ ക്വാർട്ടേഴ്സിൽ ഇരുന്നാണു കലാപ്രവർത്തനം. മുളയിലും ഈറ്റയിലുമായി നിർമിച്ച ടിവി, മൊബൈൽ സ്റ്റാൻഡുകൾ, ചിരട്ടയിൽ തീർത്ത വ്യത്യസ്തമായ ശിൽപങ്ങൾ, പേപ്പറിലും റിബണിലുമായി നിർമിച്ച രൂപങ്ങൾ, കാട്ടിൽ നിന്നു ശേഖരിച്ച കായിൽ തീർത്ത കൊന്തമാല തുടങ്ങിയവയുടെ ശേഖരണമാണ് മുറിയിൽ.

പരുമല പള്ളിയിൽ അടുത്തിടെ തക്സ സ്റ്റാൻഡ് നിർമിച്ചു നൽകിയ ബാവൻ നരിയാപുരം ഇമ്മാനുവേൽ ഇടവക പള്ളിക്കു ചിരട്ടയിൽ തീർത്ത കാസയും പീലാസയും നിർമ്മിച്ചു നൽകി. കലാസൃഷ്ടികൾ കാശിനു നൽകാറില്ല. ആവശ്യക്കാരുടെ താല്പര്യം അനുസരിച്ചാണു നിർമ്മാണം. മൂഴിയാർ വനാതിർത്തിയോടു ചേർന്നു ക്വാർട്ടേഴ്സിൽ ഒറ്റയ്ക്കു താമസിക്കുന്ന ബാവനു പദ്ധതിയിലെയും മൂഴിയാർ സ്ക്കൂളിലേയും സുഹൃത്തുക്കളുടെ പിന്തുണ കൂടി ലഭിച്ചതോടെ പാഴാക്കാൻ പാഴ്‌വസ്തുക്കൾ മാത്രമല്ല, സമയം കൂടി ഇല്ല. വീട്ടിലെത്തുമ്പോൾ കലാസൃഷ്ടികൾക്കു തണലായി മക്കളായ ജീബിയും ജിബിനും ഒപ്പമുണ്ട്. ■

## സമ്മാനാർഹർ



സൺഡേ സ്ക്കൂൾ സൗത്ത് സോൺ ജൂനിയർ പ്രസംഗത്തിന് രണ്ടാം സ്ഥാനം ലഭിച്ച മീവൽ മറിയം മാത്യു. തെങ്ങുംതുണ്ടിൽ ഡോ. ജിനു മാത്യു വൈദ്യന്റെയും ഡോ. ലാലമ്മ മാത്യു വൈദ്യന്റെയും മകൾ. തേവലക്കര മർത്തമറിയം ഓർത്തഡോക്സ് & മാർ ആബോ പിൽഗ്രിം സെന്റർ ഇടവകാംഗമാണ്.



അഖില മലങ്കര ഒ.വി.ബി.എസ്. 2015-ൽ നടത്തിയ അവലോകന റിപ്പോർട്ടിന് (ജൂനിയർ) ഒന്നാം സ്ഥാനം ലഭിച്ച ബെനിറ്റാ ലിസ് ജോൺ. മാവേലിക്കര പുന്നമൂട് സെ. ഗ്രീഗോറിയോസ് ഇടവകയിൽ കാരിക്കോട്ട് വാടയ്ക്കൽ ഉമ്മൻ ജോണിന്റെയും (യുവജനപ്രസ്ഥാനം മുൻ കേന്ദ്ര ട്രഷറാർ) ഷെറി ജോണിന്റെയും മകളാണ്.

**1st Birth day in Heaven**

**17-09-2015**



**SIJUSAM JECOB**

**Rosey villa,**
**Thumpamon**

With prayers ,
Daddy, Mummy, Achachen, Chechi
and Children



# Breaking The Word

# വേദമൊഴികൾ

ഫാ. ഫിലിപ്പ് തരകൻ തേവലക്കര

*2015 സെപ്റ്റം. 13*

## വാങ്ങിപ്പിന്റെ ശേഷം അഞ്ചാം ഞായർ

**വി: ലൂക്കോസ് 11:33 – 41**

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് പറഞ്ഞ യേശുതമ്പുരാൻ ശിഷ്യന്മാരോട് പറയുന്നു നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. (മത്തായി 5:14) അതിന്റെ വിശദീകരണമാണ് ഈ ഭാഗത്ത് കാണുവാൻ കഴിയുന്നത്. ഗുരുവും ഗുരുവിൽനിന്ന് ജ്ഞാനം ഉൾക്കൊണ്ടവരും വിളക്കുപോലെയാണ്. അത് സ്വയം പ്രകാശിക്കും.

1. ക്രിസ്തുവാകുന്ന വെളിച്ചത്തെ (നന്മയെ) ഉൾക്കൊള്ളുക. 2. നേടിയ വെളിച്ചം പകർന്ന് നൽകുക

ഈ രണ്ട് പ്രക്രിയകൾ യോഗയുക്തമായി ഏകീഭവിക്കുമ്പോഴാണ് പരമമായ സത്യത്തെ അനുഭവിച്ചറിയുവാൻ കഴിയുന്നത്. ഈ വേദ വായനയുടെ രണ്ടാംഭാഗത്ത് ആന്തരികമായ വിശുദ്ധി ഒരു വിശ്വാസിക്ക് അനിവാര്യമാണെന്ന സത്യം ക്രിസ്തു ശക്തമായി സൂചിപ്പിക്കുന്നു.

### 1. പ്രകാശിപ്പിക്കപ്പെടേണ്ടവന്റെ സമർപ്പണം

സൂര്യന്റെ മുമ്പാകെയുള്ള ചന്ദ്രന്റെ സമർപ്പണമാണ് നിലാവെളിച്ചം പൊഴിക്കു ന്നതിന് അതിനെ പ്രാപ്തമാക്കുന്നത്. ഒരു വിളക്കിൽനിന്ന് മറ്റൊരു വിളക്കിൽ പ്രകാശം പകർത്തുമ്പോൾ പകർത്തപ്പെ ടേണ്ട വിളക്ക് വെളിച്ചമുള്ള വിളക്കിന് മുൻപിൽ സമർപ്പിക്ക പ്പെടുമ്പോഴാണ് അത് തിളങ്ങുന്നതായി മാറുന്നത്. ആ സമർ പ്പണത്തിലൂടെ ഇരുട്ടിന്റെ അംശം മുഴുവനും നീക്കം ചെയ്യപ്പെടും. 'നിന്റെ ശരീരം അന്ധകാരമുള്ള അംശം ഒട്ടുമില്ലാതെ മുഴുവനും പ്രകാശിതമായിരുന്നാൽ വിളക്ക് തിളക്കം കൊണ്ട് നിന്നെ പ്രകാശിപ്പിക്കുന്നതു പോലെ പ്രകാശിത മായിരിക്കും' (വി. ലൂക്കോസ് 11:36)

പകൽ മുഴുവൻ സൂര്യതാപം ഏൽപ്പിക്കാനുള്ള സന്നദ്ധതയിലൂടെയാണ് രാത്രിയിൽ വെളിച്ചം പകരാനുള്ള കരുത്ത് സൗരോർജ്ജസെല്ലുകൾക്ക് ലഭിക്കുന്നത്. നീതിസൂര്യനായ ക്രിസ്തുവിന്റെ നന്മകൾ ഏറ്റുവാങ്ങാനുള്ള സന്നദ്ധത നമ്മിൽ ഉരുവെടുക്കണം.

വെളിച്ചമായ് മാറാനുള്ള സന്നദ്ധതയിൽ നമ്മുടെ ഉള്ളിൽ കരുതലുണ്ടാകണം. വിളക്കിന്റെ ഉള്ളിലെ എണ്ണ വെളിച്ചം നിലനിർത്താനുള്ള കരുതലാണ്. ആത്മീയ സപര്യകളിലൂടെ അത് ആർജ്ജിച്ചെടുക്കണം. പൊള്ളയായ വിളക്കുകൾക്ക് കരിന്തിരിയാകാനേ കഴിയൂ. കരിന്തിരികൾ മലിനീകരണ ത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതാണ്. നിറഞ്ഞ മനസ്സുള്ള വർക്കേ സമർപ്പിക്കുവാൻ കഴിയൂ.

സമർപ്പണമാണ് അപരനിലേക്ക് ചെല്ലാനുള്ള സന്നദ്ധതയായി തീരുന്നത്. നിക്കോദിമോസ് യേശുവിലേക്ക് വരുന്നത് ഇരുളിന്റെ മറപറ്റിയായിരുന്നു. അവൻ നടന്നടുത്തത് വെളിച്ചത്തിന്റെ അരികിലേക്കായിരുന്നു. ക്രിസ്തുവാകുന്ന വെളിച്ചം പ്രാപിക്കാൻ ഒരു പുതുജനനത്തിന്റെ ഗർഭധാരണം അവിടെ നടക്കുന്നുണ്ടായിരുന്നു. ഒരു ഉരുവാകലിന്റെ സാകല്യം അവിടെ നിറഞ്ഞുനിന്നു. അവിടെ വെളിച്ചം പകർത്തപ്പെടുകയായിരുന്നു. നിക്കോദിമോസ് തന്നെ ഗർഭപാത്രമായി രൂപപ്പെട്ടു. അനേകർക്ക് വീണ്ടും ജനിക്കാനുള്ള ഇടമായി അവൻ മാറി. ക്രിസ്തു ശരീരം ഏറ്റുവാങ്ങി സംസ്കരിക്കാനുള്ള കരുത്തും അവന് ലഭിച്ചു.

ഒരു പകർത്തൽ നമ്മളിൽ നടക്കണം. 'പകർത്തി യെഴുത്ത്' അക്ഷരം നന്നാവാനാണ്. ക്രിസ്തുവിനെ പകർ ത്തുന്നത് ജീവിതം നന്നാവാനാണ്. പകരാനുള്ള സന്നദ്ധത ക്രിസ്തുവിലുണ്ട്. ഉരുവാകേണ്ടത് പകർത്താനുള്ള സന്നദ്ധതയാണ്.

### 2. വെളിച്ചം നിലനിർത്താനുള്ള സന്നദ്ധത

ആധുനിക ലോകത്ത് നിലനിൽക്കാനുള്ള പരക്കം പാച്ചിലിനിടയിൽ കൈമോശം വന്നുപോകുന്നതെന്തോ അതാണ് വെളിച്ചം അഥവാ നന്മ. വിശുദ്ധ മാമോദീസയിലൂടെ നാം പ്രാപിച്ച വെളിച്ചത്തിന്റെ മഹിമ ജീവിതശൈലികൊണ്ട് കൈമോശം വന്നുപോകുന്നത് ഭക്തജീവിതത്തിന്റെ ദുരന്തമാണ്.

'ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിപ്പാൻ സൂക്ഷിച്ചുകൊൾവിൻ' (വി. ലൂക്കോസ് 11:35)

മനസ്സിൽ കളകൾ വളർന്നാൽ നല്ല വിത്തുകൾക്ക് വളരാൻ അവസരം കിട്ടില്ല എന്ന ആപ്തവാക്യംപോലെ യാണ് മനസ്സിൽ നന്മ ഇല്ലാതായാൽ വെളിച്ചം കെട്ടുപോകും. എല്ലാ അഴുക്കുകളോടും നാം താദാത്മ്യം പ്രാപിച്ചുകൊണ്ടിരി ക്കുകയാണ്. ഇരുട്ടിനോടും നാം പൊരുത്തപ്പെട്ടുകഴിഞ്ഞു. 'വെളിച്ചം ദുഃഖമാണുണ്ണീ തമസല്ലോ സുഖപ്രദം' എന്ന കവിതപോലെയായി ജീവിതം.

റാന്തലുകൾ കെട്ടുപോകാതിരിക്കാൻ ഗ്ലാസിന്റെ കവചനം വയ്ക്കാറുണ്ട്. കാറ്റ് വീശുന്ന വീഥിയിലൂടെ ഇരുട്ടത്ത് പോകുന്നവൻ കയ്യിലെ മെഴുക് തിരി വെളിച്ചം കെട്ടുപോകാതിരിക്കാൻ എത്ര സാഹസപ്പെടുന്നുണ്ട്. അത് അവന്റെ യാത്രയിലെ സാഹസികതയാണ്. അതേ



പ്രതിസന്ധി ജീവിതയാത്രയിലുമുണ്ട്. പ്രലോഭനത്തിന്റെ പെരുമഴ പെയ്യുമ്പോൾ വെളിച്ചം കെട്ടുപോകാതിരിക്കാൻ കർത്താവാകുന്ന കുടക്കീഴിൽ അഭയം പ്രാപിക്കണം.

വി. അന്തോണിയോസിനോട് ഒരുവൻ ചോദിച്ചു ദൈവത്തെ പ്രസാദിപ്പിക്കാൻ എന്ത് ചെയ്യണം?

'നിന്റെ കൺമുമ്പിൽ ദൈവമുണ്ടെന്ന ബോധത്തോടെ' ജീവിക്കുക. തിരുവെഴുത്തിനനുസൃതമായി പ്രവർത്തിക്കുക' ദൈവപ്രസാദം പരിശുദ്ധാത്മാവിന് ലഭിച്ച വെളിച്ചത്തെ നില നിർത്തുന്നു. അത് നില നിർത്തണമെങ്കിൽ ഈശ്വരവിചാര ത്തോടെ ജീവിക്കുകയും തിരുവെഴുത്തുകളിൽ പ്രകാരം ജീവി തത്തെ ക്രമീകരിക്കുകയും വേണം.

വിളക്ക് കെടാതെ സൂക്ഷിക്കാൻ കഴിയുമ്പോഴാണ് സമൂഹം പ്രകാശിക്കുന്നത്. വിവാഹിതരാകുന്ന വധൂവര ന്മാരുടെ കണ്ണുകളിൽ തിളക്കത്തിന്റെ സൂര്യൻ ജ്വലിക്കുന്നു ണ്ട്. എന്നാൽ വിവാഹം കഴിഞ്ഞ് കുറേനാളുകൾ കഴിയു മ്പോൾ ഈ തിളക്കം എവിടെപ്പോകുന്നു. യുവാക്കളുടെ കണ്ണു കളിൽ പ്രതീക്ഷകളുടെ തിളക്കം ഉണ്ട്. ലഹരിയുടെ പിന്നി ലേപായുമ്പോൾ ഈ തിളക്കം നഷ്ടപ്പെടുന്നു. നോമ്പിന്റേയും വ്രതത്തിന്റേയും പാതകൾ മോശയ്ക്ക് തേജസ്സ് നൽകുന്നു. ആത്മീയപാതകൾ നഷ്ടപ്പെടുത്തുമ്പോൾ ആ വെളിച്ചം അന്യമാകുന്നു.

**3. വിശുദ്ധി നിലനിർത്താനുള്ള സന്നദ്ധത**

ബാഹ്യവിശുദ്ധിക്ക് പ്രാധാന്യം കൽപ്പിച്ചിരുന്ന യഹൂദ നേതൃത്വം പലപ്പോഴും ആന്തരിക വിശുദ്ധിയെപ്പറ്റി മറന്നു പോയി. ഒരു പരീശന്റെ അതിഥിയായി യേശുയെത്തിയപ്പോൾ ഭക്ഷണചടങ്ങുകളോടനുബന്ധിച്ചുള്ള ചില ശുചീകരണകർമ്മ ങ്ങൾ ക്രിസ്തു നിർവ്വഹിക്കാത്തതിനാൽ പരീശൻ നിരസ പ്പെടുമ്പോൾ ക്രിസ്തുപറയുന്നു. 'പരീശൻമാരായ നിങ്ങൾ കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളി ലോ കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു' (വി:ലൂക്കോ : 11:39)

വിശുദ്ധി ബാഹ്യവും അത് പ്രദർശിപ്പിക്കാനുള്ളതാണെന്ന ധാരണ അബദ്ധംതന്നെ. താൻവിശുദ്ധനാണെന്ന് സമൂഹ ത്തോട് വിളിച്ചുപറയാനുള്ള വെമ്പൽ ആധുനികലോകത്തി ലുമുണ്ട്. വിശുദ്ധി സമഗ്രമാണ്. രഹസ്യകാര്യങ്ങളിലും പര സ്യകാര്യങ്ങളിലും അത് നിലനിർത്താനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. ഹൃദയവിശുദ്ധി പരിശോധിക്കുന്നത് ദൈവമാണ്.

ആന്തരികമായി അധഃപതിച്ചവന് കുറച്ചുകാലമേ ബാഹ്യ വിശുദ്ധി സമൂഹത്തെ കാണിക്കാൻപറ്റൂ. ആന്തരിക തിന്മ ഒരുവനെ മുഴുവനായും നശിപ്പിക്കും.

'വസ്ത്രമുരിഞ്ഞ ശേഷമാണ് ദേഹശുദ്ധിവരുത്തുക. ഹൃദ യശുദ്ധീകരണ പ്രക്രിയയും അപ്രകാരമാണ്. ലോകത്തിന്റെ വേഷംകെട്ടലുകൾ അഴിച്ചുവയ്ക്കണം എന്ന സഖേറിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. കാപട്യത്തിന്റെ അലങ്കാരങ്ങൾ അഴിച്ചുകളഞ്ഞ് വിശുദ്ധിയുടെ സമഗ്രതയിൽ വളരണം.

വിശുദ്ധിയുടെ അനുഭവം നിലനിർത്തുന്നതും പോരാട്ട മാണ്. വി.മക്കാറിയോസിന്റെ അഭിപ്രായത്തിൽ 'ജീവവൃ ക്ഷത്തെ കാണുന്നതിൽ നിന്ന് ഹൃദയത്തെ തടസ്സപ്പെടുത്തുന്ന അന്ധകാരശക്തികളുടെ മറയാണത്രേ ലോകം'. മനുഷ്യനിലെ വിശുദ്ധി കളങ്കമാക്കാൻ മറകൾ സൃഷ്ടിക്കുന്നവരാണ് പൈശാ ചികശക്തികൾ. വിശുദ്ധി ഒരു നിമിഷത്തെ അനുഭവമല്ല. മരണനാഴികയോളം മനുഷ്യൻപുലർത്തേണ്ട ജാഗ്രതയാണ്. ജീവിതത്തിലെ ഓരോ നിമിഷത്തിനും വിശുദ്ധിയുടെ നൈര ന്തര്യം നിലനിർത്താൻ കഠിനപരിശ്രമം ആവശ്യമാണ്. ആരാ ധനകളും, പ്രാർത്ഥനകളും, ആത്മീയ പരിശ്രമങ്ങളും പൈശാ ചികതയ്ക്ക് വേലികെട്ടാൻ ഒരുവനെ സഹായിക്കുന്നു.

*2015 സെപ്റ്റം. 20*

## സ്ലീബായ്ക്കു ശേഷം ഒന്നാം ഞായർ

**വി: മർക്കോസ് 13:28 – 37**

അത്തിയെ നോക്കി അതു ഉപമയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. പാലസ്തീനിലെ മറ്റുമരങ്ങ ളിൽനിന്ന് വ്യത്യസ്തമായി ശീതകാലത്തിനുശേഷം വളരെ വൈകിയാണ് അത്തിമരം തളിർക്കുന്നത്. അതോ ടുകൂടി വേനൽക്കാലം ആരംഭിക്കും. കർത്താവിന്റെ രണ്ടാമത്തെ വരവും അതിനുവേണ്ടിയുള്ള ഉണർവ്വും ജാഗ്രതയുമാണ് വേദഭാഗത്തിന്റെ ഇതിവൃത്തം.

**1. ദൈവവചനത്തിന്റെ അനശ്വരത**

'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വച നങ്ങളോ ഒഴിഞ്ഞുപോകയില്ല' (വി:മർക്കോസ് 13:30)

മനുഷ്യൻ നശ്വരനാണ്. എന്നാൽ അവനെ അന ശ്വരതിലേയ്ക്ക് നയിക്കുന്നത് ഒരിക്കലും ക്ഷയിച്ചുപോ കാത്ത ദൈവവചനമായുള്ള ബന്ധമാണ്. അത് മനു ഷ്യനെ ഉൾകാഴ്ചയുള്ളവനാക്കും. ക്രിസ്തുവിന്റെ രണ്ടാംവരവിന് മനുഷ്യനെ ഒരുക്കുവാൻ വചനവുമാ യുള്ള സംസർഗ്ഗം ഇടയാക്കും.

ദൈവവവചനത്തെ ദൈവത്തിൽനിന്നും വേർപ്പെ ടുത്താൻ കഴിയുകയില്ല എന്നതാണ് അതിന്റെ അനശ്വ രതയുടെ കാരണം. മനുഷ്യജീവിതത്തെ ദൈവവുമായി ബന്ധിപ്പിക്കുമ്പോഴാണ് അത് അനശ്വരമായിമാറുന്നത്. അനശ്വരത ആഗ്രഹിക്കാത്ത ആരും ഈ ലോകത്തി ലില്ല. സ്മാരകങ്ങൾ, ഫലകങ്ങളിലെ പേരെഴുത്തുകൾ ഇവയുടെ മനശാസ്ത്രപരമായ കാരണം മനുഷ്യൻ ആഗ്രഹിക്കുന്ന അനശ്വരതയാണെന്ന് മനശാസ്ത്രജ്ഞർ വിലയിരുത്തുന്നു. ഒരു ഭൂകമ്പത്തിൽ തകർന്നുപോകുന്ന സ്മാരകങ്ങളിലും ഫലകങ്ങളിലും അനശ്വരതകണ്ടെ ത്തുന്ന മനുഷ്യന്റെ യത്നം ഫലശൂന്യമാണ്. 'ആദി യിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടുകൂ ടിയായിരുന്നു. വചനം ദൈവം ആയിരുന്നു' (വി:യോഹ ന്നാൻ 1:1) എന്ന വാക്യം വചനത്തിന്റെ സമ്പൂർണ്ണത വെളിവാക്കുന്നതാണ്. വചനത്തെകുറിക്കാൻ ഗ്രീക്ക് ഭാഷ ഉപയോഗിക്കുന്ന വാക്ക് 'Logos' എന്നതാണ്. ഹെരാക്ലീറ്റസ് എന്ന പ്രാചീന ഗ്രീക്കുചിന്തകൻ ഈ വാക്കിന് രൂപം നൽകിയത്, ഈ വിശ്വമാകെ നിറഞ്ഞു നിൽക്കുന്നതും വിശ്വത്തെ ഭരിച്ചുകൊണ്ടിരിക്കുന്നതു മായ സമഷ്ടിയായ അറിവ് എന്നർത്ഥത്തിലാണ്. മുണ്ഡ കോപനിഷത്ത് ആരംഭിക്കുന്നത് 'ഓമിത്യോകാക്ഷരമി ദംസർവ്വം' എന്ന് പറഞ്ഞുകൊണ്ടാണ്. ഈ അക്ഷരം തന്നെയാണ് ഇക്കണ്ട സകലതും എന്നർത്ഥം.

ലോകത്തിന് സൃഷ്ടിയും, പരിപാലനവും, അർത്ഥവും നൽകുന്ന വചനം ജീവിതത്തിന് അർത്ഥം നൽകുന്നു. വചനം ജീവിതത്തിന് അർത്ഥം നൽകുന്നു. വചനം ജീവിതത്തെ രൂപ്പപെടുത്തുന്ന മൂശയാണ്. വൈകൃതങ്ങൾ ജീവിതത്തെ വീരുപമാക്കുന്നു. ജീവി തത്തിന്റെ രൂപപ്പെടീൽ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശത്തിലേക്കുമുള്ള പ്രയാണമാണ്.

**2. ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള അവബോധം**

എല്ലാവർക്കും അറിയേണ്ടത് ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ നാഴികയാണ്. എന്നാൽ നാഴികയല്ല അതി നുവേണ്ടിയുള്ള ഒരുക്കമാണ് അനിവാര്യം. അവരവരുടെ മരണനാഴികയല്ല പ്രാധാന്യം. മരണം സുനിശ്ചിതമാ

ണെന്നും അതിനുവേണ്ടി മനുഷ്യൻ ഒരുങ്ങിയിരിക്കണമെന്നുള്ളതാണ് ക്രൈസ്തവജീവിതത്തിൽ പ്രാധാന്യം.

'എന്നാൽ ആ ദിവസത്തെക്കുറിച്ചോ സമയത്തെക്കുറിച്ചോ പിതാവല്ലാതെ മറ്റാരും, സ്വർഗ്ഗത്തിലെ മാലാഖമാരോ പുത്രൻ തന്നെല്ലോ അറിയുന്നില്ല'. (വി:മർക്കോസ് 13:32). പുത്രൻ പിതാവിനേക്കാൾ സ്ഥാനക്കുറവുള്ളവനാണെന്ന ചിന്തയല്ല ഇത് തരുന്നത്. ദൈവം മനുഷ്യനായിത്തീരുന്ന പ്രക്രിയയുടെ പൂർണ്ണമായ അർത്ഥം പുത്രൻ സ്വമനസ്സാലെ ശരീരത്തിന്റെ പരിമിതികൾ ഏറ്റെടുത്തുവെന്നതാണ്. അതായത് മനുഷ്യാവതാരം ചെയ്ത അവസ്ഥയിൽ യേശു പാപമൊഴിച്ചുള്ള മനുഷ്യന്റെ എല്ലാ പരിമിതികളും സ്വീകരിച്ചുവെന്ന് സാരം. രണ്ടാമത്തെ നാഴിക തനിക്കറിയില്ലെന്ന പ്രസ്താവന പ്രസ്തുതപരിമിതിയുടെ പ്രകാശനമാണ്.

മാനവകുലത്തെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് അവന്റെ നേതൃത്വത്തിൽ പങ്കുകാരാവുക എന്നതാണ്. താബോർ മലയിൽ പ്രകാശിതമായ ക്രിസ്തുരൂപം തന്റെ രണ്ടാം വരവിനെ കുറിക്കുന്നതായി പൗരസ്ത്യപിതാക്കന്മാർ വാഖ്യാനിക്കുന്നു. സമസ്തപ്രപഞ്ചത്തെയും പറുദീസയിലെ ആദ്യാവസ്ഥയിലേക്ക് രൂപാന്തരപ്പെടുത്തുന്ന അനുഭവമാണത്.

ആയതിനാൽ രൂപാന്തരത്തിന്റെ അനുഭവത്തിനാവശ്യമായ ഒരുക്കം നമുക്ക് ആവശ്യമാണ്. രണ്ടാംവരവിനായുള്ള ഒരുക്കം ഒരു നിമിഷത്തേക്കു മാത്രമുള്ളതല്ല. അത് ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലേക്കും വ്യാപരിക്കേണ്ടതാണ്. ഈ ഒരുക്കവും സന്നദ്ധതയുമാണ് പൗരസ്ത്യ ആരാധന പാരമ്പര്യത്തിൽ പിൻതുടരുന്നത്. കിഴക്കോട്ട് നോക്കിയുള്ള ആരാധന ക്രിസ്തുവിന്റെ രണ്ടാംവരവിനെ സ്വീകരിക്കുവാൻ തയ്യാറായി നിൽക്കുന്ന സമൂഹം എന്ന നിലയിലാണ്. കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വരുന്ന മിന്നൽപോലെയാണ് ക്രിസ്തുവിന്റെ വരവ്.

കാത്തിരിപ്പ് പ്രതീക്ഷകളുടേതാണ്. ക്രിസ്തുവിനായുള്ള കാത്തിരിപ്പ് നിത്യലോകത്തിലേക്കുള്ള നമ്മുടെ ഒരുക്കമാണ്. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട മകൻ മടങ്ങിവരുമെന്ന പ്രതീക്ഷയോടെ അവന് വേണ്ടി അത്താഴമൊരുക്കി ഉറങ്ങാതെ കാത്തിരിക്കുന്ന 'അമ്മ' ബഷീറിന്റെ സാഹിത്യലോകത്തെ കാത്തിരിപ്പിന്റെ ശക്തമായ പ്രതീകമാണ്. ഓരോ നാളും നമ്മൾ ജീവിക്കുന്നത് എന്തിനെയൊക്കെയോ പ്രതീക്ഷയോടെ കാത്തിരിക്കുന്നതുകൊണ്ടാണ്. കാത്തിരിപ്പിന്റെ പ്രതീക്ഷകൾ തീരുന്നിടത്ത് നിരാശയുടെ കാർമേഘങ്ങൾ പടരും. സൂര്യൻ രാവിലെ വരും എന്ന പ്രതീക്ഷയോടെയാണ് ഓരോരുരത്തരും ഉറങ്ങാൻപോകുന്നത്. അത് വരും കണിശമായ സത്യമാണ്. ക്രിസ്തുവരമെന്ന നാഴികയ്ക്കല്ല എന്റെ യേശുവരുമെന്ന നിത്യമായ സത്യത്തിനാണ് പ്രധാനം.


## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**


### 3. ഉണർന്നിരിക്കേണ്ടതിന്റെ ആവശ്യകത

'ഞാൻ എല്ലാവരോടും പറയുന്നു ഉണർന്നിരിക്കുവിൻ (വി:മർക്കോസ് 13:37)

ഉണർവ് ജാഗ്രതയാണ്. ജാഗ്രതയാണ് ക്രിയാത്മ ഇടപെടലുകൾക്ക് വഴിതുറക്കുന്നത്. സൃഷ്ടിതാവായ ദൈവത്തിങ്കലേയ്ക്ക്, ജീവിക്കുന്ന സമൂഹത്തിലേയ്ക്ക്, വസിക്കുന്ന കുടുംബത്തിൽ, ദൈവമന്ദിരമായ ശരീരത്തോടൊക്കെ നാം പുലർത്തേണ്ട ജാഗത്രയുണ്ട്. ദൈവബന്ധത്തിലെ ജാഗ്രത നഷ്ടപ്പെടുമ്പോൾ നാം പിശാചിന് അടിമയായിത്തീരുന്നു. സാമൂഹികബന്ധത്തിലെ ജാഗ്രതനഷ്ടപ്പെടുമ്പോൾ ഒറ്റയാന്മാർ സൃഷ്ടിക്കപ്പെടുന്നു. ബന്ധങ്ങളിലെ ജാഗ്രതനഷ്ടപ്പെടുമ്പോൾ ബന്ധങ്ങൾ വഴിപിരിയുന്നു. ശരീരത്തോടുള്ള ജാഗ്രതനഷ്ടപ്പെടുമ്പോൾ ദൈവമന്ദിരമായ ശരീരം പൈശാചിക ആലയമായിത്തീരുന്നു.

'ഉണർന്നിരിക്കുന്നത് പുണ്യവും ഉറങ്ങുന്നത് പാപവുമാകുമെന്ന്' മഹാവീരൻ പറയുന്നു. പുണ്യമുള്ള ജീവിതങ്ങൾ സൃഷ്ടിതമാകുവാൻ ജാഗ്രത ആവശ്യമാണ് ഒരു നിമിഷത്തെ ജാഗ്രതക്കുറവിനാൽ നിരത്തുകളിൽ എത്രയോ ജീവൻ പൊലിയുന്നു. മാതാപിതാക്കളുടെ ഒരു നിമിഷത്തെ ജാഗ്രതക്കുറവുകൊണ്ട് എത്ര കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകുന്നു.

ഈജിപ്തിലെ താപസൻ അബ്ബാഏശായ വിശേഷിപ്പിക്കുന്നത് യേശുനാമപ്രാർത്ഥന മനസ്സിന്റെ കണ്ണാടിയും ബോധത്തിന്റെ പ്രകാശവും എന്നാണ്. കാവൽക്കാരൻ ഉണർന്നിരിക്കുന്ന ഭവനത്തിൽ കവർച്ച അസാധ്യമാണ്. പ്രാർത്ഥന നമ്മുടെ ബോധത്തിന് ആത്മീയ ഉണർവ്വ് നൽകുന്നു. 'ഞാൻ ഉറങ്ങുകയാണെങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. (ഉത്തമഗീതം : 5:2) എന്ന വാക്യം ജീവിതത്തിന്റെ മുഴുവൻ സമയ ജാഗ്രത നമ്മളോടാവശ്യപ്പെടുകയാണ്.

ജാഗ്രത ദൈവസ്വഭാവമാണ്. രാത്രിയുടെ പ്രാരംഭപ്രാർത്ഥനയിൽ നാം ദൈവത്തെ വിശേഷിപ്പിക്കുന്നത്' ഉറക്കമില്ലാത്ത ഉണർവ്വുളളവൻ എന്നാണ്. ദൈവത്തിന്റെ സൽഗുണ സമ്പൂർണ്ണതയിൽ വളരുന്നവരിൽ ജാഗ്രതനിറയണം. ദൈവത്തിന് നാമോരുത്തരെപ്പറ്റിയും ജാഗ്രതയുണ്ട്. ദൈവമക്കളായ നമുക്ക് മറ്റുള്ളവരെപ്പറ്റി ജാഗ്രത ആവശ്യമാണ്. പ്രാർത്ഥനാനിർഭരമായ ജാഗ്രതയാണ് നമുക്ക് ആവശ്യം. അത് നമ്മുടെ ജീവിതത്തെ അനന്തസാധ്യതികളിലേക്ക് വഴിനടത്തും.

***2015 സെപ്റ്റം. 27***

## സ്ലീബായ്ക്കു ശേഷം രണ്ടാം ഞായർ

**വി: മത്തായി 16:5–12**

ഈ ഭാഗം യേശുതമ്പുരാൻ ശിഷ്യൻമാർക്കു നൽകുന്ന പ്രബോധനങ്ങളാണ് പരീശന്മാരുടേയും സദൂക്യരുടെയും ഉപദേശത്തെകുറിക്കാനാണ് യേശുതമ്പുരാൻ പുളിച്ചമാവ് എന്ന പ്രയോഗം ക്രിസ്തു നടത്തുന്നത്. പുളിച്ചമാവിന്റെ സ്വാധീനം പുതിയമാവിനെ മുഴുവൻ പുളപ്പിക്കുന്നത് ഇതിൻപ്രകാരമാണ്. മനുഷ്യരുടെ സ്വാധീനത്തെകുറിക്കുവാൻ പുളിമാവിന്റെ പ്രതീകം യഹൂദറാബിമാർ ഉപയോഗിച്ചുപോരുന്നത്. അധികവും ചീത്തസ്വാധീനത്തെയാണ് അത് കുറിയ്ക്കുന്നത്. വി. പൗലോസ് ശ്ലീഹ പറയുന്നു "ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല തിന്മയും ദുഷ്ടതയും ആ പുളിമാവുകൊണ്ടുമല്ല സ്വച്ഛതയും സത്യവുമായ പുളിപ്പിലായ്മകൊണ്ട് ഉത്സവം ആചരിക്ക" (1 കൊരി 5:8) പരീശന്മാരും സദൂക്യരും ആചാരഅനുഷ്ഠാനങ്ങളുടെ സമീപനംകൊണ്ട് വ്യത്യാസപ്പെട്ടിരിക്കുന്നു. പരീശർ നിയമങ്ങളെ ഉയർത്തി പ്പിടിക്കുമെങ്കിലും ആന്തരിക അർത്ഥം ഇടിഞ്ഞ് ബാഹ്യമായ അനുഷ്ഠാനത്തിന് പ്രാധാന്യം നൽകുന്നു. സദൂക്യർ സ്വാർത്ഥതാത്പര്യം നിലനിർത്തി ഭൗതികകാര്യങ്ങൾക്ക് ഊന്നൽനൽകി ലിഖിതമായ വർക്കുമാത്രം പ്രധാന്യം കൽപ്പിയ്ക്കുന്നു.

**1. ആത്യന്തിക അർത്ഥം മനസ്സിലാക്കുവാൻ ശ്രമിക്കുക.**

'എന്നാൽ യേശു അവരോട് നോക്കുവിൻ പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ് സൂക്ഷിച്ചുകൊൾവിൻ എന്നു പറഞ്ഞു. അപ്പംകൊണ്ടുപോരായ്കയാൽ ആയിരിക്കും എന്നവർ തമ്മിൽ തമ്മിൽ പറഞ്ഞു'.(വി:മത്തായി 16:6-7).

യേശുതമ്പുരാന്റെ ഉപദേശത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ ശിഷ്യന്മാർക്കു കഴിയുന്നില്ല ആ സമയത്ത് അവരുടെ ശിശ്വത്വം നേരിട്ട പരിമിതിയാണ്. അവരുടെ ചിന്ത ആ സമയത്ത് ചുറ്റിപറ്റി നിൽക്കുന്നത് കേവലആഹാരത്തിലാണ്. യേശുവിനെ ശരിയായി മനസ്സിലാക്കുന്നതിലേക്ക് അവരുടെ ശിശ്വത്വം വളരുന്നില്ല. ദാമ്പത്യജീവിതത്തിൽ പരസ്പരം മനസ്സിലാക്കാത്തത് ബന്ധത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കും. ഗുരുശിഷ്യബന്ധത്തിൽ ഗുരുവിനെ മനസ്സിലാക്കാൻ ശിഷ്യന്മാർ ശിഷത്വം എന്ന പദവിയിൽ നിന്ന് ഏറെ ദൂരെയാകുന്നു.

'ആനന്ദം അന്യന്റെ തോട്ടത്തിൽ വിളയുന്നതല്ല നമ്മുടെ അടുപ്പിൻതന്നെ ഉണ്ടാകുന്നതാണ്' എന്ന് ഡഗ്ളസ് ജെറാൾഡ് അഭിപ്രായപ്പെടുന്നു. അവനവന്റെ ബോധത്തിൽനിന്നാണ് വളർച്ച രൂപപ്പെടേണ്ടത്. അന്ന് ശിഷ്യത്വം നേരിട്ട അതേ പ്രതിസന്ധി ഇന്നും നേരിടുന്നുണ്ട്. ക്രിസ്തുവിന്റെ വാക്കുകളെ അതേ അർത്ഥത്തോടുകൂടി മനസ്സിലാക്കാൻ കഴിയാത്തവരായിട്ടാണ് നാം ജീവിക്കുന്നത്. നമ്മുടെ ചിന്തകളും വിചാരങ്ങളും നശിച്ചുപോകുന്ന വസ്തുക്കളിൽ രമിച്ചുകിടക്കുകയാണ്. ജഡത്തിന്റെ വിശപ്പുതീർക്കുന്ന അപ്പത്തിന്റെ പരിമിതിയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാൻ വൈമന്യപ്പെടുന്ന ശിഷത്വവും നമ്മളും തമ്മിൽ അധികം ദൂരമില്ല.

'ദൃഢനിശ്ചയമാണ് നേർബുദ്ധി' എന്ന് നെപ്പോളിയൻ പറഞ്ഞത് ശരിയാണ്. തീർച്ചയായും അനിശ്ചിതത്വവും സ്വന്തം കഴിവിൽ വിശ്വാസമില്ലായ്മയും വിനാശകരമായ ബലഹീനകൾ തന്നെയാണ് ഓരോ ചുവടും ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്ത് ഉയർന്ന ആത്മവിശ്വാസത്തോടെ മുന്നേറണം.

ജീവിതം ഇരതേടലാകുമ്പോഴാണ് ഉദരത്തിനുചുറ്റും ചിന്തകൾ കൂടുകൂട്ടുന്നത്. ജീവിതം സൃഷ്ടാവിനെ തേടുമ്പോൾ നിത്യജീവന്റെ അപ്പത്തിനായുള്ള തീർത്ഥാടനം തുടങ്ങും. ചിന്താധാരയിൽനിന്ന് ഏറെ അകലപ്പോയ നമ്മൾ ട്രാക്ക് വീണ്ടെടുക്കണം. വിഴ്ചകൾ താഴ്ചകളിലേക്കുള്ള വഴിതുറക്കും.

ക്രിസ്തുവിന്റെ പിറവിയുടെ സ്ഥലം കണ്ടെത്താൻ ആട്ടിടയർ ഏറെപണിപ്പെടേണ്ടിവന്നില്ല. വിദ്വാന്മാർ ചുറ്റിതിരിയേണ്ടിവന്നു. ആട്ടിടയരുടെ മനസ്സുമതി ക്രിസ്തുവിന്റെ ഉപദേശത്തിന്റെ അർത്ഥം കണ്ടെത്താൻ. നിഷ്കളങ്കതയും ഭക്തിയും ജീവിതത്തിന്റെ രണ്ടുവശങ്ങളായി തിളങ്ങുന്നിടത്താണ് ക്രിസ്തുസന്ദേശത്തിന്റെ പൊരുൾ വെളിപ്പെടുന്നത്.

**2. ഗുരുവിലെ സാധ്യതകളെ തിരിച്ചറിയണം**

'അയ്യായിരം പേർക്ക് അഞ്ചപ്പംകൊടുത്തിട്ട് എത്രകൊട്ട എടുത്തുഎന്നും നാലായിരം പേർക്ക് ഏഴപ്പം കൊടുത്തിട്ട് എത്രവട്ടി എടുത്തുവെന്നും ഓർക്കുന്നില്ലയോ' (വി:മത്തായി 16:9-10)

ക്രിസ്തുവിലെ സാധ്യതകൾ ഒരു നിമിഷത്തെക്കെങ്കിലും ശിഷ്യർമറക്കുകയാണ്. ഗുരുവിലെ സാധ്യതകളെ തിരിച്ചറിയുക ശിഷ്യത്വത്തിന്റെ ധർമ്മമാണ്.

ഗുരുശിഷ്യബന്ധത്തിൽ പരസ്പരമുള്ള ഖനനം ചെയ്യൽ ഉണ്ട്. ശിഷ്യന്റെ സാധ്യതകൾ കണ്ടെത്തുവാൻ ഗുരുവിനും ഗുരുവിന്റെ സാധ്യതകളെ ഉൾക്കൊള്ളാനും മനസ്സിലാക്കാനുമുള്ള കഴിവ് ശിഷ്യനും പ്രാപിക്കണം. യേശുതന്റെ ശിഷ്യന്മാരെ പൂർണ്ണമായി മനസ്സിലാക്കുന്നു. നമ്മുടെ വേദഭാഗത്തിൽ സന്ദർഭത്തിൽ ഗുരുവിനെ പൂർണ്ണമായി ഉൾക്കൊളളാൻ ശിഷ്യർക്ക് കഴിയാതെപോകുന്നു. കണ്ണുതുറന്നിരിക്കെ ബാധിച്ചിരിക്കുന്ന അന്ധതയാണ്. അപ്പംകൊടുത്തവനായ കർത്താവ് അപ്പമാകാൻ പോകുന്നവനാണ്. ഒരു ജനകൂട്ടത്തിന്റെ വിശപ്പിനെ തീർത്തവന് ശിഷ്യസമൂഹത്തിന്റെ വിശപ്പ് ഒരു പ്രശ്നമല്ല. എന്നാൽ ശിഷ്യന്മാർക്ക് വിശപ്പ് പ്രശ്നമാകുന്നത് ഗുരുവിന്റെ സാധ്യതകളെ തിരിച്ചറിയുവാൻ അവരുടെ കണ്ണുതുറക്കാത്തതുകൊണ്ടാണ്.

സാധ്യതകൾ കണ്ടെത്തുമ്പോൾ പറുദീസയിലേക്കുള്ള പാത തുറക്കും. ക്രിസ്തുവിലെ സാധ്യതകൾ കണ്ടെത്തുവാൻ ഒരു കള്ളന് സാധിക്കുന്നു. അവനോട് ഗുരു (ക്രിസ്തു) പറയുന്നു.' നീയിന്ന് എന്നോടുകൂടി പറുദീസയിലായിരിക്കും. ഇത് വിശ്വാസിയുടെ ശുഭപ്രതീക്ഷയാണ്.

ശിഷത്വത്തിലെ കറുത്തപുള്ളികൾ വെളിപ്പെടുന്നത് ഗുരുവിന്റെ സാധ്യതകൾ അന്വേഷിക്കുമ്പോഴാണ്. മഗ്ദലനയുടെ ജീവിതത്തിലെ കറുത്തപുള്ളികൾ മാറിയത് കോസ്മെറ്റിക് തെറാപ്പി കൊണ്ടല്ല. ഗുരുവിന്റെ സാധ്യത അന്വേഷിച്ചപ്പോഴാണ് ശിഷ്യത്വത്തിന്റെ സൗന്ദര്യത്താൽ അവൾ ജ്വലിക്കുകയായിരുന്നു.

വിശ്വാസികളുടെ പുതിയലോകത്തിന് പ്രസ്തുത സൗന്ദര്യം നഷ്ടമായിരിക്കുന്നു. അത് വീണ്ടെടുക്കണം.

**3. തിന്മകളെ സൂക്ഷിക്കണം**

'പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശമത്രേ സൂക്ഷിച്ചുകൊൾവാൻ അവൻ പറഞ്ഞു എന്നവർ ഗ്രഹിച്ചു (വി:മത്തായി:16:2)

സൂക്ഷ്മത വിശ്വാസജീവിതത്തിന്റെ ശ്രദ്ധയാണ്. ശ്രദ്ധ ആപത്തുകളെ തിരിച്ചറിയാനും പ്രതിരോധിക്കാനും വിശ്വാസിയെ ഒരുക്കുന്നു. തിന്മകളിൽ മനുഷ്യർ പലപ്പോഴും വീണുപോകാറുണ്ട്. അതിനെ അതിജീവിക്കാൻ ദൈവികകൃപവേണം. ഒരു സന്ന്യാസിയോട് ഒരാൾ ചോദിച്ചു നിങ്ങൾ ആശ്രമത്തിൽ എന്താണ് ചെയ്യുന്നത്? അദ്ദേഹം പറഞ്ഞു 'ഞങ്ങൾ വീഴും, എഴുന്നേൽക്കും, വീഴും എഴുന്നേൽക്കും' വീണ്ടും വീണാലും എഴുന്നേല്ക്കും. കൃപയ്ക്കും ക്ഷമയ്ക്കും വേണ്ടി പ്രാർത്ഥിക്കുക കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്. (എഫേ 5:2) മറക്കാതിരിക്കുക.

ധാരാളം വേദവിപരീദങ്ങളെ കൈസ്തവസഭയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. പലപിതാക്കന്മാരും നിരവധി വിശ്വാസികളും അത്തരം പഠിപ്പിക്കലുകളിൽ വീണുപോയിട്ടുണ്ട്. എന്നാൽ അത്തരം തിന്മകളെ സൂക്ഷമതയോടെയും ജാഗ്രതയോടെയും നേരിട്ടവർ സത്യവിശ്വാസത്തിന്റെ തൂണുകളും സംരക്ഷകരുമായി മാറി.

കഷ്ടതയുടെയും, സഹനത്തിന്റെയും, നിത്യനന്മയുടെയും വേദചിന്തകൾക്കപ്പുറം തൊലിപ്പുറത്തെ വികാരത്തെ ഇളക്കാനും സമൃദ്ധിക്കും ശാപമോക്ഷവും ഓഫർ ചെയ്യുന്ന പല തെറ്റായ ഉപദേശങ്ങൾ ഇന്ന് പടർന്ന് പിടിക്കുന്നുണ്ട്. ഇത്തരം ഉപദേശങ്ങളെ സൂക്ഷ്മതയോടെ നേരിടണം. വൈകൃതങ്ങളെ അലങ്കാരങ്ങളാക്കുന്ന പ്രവണതകളെ തിരിച്ചറിയണം. നീർക്കുമിളകൾ അധികകാലം നിലനില്ക്കില്ല.

നമ്മുടെ ഹൃദയവീട് തിന്മകളുടെ മാറാലകൂടി കിടക്കുന്നതെങ്കിൽ ക്രിസ്തു പറയും 'ഞാൻ നിങ്ങളെ അറിയുന്നില്ല' (വി:മത്തായി 25:12) ചുറ്റുവട്ടങ്ങളിലെ ഉപദേശങ്ങളെ നന്മയുടെ വലകൊണ്ട് അരിയ്ക്കണം.

"മനുഷ്യജീവിതത്തെ സാർത്ഥമാക്കിതീർക്കുന്നത് അറിവാണ്. ആ അറിവിന്റെ പരമകാഷ്ഠയാണ് ദൈവാരംഭം" (മുനി നാരായണ പ്രസാദ്).

നന്മതിന്മകളുടെ അറിവിലൂടെ ദൈവാരാദ്യം സ്വന്തമാക്കാനുള്ള സൂക്ഷ്മത നമ്മിലുദിക്കട്ടെ.

*2015 ഒക്ടോ. 4*

## സ്ലീബായ്ക്കു ശേഷം മൂന്നാം ഞായർ

**വി: മർക്കോസ് 2:23-28**

ശബ്ബത്താചരണം സംബന്ധിച്ചുള്ള തർക്കമാണ് വേദഭാഗം. ശിഷ്യന്മാർ കതിരു പറിച്ചു എന്ന ക്രിയ ശബ്ബത്തിൽ ചെയ്തു എന്നാണ് കുറ്റാരോപണം. ആരോപണങ്ങളെ ചോദ്യംകൊണ്ട് നേരിടുന്ന പതിവ് യേശുവിനുണ്ട്. തനിക്കും അനുചരർക്കും വിശന്നപ്പോൾ ദാവീദ് ദേവാലയത്തിൽ പ്രവേശിച്ച് കാഴ്ചയപ്പം എടുത്ത് അനുചരരുമൊപ്പം ഭക്ഷിച്ചകാര്യം വായിച്ചിട്ടല്ലയോ എന്ന് ക്രിസ്തു ചോദിച്ചു. മഹാപുരോഹിതന്മാർ മാത്രം ഭക്ഷിയ്ക്കുന്ന കാഴ്ചയപ്പത്തിന്റെ കാര്യത്തിൽപോലും ഒരു അപവാദം അനുവദിച്ചിരിയ്ക്കുന്നു എന്ന വസ്തുതയ്ക്കാണ് പ്രാധാന്യം. അതുകൊണ്ട് മനുഷ്യനാണ് ശബ്ബത്തിനേക്കാൾ മുൻഗണന. പരീശന്മാരും ശാസ്ത്രിമാരും യേശുവിനെതിരെയുള്ള ശത്രുത പ്രകടിപ്പിക്കുന്നതിനും ഒരു നേർചിത്രം കൂടിയാണ് ഈ സംഭവം.

**1. നന്മകാണുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നവരാവുക**

'പരീശന്മാർ അവനോട് നോക്കൂ ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തത് ചെയ്യുന്നത് എന്തെന്ന് പറഞ്ഞു'. (വി.മർക്കോസ് 2:24).

ബാഹ്യമായ ആചാരഅനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരീശസമൂഹത്തിന് ആന്തരികഭക്തിപൊള്ള ആയിരുന്നു. ആ സമൂഹത്തിൽപ്പെട്ടവർക്ക് നന്മകാണുവാനോ പ്രോൽസാഹിപ്പിക്കുവാനോ കഴിഞ്ഞില്ല. കുറവുള്ളവരെപ്പോലും കൂട്ടുകാരായി കാണുന്നതാണ് ക്രിസ്തുവിന്റെ ശൈലി. എന്നാൽ ഏതെങ്കിലുമൊരു വീഴ്ചയുടെ പേരിൽ ജനത്തെ എങ്ങനെ ഒഴിവാക്കാം എന്നാണ് പരീശന്മാരുടെ ചിന്ത. തിന്മയാകുന്ന തിമിരം അവരെ ബാധിച്ചിരിക്കുകയാണ്.

പരീശന്മാരുടെ ഹൃദയം നിഗളംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. നിഗളം, കോപം മുതലായവ മനുഷ്യന്റെ നല്ലകാഴ്ചകൾ അവസാനിപ്പിക്കും. മനുഷ്യത്വത്തേക്കാൾ നിയമങ്ങൾ ഉയർത്തിപ്പിടിച്ചു. മനുഷ്യത്വമില്ലാത്ത നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത് മനുഷ്യാവകാശധ്വംസനമാണ്. ചരിത്രത്തിൽ സ്വേച്ഛാധിപതികൾ പലരും ഈ നിലയിലേക്ക് അധപതിച്ചുപോയതായി നമുക്ക് കാണുവാൻ കഴിയും.

ആത്മീയ വിദ്യാഭ്യാസം നേടുന്ന പരീശരിൽ നഷ്ടപ്പെടുന്നത് സ്വഭാവശുദ്ധിയാണ്. ആധുനിക വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും അത് നഷ്ടപ്പെടുന്നു. മറ്റാരെയും കുറ്റപ്പെടുത്താൻ ശ്രമിക്കാതെ സ്വയം മലിനതകളെ ദൂരീകരിക്കുവാൻ യത്നിക്കണം ഇങ്ങനെ 700 കോടി മനുഷ്യർ ചെയ്താൽ ഏതു നരകവും നാകമായി മാറും. സുകുമാർ അഴീക്കോടിന്റെ ഭാഷയിൽ മനസ്സ് വിഷമാവുക എന്നുവച്ചാൽ ബുദ്ധി ചീത്തയാവുക എന്നാണ്. നല്ല ബുദ്ധി നാട്ടിലെങ്ങുമില്ല. സദ്ബുദ്ധിയുണ്ടാകേണ്ട സ്ഥലങ്ങളാണ് വിദ്യാലയങ്ങളും നിയമങ്ങളും മതകേന്ദ്രങ്ങളുമൊക്കെ.

പണ്ട് മനുഷ്യർ ഏറ്റവും കൂടുതൽ ഉച്ചരിച്ചുപോന്ന ശബ്ദം ഈശ്വരന്റേത് ആയിരുന്നു. ഈശ്വരനെ എപ്പോഴും ധ്യാനിക്കുന്നവർക്ക് മറ്റുള്ളവർ സഹോദരങ്ങൾ ആയിരുന്നു. അതുകൊണ്ട് അപരന്റെ വീഴ്ചകൾ സ്വന്തം വീഴ്ചയായും അപരന്റെ വേദനകൾ സ്വന്തം വേദനയായും കണ്ടിരുന്നു. പരസ്പരം സൗഹാർദ്ദത്തോടെ തെറ്റുകളെതിരുത്തി മുന്നേറി. ഇത് ഏറ്റവും കൂടുതൽ ഉച്ചരിക്കുന്ന പദങ്ങൾ മറ്റുപലരുമായി ബുദ്ധിയിൽനിന്നും നാവിൽ നിന്നും ഈശ്വരവിചാരം നഷ്ടപ്പെട്ടതിന്റെ അപകടം ഭീകരമാണ്.

വികാരങ്ങൾ ശരീരത്തിന്റെ ശബ്ദമായിരിക്കുന്നതുപോലെ മനസാക്ഷി ആത്മാവിന്റെ ശബ്ദമാണ്. ആത്മാവിൽ ശബ്ദമുയർത്തുമ്പോൾ നന്മയുടെ പ്രവാചകന്മാരായിതീരും. നന്മകാണുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക എന്നത് ആത്മീയ മനുഷ്യരുടെ ഭാവമാണെന്നോർക്കുക.

**2. അധികാരങ്ങളുടെ ഉറവ കർത്താവാണെന്ന് ഓർക്കുക**

'അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്ന് പറഞ്ഞു' (വി:മർക്കോസ് 2:28)

യഥാർത്ഥ അധികാരിയെ അറിയാതെ പോകുന്നതാണ് പലനിയമലംഘനങ്ങളുടെയും അടിസ്ഥാനം. 'അധികാരം' എന്ന വാക്ക് ധിക്കാരത്തിൽനിന്നുള്ള വിമോചനം എന്ന് ആക്ഷരികമായി വ്യാഖ്യാനിക്കാനാവുന്നതാണ്. അധികാരത്തെ കുറിയ്ക്കാൻ ഉപയോഗിക്കുന്ന ഗ്രീക്ക് വാക്ക് exousia എന്ന പദമാണ്. അധികാരം ഉണ്മയിൽ നിന്നാണ് പുറപ്പെടുന്നത്. ousia എന്ന പദം ഉണ്മയെകുറിക്കുന്നു. ഉണ്മയുടെ ഉറവിടം ദൈവമാകയാൽ അധികാരത്തിന്റെ ഉറവിടവും ദൈവമാണ്.

ശൗലിനെ ദൈവം ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു. ഭൂമിയുടെയും സമസ്തപ്രപഞ്ചത്തിന്റെയും നാഥൻ കർത്താവായതിനാലാണ് അഭിഷേകത്തിന്റെ അധികാരം ദൈവത്തിനായത്. ഈ ഭൂമിയിൽ ഓരോ ഭരണാധികാരിയും ആയിരിക്കുന്നത് ദൈവത്തിനുവേണ്ടിയാണ്. യഥാർത്ഥ അധികാരിയായ ദൈവത്തെ ശൗൽ മറന്നു. അവനിൽ ദുരാത്മാവ് വളർന്നു. ദൈവശബ്ദം കേൾക്കുന്നതിനു പകരം അവന്റെ ശബ്ദം വളർന്നു. അവനെ സിംഹാസനത്തിൽനിന്നു നീക്കി. സ്വർഗ്ഗസിംഹാസനത്തിനുകീഴെയാണ് എല്ലാ അധികാരകസേരകളും. അതുകൊണ്ട് ഭൂമിയിലെ 'സിംഹാസനങ്ങൾ' സ്വർഗ്ഗത്തിലെ സിംഹാസനത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നതാകണം. അല്ലാത്തവ ദൈവം നീക്കം ചെയ്യും.

ന്യായാധിപന്മാർ, മഹാപുരോഹിതൻ, രാജാക്കന്മാർ ഇവരെയെല്ലാം ദൈവഹിതപ്രകാരം അഭിഷേകം ചെയ്യുകയായിരുന്നു. വിളിയുടെ പ്രാധാന്യം മറന്നവർക്കെല്ലാം അതിട്ടിട്ട് ഓടിപ്പോകേണ്ടി വന്നിട്ടുണ്ട്. കുടുംബനാഥനാണെങ്കിൽ ആ പദവിയിലേക്ക് നിന്നെ വിളിച്ചത് ദൈവമാണ്. ദൈവത്തിനുവേണ്ടി ആ പദവി നാം ചെയ്യുകയാണ്. അതുകൊണ്ടാണ് പറയുന്നത് ബന്ധങ്ങളുടെ നടുവിൽ ദൈവമുണ്ട്. അതുകൊണ്ടാണ് ബന്ധങ്ങളുടെ അധികാരം ദൈവത്തിനാണ്. അത് വേർപെടുത്താൻ മനുഷ്യന് അധികാരമില്ല. ബന്ധങ്ങളുടെ അധികാരം കോടതിക്കാണ് എന്ന ചിന്ത മാനുഷികമാണ്. അവിടെ വിവാഹമോചനങ്ങളുടെ എണ്ണം വർദ്ധിച്ചു.

'ചിന്തയുടെ മുഖം എപ്പോഴും സൂര്യാഭിമുഖമായിരിക്കണമെന്ന്' ഒരു ചൊല്ലുണ്ട്. ചിന്തയുടെ തെളിച്ചമാണ് അതിന്റെ അടിസ്ഥാനം. അതുപോലെ അധികാരത്തിന്റെ മുഖം ദൈവത്തിനുനേരെ ആയിരിക്കണം അതാണ് അധികാരത്തിന്റെ ആത്മീയത. ■


**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ
വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

**എം.എ. കയർ ഹൗസ്**

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**





# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരു പ്രകൃതി ശാസ്ത്രജ്ഞൻ ഒരു പരീക്ഷണം നടത്തി. ഒരു ചില്ല് ഭരണി എടുത്ത് അതിനെ രണ്ട് തുല്യ ഭാഗങ്ങളായി വേർതിരിക്കത്തക്കവണ്ണം. വളരെ സുതാര്യമായ ചില്ല് കഷണം കൊണ്ട് വേർതിരിച്ചു. വളരെ സുതാര്യമായതിനാൽ ഇടയ്ക്ക് അങ്ങനെ ഒരു വേർതിരിവ് ഉണ്ടെന്ന് മനസ്സിലാവുകയില്ല. ഇതിൽ ഒരു ഭാഗത്ത് ആക്രമണോത്സുകതയോടെ അതിന്റെ ഇരകളെ വിഴുങ്ങുന്ന വേൽ മത്സ്യങ്ങളെയും അതിന്റെ മറുഭാഗത്ത് അതിന് ഇരയായിത്തീരാവുന്ന ചെറു മത്സ്യങ്ങളെയും നിക്ഷേപിച്ചു.

വേൽ മത്സ്യം ചില്ല് ഭരണിയിൽ അങ്ങനെ ഒരു വേർതിരിവ് ഇല്ല എന്ന് വച്ച് ആ കുഞ്ഞ് മത്സ്യങ്ങളെ വിഴുങ്ങുവാൻ വേണ്ടി ചീറിയടുത്തു. ആ മത്സ്യങ്ങളുടെ അടുത്ത് എത്താൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല. അനേക തവണ അതിന് ശ്രമിച്ചപ്പോൾ അതിന്റെ നാസിക ചതയുകയും അത് വേദനയായി മാറുകയും ചെയ്തു. എന്നാൽ ഇതേ കാര്യം തന്നെ പല തവണ വേദന അവസാനിക്കുമ്പോൾ അത് വീണ്ടും വീണ്ടും ചെയ്ത് കൊണ്ടിരുന്നു. എന്നാൽ ഫലമോ പഴയത് പോലെ ചതവും വേദനയുമായിരുന്നു. എല്ലാ ശ്രമങ്ങളും ദയനീയമായി പരാജയപ്പെട്ടപ്പോൾ ഒടുവിൽ വേൽമത്സ്യം തന്റെ ശ്രമം ഉപേക്ഷിച്ചു. അങ്ങനെ അനേക മാസങ്ങൾക്ക് ശേഷം ചില്ല് ഭരണി വേർതിരിച്ചിരുന്ന ചില്ല് പാളി ശാസ്ത്ര ജ്ഞൻ എടുത്ത് മാറ്റി പിന്നെ ആ വേർതിരിവ് അവിടെയുണ്ടായിരുന്നില്ല വേൽ മത്സ്യം ചെറുമത്സ്യങ്ങൾക്കു ചുറ്റും നീന്തി നടന്നതല്ലാതെ അവയെ വെട്ടിവിഴുങ്ങുവാൻ യാതൊരു പ്രയത്നവും ചെയ്തില്ല.

മതേതര സമൂഹം എന്ന് വിശേഷിക്കപ്പെടുന്ന ഒരു സമൂഹത്തിന് പോലും ഇത് പോലെയുള്ള ഒരു മത കാഴ്ചപ്പാടാണ് ഇന്ന് നിലനിൽക്കുന്നത്. മതങ്ങൾ സൃഷ്ടിക്കുന്ന ചില വേർതിരിവുകൾ ആണ് ഇന്ന് വിശ്വാസത്തെ നിയന്ത്രിച്ച് കൊണ്ടിരിക്കുന്നത്. വേർതിരിവ് ഇല്ലെങ്കിൽ പോലും വേൽമത്സ്യത്തിന്റെയുള്ളിലെ വിശ്വാസം വേർതിരിവിന്റേതാണ്. ഈ വിശ്വാസം ഉള്ളിൽ കിടക്കുമ്പോൾ ആ വേർതിരിവിനെ അതിജീവിക്കാൻ അതിന് കഴിയുന്നില്ല. മതം ഉയർത്തിയ ചില വേലിക്കെട്ടുകളിൽ കുടുങ്ങി മതാന്തര കാഴ്ചപ്പാടിലേക്ക് മനുഷ്യന് വളരാൻ കഴിയാതായിരിക്കുന്നു. യഥാർത്ഥത്തിൽ അവനവന്റെ മതത്തിന്റെ സങ്കുചിതമായ കാഴ്ചപ്പാടുകൾ മാത്രമാണ് മറ്റ് മതങ്ങളിലെ ആശയസംഹിതകളെ സ്വീകരിക്കുവാൻ നമുക്ക് കഴിയാത്തത്. നാം തന്നെ വേർതിരിവുകൾ സൃഷ്ടിച്ച് അതിൽ തട്ടിച്ചതഞ്ഞ് വേദനയോടെ വീഴുകയാണ്. ഒരു മതവും മനുഷ്യനിടയിൽ യാതൊരു വേർതിരിവും സൃഷ്ടിച്ചിട്ടില്ല.

ഹിന്ദുവിനും, ക്രിസ്ത്യാനിക്കും, മുസ്ലീമിനും, ജൈനനും, ബുദ്ധമതക്കാരനും ഇങ്ങനെയൊരു മറ സൃഷ്ടിക്കുന്നുണ്ട് ഈ മറകൾ നമുക്കിടയിൽ കൂടുതൽ ശക്തമാകുമ്പോഴാണ് അത് വർഗ്ഗീയതയായി രൂപപ്പെടുന്നത്. ഈ മറയ്ക്കപ്പുറത്തേക്ക് സഞ്ചരിക്കാനാകാത്തതാണ് നമ്മുടെ സങ്കുചിതത്വം വർദ്ധിപ്പിക്കുന്നത്. മതം സ്വകാര്യവത്കരിക്കപ്പെടുന്നതാണ് ദുരന്തം. മതം മറ്റ് മതക്കാരെ വേട്ടയാടാൻ ശ്രമിക്കുന്നതാണ് തകർച്ച. അവനവന്റെ മതം നല്ലത് എന്ന ഉൾബോധമേ പാടുള്ളൂ, ഭ്രാന്ത് പാടില്ല. അപരന്റെ മതത്തോട് നമുക്കൊരു ആദരവാണ് വേണ്ടത്. അപരന്റെ മതത്തെ ആക്രമിക്കാനുള്ള ആവേശമല്ല വേർതിരിവുകൾ സൃഷ്ടിച്ച് മനുഷ്യനെ മതത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ കുടുക്കിയിടുന്നതല്ല മതത്തിന്റെ ഉത്തരവാദിത്വം മതേതരത്തിൽ സംഭവിക്കേണ്ടത് തത്തുല്യമായ കൊടുക്കൽ വാങ്ങലുകളോ സമനിലയിലുള്ള പരസ്പരാശ്ലേഷവുമാണ്.

മതേ തരത്വം
സമഭാവനയോടെയുള്ള; സമ്യക്കായുള്ള,
സംവാദമാകണം,
സംവേദനമാകണം,
സമന്വയമാകണം,
സംലയനമാകണം.

E-mail: fr.thirumangalam@gmail.com

## ഡോക്ട്രേറ്റ്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിൽ ഡോക്ട്രേറ്റ് കരസ്ഥമാക്കിയ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ചരിത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫ. സ്മിതാ സാറാ പടിയറ. അടൂർ പന്നിവിഴ വടക്കേത്തലയ്ക്കൽ തെങ്ങുംവിളയിൽ പ്രൊഫ. തോമസ് ജോർജിന്റെ ഭാര്യയും വള്ളിക്കോട്-കോട്ടയം പടിയറ വീട്ടിൽ പരേതനായ പ്രൊഫ. വർഗീസ് പടിയറയുടെയും റിട്ട. പ്രിൻസിപ്പൽ സൂസമ്മ ജേക്കബിന്റെയും മകളുമാണ്. എം.ജി. സർവ്വകലാശാല ഹിസ്റ്ററി യു.ജി.&പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗമാണ്. അടൂർ കണ്ണങ്കോട് സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം.


## സന്ദർശിക്കൂ...

### പരുമലയിൽ ഓഫീസ്

പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കര സഭ മാസികയുടെ ഓഫീസ് 30, 31, നവം. 1, 2 തീയതികളിൽ പരുമലയിൽ പ്രവർത്തിക്കും.

വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

വീടിനൊരു മലങ്കര സഭ
www.malankarasabhaonline.in
6 വർഷത്തേക്ക്
1000 രൂപാ മാത്രം

- മലങ്കരസഭാ മാസികയിലേക്ക് പരസ്യങ്ങൾ, ഉപകാര സ്മരണ, പ്രത്യേക പരസ്യ ഫീച്ചറുകൾ എന്നിവ ക്ഷണിക്കുന്നു.
- മലങ്കരസഭാ മാസികയുടെ പ്രൊമോട്ടറന്മാരായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്കും അവസരം ഉണ്ടായിരിക്കും.

*ബന്ധപ്പെടുക:-* **0481-2573234, 9744648617**



# വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനം

## 3,4,5 അദ്ധ്യായങ്ങൾ

■ ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ

മൂന്നാം അദ്ധ്യായത്തിൽ ദൈവത്തിന്റെ മക്കളെക്കുറിച്ചും, പിശാചിന്റെ മക്കളെക്കുറിച്ചുമുള്ള പ്രതിപാദനമാണ്. ദൈവത്തിന്റെ സ്വരൂപത്തിലേക്കും സാദൃശ്യത്തിലേക്കുമുള്ള രൂപാന്തരമാണ് അഥവാ ദൈവീകരണമാണ് യഥാർത്ഥത്തിൽ ദൈവമക്കൾക്കു വേണ്ടത്. “അബ്ബാ പിതാവേ” എന്നു വിളിക്കത്തക്ക സ്ഥിതി നമുക്കുള്ളതിനാലും, വെള്ളം കൊണ്ടും ആത്മാവുകൊണ്ടും വീണ്ടും ജനനം നടന്നതിനാലും, നീതിയായുള്ളത് പ്രവർത്തിക്കുന്നതിനാലും ദൈവത്തിന്റെ വിത്ത് നമ്മിൽ സ്ഥിതി ചെയ്യുന്നതിനാലും നാം ദൈവമക്കളെന്ന പദവിക്കു യോഗ്യരാണ്. ദൈവമക്കളുടെ മഹനീയതകളെക്കുറിച്ചുള്ള പ്രസ്താവനയിൽ, ദൈവ മക്കൾ ദൈവത്തിൽ നിന്നുള്ളവരാകയാൽ, അവൻ പ്രത്യക്ഷനാകുമ്പോൾ അവന്റെ സാദൃശ്യത്തിൽ ആയിത്തീരുന്നവനും, കർത്താവിന്റെ മഹത്വത്തിൽ അവനെ കാണുന്നവനും, തന്നെത്തന്നെ ശുദ്ധീകരിക്കുവാനും, പാപം ചെയ്യാത്തവനും, പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കുന്നവനും, വേദവിപരീതികളുടെ വഞ്ചനയ്ക്ക് പങ്കാളികളാകാത്തവരും, നീതി പ്രവർത്തിക്കുന്നവരും, സഹോദരനെ സ്നേഹിക്കുന്നവനുമാകുന്നുവെന്ന് യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നു. പാപത്തെ (ഹമർത്തിയാ) കുറിച്ചുള്ള അടിസ്ഥാന സത്യങ്ങൾ ശ്ലീഹാ വിശദീകരിക്കുന്നു. പാപം എന്നു പറയുന്നത് ദൈവത്തെ അനുസരിക്കുന്നതിനേക്കാൾ ഒരുവനെതന്നെ അനുസരിക്കുന്നതാണ്. പാപം ദൈവേഷ്ടത്തിനു വിരുദ്ധമായത് പ്രവർത്തിക്കുന്നു. ക്രിസ്തുവിൽ വസിക്കാത്തതിനാൽ, സാത്താന്റെ പ്രേരണയാൽ സാത്താനിൽ നിന്നും പാപം ഉണ്ടാകുന്നു. ആയതിനാൽ യേശുക്രിസ്തുവിന്റെ സഹായത്താൽ നമുക്ക് പാപത്തെ കീഴടക്കാമെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. തുടർന്ന് സ്നേഹത്തെക്കുറിച്ചുള്ള പ്രതിപാദനമാണ്. ആദിമുതൽ കേൾക്കുന്ന ദൂതും, ദൈവം നമുക്ക് നൽകിയതുമായ കല്പനയാണ് അന്യോന്യം സ്നേഹിക്കുക എന്നുള്ളത്. വാക്കിനാലും നാവിനാലും അല്ല പ്രവർത്തിയിലും സത്യത്തിലും സ്നേഹിക്കണമെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നവനും മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നവനുമാകുന്നു. സഹോദരനെ സ്നേഹിക്കാത്തവൻ കൊലപാതകനാണ്. പരസ്പരം സ്നേഹിക്കുന്നതിനാൽ, ദൈവം നമ്മിൽ വസിക്കുന്നുവെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. പാപത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്ന വെളിച്ചം മനസ്സിൽ ഉള്ളതിനാലും, പാപത്തെ വെറുക്കുവാനുള്ള കൈയ്യൊഴിയാത്ത ഒരു ചായ്വ് ഹൃദയത്തിൽ ഉള്ളതിനാലും, പാപപ്രവർത്തികളെയും അതിന്റെ ശക്തിയെയും പൊട്ടിച്ചെറിയാനുള്ള മൗലീകമായ ഒരു ആത്മനിക്ഷേപം ഉള്ളതിനാലും, അനുതപിക്കുവാനുള്ള മനോഭാവവും താഴ്മയും ഉള്ളതിനാലും, ദൈവത്തിൽ നിന്നും ജനിച്ചവന് പാപം ചെയ്യുവാൻ കഴിയുകയില്ല. ദൈവ മക്കൾ ദൈവത്തിൽ നിന്നും ജനിച്ചവരും, പാപത്തിൽ ജീവിക്കാത്തവരും, നീതി പ്രവർത്തിക്കുന്നവരും, സഹോദരനെ സ്നേഹിക്കുന്നവരും, നന്മയുള്ള ജീവിതം നയിക്കുന്നവരും, മരണത്തെ അതിജീവിച്ച് നിത്യജീവനിൽ പ്രവേശിച്ചവരും, സഹോദരന്മാർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നവരും, പ്രവർത്തികൊണ്ടും സത്യംകൊണ്ടും സ്നേഹിക്കുന്നവരുമാകുന്നു. കായീന്റെ പ്രവർത്തി ദോഷമുള്ളതും, സഹോദരന്റെ നീതിയുള്ളതും ആയതുകൊണ്ടാണ് കായീൻ ഹാബേലിനെ കൊന്നത്.

നാലാം അദ്ധ്യായത്തിൽ സത്യാത്മാവ്, വ്യാജാത്മാവ് ദൈവസ്നേഹം എന്നിവയെ സംബന്ധിച്ചുള്ള വിശദീകരണമാണ്. ദൈവത്തിൽ നിന്നും ജനിച്ചവർ, ക്രിസ്തുവിനെ പൂർണ്ണ ദൈവവും, പൂർണ്ണമനുഷ്യനുമെന്ന് വിശ്വസിക്കുന്നവരാണ്. ദുരുപദേഷ്ടാക്കൾ, ദൈവത്തിൽ നിന്നുഇല്ലാത്തവരും, ക്രിസ്തുവിനെ നിഷേധിക്കുന്നവരും, ലൗകീകരും ലൗകീകമായതു സംസാരിക്കുന്നവരും, അപ്പോസ്തോലിക സന്ദേശത്തെ അനുസരിക്കാത്തവരുമാകുന്നു. യേശുവിനെയും, ക്രിസ്തുവിനെയും രണ്ടായി ചിന്തിക്കുന്ന സെറിന്തസ്സിന്റെ ദുരുപദേശം മൂലം മൂന്നു കാര്യങ്ങൾ അവർ നിഷേധിക്കുകയാണ് യേശു. ചരിത്രത്തിന്റെ കേന്ദ്രമാണെന്നുള്ള വസ്തുത, ദൈവ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണെന്നുള്ള വസ്തുത, യേശുവിന്റെ രാജത്വത്തിന്റെ സത്യാവസ്ഥ. ഈ ലേഖനത്തിൽ സാത്താനെകുറിച്ചു പറയുമ്പോൾ അവൻ ലോകത്തിൽ നിന്നും വന്നവനാണെന്നു പറയുന്നു. എന്നാൽ ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിൽ വസിക്കുന്നു അവനിലുള്ള സ്നേഹത്തെ കുറിച്ച്, സ്നേഹം ദൈവത്തിൽ നിന്നു വരുന്നുവെന്നും, സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നുവെന്നും, സ്നേഹിക്കുന്നവൻ ദൈവത്തെ അറിഞ്ഞിരിക്കുന്നുവെന്നും വിശദീകരിക്കുന്നു. “ദൈവം സ്നേഹം തന്നെ” എന്നുള്ള പ്രസ്താവനയിൽ കൂടി, സൃഷ്ടിയുടെ ദൈവപരിപാലനയുടെ, വീണ്ടെടുപ്പിന്റെ, ലോകജീവിതത്തിനതീതമായതിന്റെ

വിശദീകരണങ്ങൾ നമുക്കു ലഭ്യമാക്കിത്തരുന്നു. ദൈവം നമ്മിൽ വസിക്കുന്നുവെന്നുള്ളതിന്റെ തെളിവുകളായി -നാം പരസ്പരം സ്നേഹിക്കുന്നവരും, അവന്റെ ആത്മാവ് നമ്മിൽ ഉള്ളവരും, ദൈവസ്നേഹത്തിൽ വസിക്കുന്നവരുമാണ്-എന്ന് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നു. യേശുക്രിസ്തുവിനെ ലോകരക്ഷയ്ക്കായി അയച്ചുവെന്ന് സ്വന്ത അനുഭവങ്ങളിൽ കൂടി അപ്പോസ്തലന്മാർ (അയക്കപ്പെട്ടവർ) സാക്ഷിക്കുകയാണ്. "ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു" എന്നാണ് അവർ പറയുന്നത്. കാരണം, യേശുക്രിസ്തുവിനെ ഏകജാതനായവന്റെ തേജസായി അവർ കണ്ടു. ജീവൻ പ്രത്യക്ഷമായി അവർ കണ്ടു. ജീവന്റെ വചനത്തെ അവർ കണ്ടു. ലോകരക്ഷിതാവായി കണ്ടു.

അഞ്ചാം അദ്ധ്യായത്തിൽ വിശ്വാസത്തിന്റെ വിജയം, ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം, നിത്യജീവൻ എന്നിവ പ്രതിപാദിക്കുന്നു. യേശു ദൈവപുത്രനാണെന്നു വശ്വസിക്കുന്നവൻ ദൈവത്തിൽ നിന്നും ജനിച്ചവനാണെന്നും, അവൻലോകത്തെ ജയിക്കുന്നവനുമാണെന്നു വ്യക്തമാക്കുന്നു. നീതി പ്രവർത്തിക്കുന്നവനും, പാപം ചെയ്യാത്തവനും, അന്യോന്യം സ്നേഹിക്കുന്നവനും, യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവനും, ലോകത്തെ ജയിക്കുന്നവനുമാണ് ദൈവത്തിൽ നിന്നും ജനിക്കുന്നവൻ. ജലത്താലും രക്തത്താലും വന്നവൻ യേശുക്രിസ്തുവാണ്. ജലം യേശുക്രിസ്തുവിന്റെ സ്നാനത്തെയും, രക്തം യേശു ക്രിസ്തുവിന്റെ മരണത്തെയും സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നതിനു സമാനമായി, ഭൂമിയിൽ, ആത്മാവ്, ജലരക്തം എന്നിവ മശിഹാത്വത്തിന്റെ സാക്ഷികളാണ്. പാപത്തെക്കുറിച്ച് വിവരിക്കുമ്പോൾ, മരണത്തിനുള്ള പാപം, മരണത്തിനല്ലാത്ത പാപം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. ദൈവമെന്ന് പേരു കൊടുത്ത് മനുഷ്യന്റെ കൈവേലയായി ഉണ്ടാക്കുന്നതും, ദൈവത്തിനു കൊടുക്കേണ്ട പ്രഥമസ്ഥാനം മറ്റ് ഏതിനെങ്കിലും കൊടുക്കുന്നുവെങ്കിൽ അത് നമ്മുടെ വിഗ്രഹമായിത്തീരും. ദൈവഹിതപ്രകാരം പ്രാർത്ഥിക്കുക. വിശ്വാസത്തോടെ പ്രാർത്ഥിക്കുക, ജീവിതം നന്നാക്കി കൊണ്ടു പ്രാർത്ഥിക്കണമെന്നും, നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കണമെങ്കിൽ ദൈവത്തിന്റെ കല്പനകളെ പാലിക്കണമെന്നും ദൈവഹിതപ്രകാരം പ്രാർത്ഥിക്കണമെന്നും, ദൈവത്തിനു പ്രസാദമുള്ളത് ചെയ്യണമെന്നും, നമ്മുടെ അപേക്ഷകൾ ദൈവം കേൾക്കുന്നുവെന്ന വിശ്വാസം വേണമെന്നും, അവ ലഭിച്ചുവെന്ന് ഉറപ്പാക്കണമെന്നും, മറ്റുള്ളവരോടു ക്ഷമിച്ചതിനു ശേഷം പ്രാർത്ഥിക്കണമെന്നും, യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് ഒന്നാം ലേഖനം സമാപിക്കുന്നു. ■

## അർമേനിയൻ അംബാസിഡർ പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ചു



ഇന്ത്യയിലെ പുതിയ അർമേനിയൻ അംബാസിഡർ അർമേൻ മാർട്ടിറോസ്യാൻ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതിയൻ കാതോലിക്ക ബാവായെ സന്ദർശിച്ചു. അർമീനിയൻ ഓർത്തഡോക്സ് സഭയുടെ ഇന്ത്യയിലെ വികാരി ഫാ. സാവൻ യാസിച്ചിയാനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഇന്ത്യയും അർമീനിയായും തമ്മിൽ പൗരാണിക കാലം മുതലെ അടുത്ത ബന്ധമാണ് ഉള്ളതെന്നും അത് രാഷ്ട്രങ്ങൾ തമ്മിലും ജനങ്ങൾ തമ്മിലും സഭകൾ തമ്മിലുമുള്ള ബന്ധമാണെന്നും അർമേൻ മാർട്ടിറോസ്യാൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു. യു.എൻ. സെക്യൂരിട്ടി കൗൺസിലിൽ ഇന്ത്യക്ക് സ്ഥിരാംഗത്വം ലഭിക്കുന്നതിനായുള്ള നീക്കത്തിന് അർമേനിയായുടെ പിന്തുണയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിൽ റിലിജിയസ് ടൂറിസം പ്രോത്സാഹിപ്പിക്കാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തോമസ് മാർ അത്താനാസിയോസ് ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കുറിലോസ് എന്നീ മെത്രാപ്പോലീത്താമാരും ഫാ. ഡോ.കെ.എം. ജോർജ്, ഫാ. ഏബ്രഹാം തോമസ് എന്നിവരും പ്രസംഗിച്ചു.

## 1 യോഹന്നാൻ : ചോദ്യങ്ങൾ

1. ദൈവ മക്കൾ എന്നു വിളിക്കപ്പെടുവാൻ ദൈവം നമുക്ക് നൽകിയത് എന്ത്? (സ്നേഹം)
2. കായീൻ തന്റെ സഹോദരനെ കൊല്ലുവാൻ കാരണമെന്ത്?
3. ദൈവം നമ്മിൽ വസിക്കുന്നുവെന്ന് എന്തിനാൽ അറിയാം?
4. ദൈവത്തിൽ നിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ലാ എന്നു പറയുന്നതെന്തുകൊണ്ട്? (ദൈവത്തിന്റെ വിത്ത് അവനിൽ സ്ഥിതി ചെയ്യുന്നു).
5. സ്നേഹം എപ്രകാരം പ്രായോഗികമാക്കണമെന്നാണ് ശ്ലീഹാ പഠിപ്പിക്കുന്നത്? (പ്രവൃത്തിയിലും, സത്യത്തിലും).
6. "ജലത്താലും രക്തത്താലും" ഈ പ്രസ്താവന എന്തിനെ സൂചിപ്പിക്കുന്നു?
7. മശിഹാത്വത്തിന്റെ ഭൂമിയിലെ മൂന്നു സാക്ഷികൾ ആര്?
8. യോഹന്നാൻ ശ്ലീഹായുടെ വീക്ഷണത്തിൽ 'വിഗ്രഹം' എന്നത് എങ്ങനെ വ്യക്തമാക്കാം?
9. അർത്ഥം എഴുതുക: ഹമർത്തിയാ, അപ്പോസ്തലൻ.
10. നാം ദൈവമക്കളെന്നു പറയുന്നതിനുള്ള കാരണങ്ങൾ ഏവ?
11. ദൈവമക്കളുടെ മഹനീയതകൾ ഏവ?
12. പാപത്തെക്കുറിച്ചുള്ള അടിസ്ഥാന സത്യങ്ങൾ ഏവ?
13. ദുരുപദേഷ്ഠാക്കൾ എങ്ങനെയുള്ളവരാണ്?
14. ദൈവം നമ്മിൽ വസിക്കുന്നുവെന്ന് എങ്ങനെ അറിയാം?
15. "ഞങ്ങൾ കണ്ട് സാക്ഷ്യം പറയുന്നു" എന്തുകൊണ്ട്?
16. "ദൈവം സ്നേഹം തന്നെ" എന്ന പ്രസ്താവന ഏതെല്ലാം വസ്തുതകൾ വിശദീകരിക്കുന്നു?
17. ദൈവത്തിൽ നിന്നുള്ള ജനനത്തിന് യോഹന്നാൻ നൽകുന്ന തെളിവുകൾ എന്തെല്ലാം?
18. പ്രാർത്ഥനയ്ക്ക് ആവശ്യമായ പ്രമാണങ്ങൾ എന്തെല്ലാം?
19. പ്രാർത്ഥന കേൾക്കപ്പെടണമെങ്കിൽ നാം എന്തെല്ലാം ചെയ്യണം? ■



Science of Life-3

# The Scientist President of Our hearts

DR. BIJU JACOB
(Chief Controller, VSSC)

Jesus called a child to come and stand in front of them, and said, "I assure you that unless you change and become like children, you will never enter the Kingdom of heaven. The greatest in the Kingdom of heaven is the one who humbles himself and becomes like this child.
(Mathew 18: 2-4).

Are there any short cuts to greatness? Jesus gives a simple solution – be like a child. He reaffirmed this by placing the child in a privileged position of honor in their midst. Though I had ignored these verses as one of the several "impractical teachings" of Jesus, these verses got a new meaning after reading the tributes about the late president Dr. APJ Abdul Kalam,following his unexpected death on 27th July 2015.

The journey of Dr. Kalam from the village of Rameshwaram to the Raisina Hills as the 11thPresident of India(2002-2007) was not an easy one. He was different from all his predecessors or successors in that he didn't retire at the end of his Presidential tenure on 25th July 2007.

Instead, he embarked upon a more difficult journey– a journey into the hearts of millions. Dr. Kalam once said,**"It is very easy to defeat someone, but it is very hard to win someone".** Getting a place in another person's heart is tougher than getting a place in history.Dr. Kalam became more famous and popular after his tenure as the President. People thronged to hear him. He talked to more than 16 million youth through his innumerable speeches. What made him the President of the hearts? The words of Jesus gives a clue.

### The unique teaching of Jesus

Jesus made a dramatic gesture by placing a child next to himself to show his disciples who really is the greatest in the kingdom of God. Children in the ancient world had no rights, position, or privileges of their own. They were socially at the "bottom of the rung". What can a little child possibly teach us about greatness? ***"Whoever exalts himself will be humbled, and whoever humbles himself will be exalted."* (Matt 23: 12)**

### The world of grown ups

While we were children, we were anxious to grow up quickly. The world of grown-ups had several privileges compared to that of thechildren -as adults, we are not constrained by the rules of parents or teachers;we have financial freedom – we can earn and spend as we like. Above all, we got the right to command others – something we always longed for. We could demand obedience and respect. But along with these privileges, we also developed envy, jealousy and pride. We gained many things as we grew up, but lost vital ones along the way.

### The dream world of Children

Why are we attracted to a small child? Children have several attributes like humility, compassion, and dreams thatmake them lovable.

**Humility**:Children manifest humility without even knowing that it is a virtue! Humilityis the queen of all the other virtues because it enables us to see and judge correctly, in the way God sees. True humility is not having a low self-esteem, but emancipation from preoccupation with ourselves, so thatwe can freely interact with others. Dr. Kalam won the hearts of millions of "lesser mortals" due to his humility.

*Parmeswaran Nair – owner of a small restaurant in Trivandrum –provided breakfast and supper to Dr. Kalam for seven years from*

*1975 before he moved to DRDO in 1982. On the occasion of Kalam's first visit to Trivandrum as the President, Nair and his family were the guests of Honor at the Raj Bhavan. This list of lesser mortals is endless – AnjanSatish - the deaf artist, Jain – his tailor at Delhi,Radhakrishnan Nair- his PA at VSSC .....*

***"The wages of humility are riches and honor and life."*****Proverbs 22: 9**

Are we "adults" - who are bound by our puffed up egos- or are we "children" like Dr. Kalam?

**Compassion:** What happens if a toddler amongst a group of toddlers start crying? All the children in the group will follow suit. But as adults, do we cry with others?Are we sympathetic to others? Srijanpal Singh -Kalam's biographer and associate - recollects the compassion of Dr. Kalam during the journey from Guwhati to Shillong on the day of his death – 27th July 2015.

*"Aheadof us was an open gypsy with three soldiers in it. Two of them were sitting on either side and one was standing atop, holding his gun. After some time, Dr. Kalam said, "Why is he standing? He will get tired. This is like punishment. Can you give a wireless message so that he may sit?"*

*I tried to convince him,that it is part of the security.He did not relent and he tried to signal him to sit down. Finally, realizing there is little he can do – he told me, "I want to meet him and thank him".*

*Later, when we landed in IIM Shillong, I brought the soldier to Dr. Kalam. He shook his hand and thanked him. "Are you tired? Would you like something to eat? I am sorry you had to stand so long because of me". The young lean guard, was was speechless and said: Sir, for you, I am ready to stand even for 6 hours.*

Do we demand love or give love? A child smiles at the world and the world smiles in return!

***"So whatever you wish that others would do to you, do also to them, for this is the Law and the Prophets."*****(Matt 7: 12)**

**Dreams:** As children, we have dreamt a lot. But where are those dreams now? The harsh realities of life taught us that dreams are not realizable. So, we stopped dreaming long ago.King Solomon's words should be a warning to us - **"*People perish due to lack of dreams.*"(Proverbs 29:18).** Dreams areone of the most powerful means of God's communication to mankind.

*Dr. Kalam explained the role of dreams -**"Dream, Dream, Dream - Dreams transform into thoughts - And thoughts result in action."** He dreamt of flying like a bird – and gave us SLV 3 and Agni. He dreamt and developed a heart valve that fits the pockets of the poor. He gave horses from Presidential estate to the kindle the dreams of mentally challenged children in Trivandrum. He had a dream for everyone. He taught us to dream and conquered our hearts. Dr. Kalam defined dreams as:**"Dream is not that which you see while sleeping it is something that does not let you sleep."***

Dr. Kalam left us giving a new challenge– "Can we resurrect the child in us?"

*"I am telling you the truth: no one can see the Kingdom of God without being born again".*

*(John 3: 1)* ■




## ബോവൂസോ

നമ്മുടെ ആരാധനാക്രമങ്ങളിൽ പ്രധാനമായും അവസാനഭാഗത്തുള്ള ഗീതങ്ങളെയാണ് ബോവൂസോകൾ എന്നറിയപ്പെടുന്നത്. 'ബ്വോ' എന്ന ക്രിയാധാതുവിൽനിന്ന് രൂപപ്പെടുന്ന 'ബോവൂസോ' എന്ന വാക്കിന് അപേക്ഷ (request) യാചന (petition), പ്രാർത്ഥന (rogation), മദ്ധ്യസ്ഥത (intercession) എന്നൊക്കെയാണർത്ഥം. എന്നാൽ 'ബ്വോ' എന്ന ക്രിയാധാതുവിന് 'അന്വേഷിക്കുക' (to seek), 'അദ്ധ്വാനിക്കുക', 'പരിശ്രമിക്കുക' (endeavour) എന്നൊക്കെ അർത്ഥം നൽകുന്നുണ്ട്. പ്രാർത്ഥനകൾ ദൈവമുഖ ദർശനത്തിനുള്ള അന്വേഷണവും അദ്ധ്വാനവുമാണെന്ന് ഈ വാക്ക് ഓർമ്മിക്കുന്നു.

നമ്മുടെ ആരാധനാക്രമങ്ങളിൽ പ്രധാനമായും മൂന്ന് സുറിയാനി പിതാക്കന്മാരുടെ ബോവൂസോകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (1) മാർ അപ്രേം (306–373), (2) മാർ യാക്കോബ് (Jacob of serugh) (451–521), (3) മാർ ബാലായി (നാലാം നൂറ്റാണ്ട്). മാർ അപ്രേമിന്റെ ബോവൂസോകൾ പ്രധാനമായും ഏഴ് അക്ഷരമാത്രയിലും (septa syllabic) മാർ യാക്കോബിന്റേത് 12 അക്ഷരമാത്രയിലും (Dodecca syllabic) മാർ ബാലയിയുടേത് അഞ്ച് അക്ഷരമാത്രയിലും (Penta Syllabic) ആണ് കവനം ചെയ്തിട്ടുള്ളത്. ആഴമായ ദൈവീക ധ്യാനത്തിന്റെ പ്രതിഫലനങ്ങൾ ഇവരുടെ ഗീതങ്ങളിൽ കാണുവാൻ കഴിയും. ഇവരെ കൂടാതെ മറ്റനേകം പിതാക്കന്മാരും ബോവൂസോകൾ രചിച്ചിട്ടുണ്ട്. നോമ്പുകളേയും 'ബോവൂസോ' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കാറുണ്ട്.

'ബോവൂസോദ് നിനവോയേ' എന്നാണ് സുറിയാനിയിൽ മൂന്നു നോമ്പിനെ വിളിക്കാറുള്ളത്. മുൻകാലങ്ങളിൽ മലങ്കരയിൽ ബോവൂസോ നോമ്പ് എന്നുള്ള ഒരു നോമ്പാചരണം ഉണ്ടായിരുന്നു. ദനഹാപെരുന്നാളിന് ശേഷമുള്ള തിങ്കളാഴ്ച ഇതാരംഭിച്ചിരുന്നു. ഇതിനെക്കുറിച്ച് പഴയ പാമ്പാക്കുട നമസ്സ്കാര പുസ്തകത്തിൽ ഇതിനെപ്പറ്റി സൂചനയുണ്ട്. ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇത് തുടങ്ങി എന്നും തെഗ്രീസിന്റെ മഫ്രിയാനയുടെ അധികാരത്തിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ ഇത് ആചരിച്ചിരുന്നുവെന്നും, കന്യകമാരാണ് ഇത് ആചരിച്ചിരുന്നതെന്നും അതിൽ പറയുന്നു.

**ഫാ. മാത്യു വർഗീസ്, റോം**




## BRIDE WANTED

Bangalore settled Orthodox Christian parents seek alliance from Orthodox families for their son, 30 yrs, 5'7", MSCommn. & MPhil in Media studies working as Journalist in Bangalore based English News Channel. Activate participant in MGOCSM and serves at the altar.

Contact No:
**9886065392 / 9742395169; M4marry: 4061313**

## BRIDE GROOM WANTED

Orthodox parents invite proposals for their daughter 26/164 cms, B.Tech. Working in MNC, Banglore from parents of employed professional boys.

Contact No:
**9388865479,**
**U.A.E. - 00971506738605**

## BRIDE WANTED

Orthodox parents invite proposals for their Son 30/167 cms, fair complexion, MSc Bed, PGDBI, Phd, working as assistant professor. seeking from parents of suitable, God fearing, qualified Orthodox/Jacobite girls belong to noble family background.

Contact No (The Nilgiris) - 09442084772

## BRIDE GROOM WANTED

Orthodox parents invites proposal for their daughter 24 yrs, 154cm, M.B.B.S., doing house Surgency Seeks suitable alliance from parents of God fearing boys M.B.B.S./doing P.G.

Contact No :
9495438552, 0097150673392 (UAE)
M4Marry: 4179051

## BRIDE WANTED

പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന, കൃത്രിമകാലുകൾ ഉപയോഗിക്കുന്ന ഓർത്തഡോക്സ് യുവാവ് 39/175, സ്വന്തം വീട്, ചെറുകിട വ്യവസായ യൂണിറ്റ്, ഇടത്തരം സാമ്പത്തികം. ക്രിസ്തീയ വിശ്വാസത്തിലുള്ള അനാഥരേയും പരിഗണിക്കും.

PH - 9446551769, 9496551769

## BRIDE WANTED

Orthodox parents invite proposals for their daughter BDS, 25/162 cm, fair from professionally qualified boys, preferably Doctor, Dentist, CA, Engineer...

Contact No:
**9447056626**
**email: lizbethpaul@gmail.com**

## BRIDE WANTED

Orthodox parents from Kerala invites proposals for their Son, 26/176, M.Tech in Aeronautical from IIT Kanpur. Now working in GE Aviation at Bangalore.

Contact No:
**9447800992**

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**കണ്ടനാട് :-** മാർ ബസേലിയോസ് ശക്രള്ളാ കാതോലിക്കാ ബാവായുടെ 251-ാം ഓർമ്മ. ഒക്ടോ. 22-ന് കണ്ടനാട് പള്ളിയിൽ.

**പരുമല :-** വിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമല തിരുമേനി) 113-ാം ഓർമ്മ. നവം. 2-ന് പരുമല സെമിനാരിയിൽ.

**ആലുവ:-** കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 108-ാമത് ഓർമ്മ, നവം. 2-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.

**18TH DEATH ANNIVERSARY, 22.02.2015**

**4TH DEATH ANNIVERSARY, 19-09-2015**



**Kudathumuriyil Mallappally**

*Inserted By:-*

Mr. Omman Panicker &
Mrs. Asha panicker
Dr. John Mathew & Mrs. Pinky John
Mr. Anil Thomas & Mrs. Sherin Thomas
Children and Relatives



**MR. K.I. THOMAS**


**ALEYAMMA THOMAS**



# പുസ്തകശാല

## ...സുവർണ്ണ ജൂബിലി


ഫാ. ഡോ. ജോസഫ് ചീരൻ



പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമന്റെ ജീവിതം, ദർശനം, സംഭാവനകൾ, രചനകൾ എന്നിവ ക്രോഡീകരിച്ചിരിക്കുന്ന പരമ്പരയുടെ മൂന്നാം വാല്യം. അവതാരിക ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ. എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം. പേജ്. 468, വില–300 രൂപ.

## വെളിപാട് പുസ്തകം

പ്രൊഫ. ഡി. മാത്യു



ബൈബിളിലെ വെളിപാടു പുസ്തകത്തിന്റെ ഹൃസ്വവും ലളിതവുമായ വ്യാഖ്യാനം. ചെറുവാക്യങ്ങളും ലഘു ചിന്തകളും വായനയും സംവേദനവും ഹൃദ്യമാക്കുന്നു. ധ്യാനത്തിനും പ്രഭാഷണത്തിനും ഉത്തമകൃതി. അവതാരിക: ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, സോഫിയ പബ്ലിക്കേഷൻസ്, പത്തനംതിട്ട, പേജ്–142, വില:100.

## വിശ്വാസ സത്യങ്ങൾ


ഫാ. ജോർജ് കുറ്റിയിൽ



ബൈബിൾ പശ്ചാത്തലത്തിൽ വിശ്വാസ സത്യങ്ങൾ വിശദീകരിച്ചിരിക്കുന്നു. സഭാ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ 11 അദ്ധ്യായങ്ങളിലൂടെ വിശദീകരിക്കുന്നു. യുവജനങ്ങൾ ഉന്നയിക്കുന്ന സഭാ വിശ്വാസങ്ങൾക്ക് ഫലപ്രദമായ ഉത്തരം ഇതിൽ ലഭ്യമാണ്. അവതാരിക: ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, പേജ് 200, വില 150, കുറ്റിയിൽ, മാത്തൂർ പി.ഒ., പത്തനംതിട്ട.


## അലക്സാണ്ടറും ക്രിസ്തു മതവും

വി.ഐ. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ



അലക്സാണ്ടർ ചക്രവർത്തിയുടെ ജീവിതവും പ്രവർത്തനങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന കൃതി. പേർഷ്യൻ സാമ്രാജ്യത്തിന്റെ ചരിത്രവും സംസ്ക്കാരവും ഇതിൽ സംക്ഷിപ്തമായി 10 അദ്ധ്യായങ്ങളിലായി വിവരിക്കുന്നു. വിതരണം: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം–1

# വാ|യ|ന



## ഊർജം പകർന്ന പിതാക്കന്മാർ

**– ഡോ. ജേക്കബ് മണ്ണുംമൂട്**

**വാ**ക്കുകളെ നക്ഷത്രമാക്കിമാറ്റുന്ന പ്രതിഭാശാലിയായ എഴുത്തുകാരൻ, വേദജ്ഞാനത്തിന്റെ മർമ്മത്തെ ആത്മാവിൽ സ്വാംശീകരിച്ച മഹാപണ്ഡിതനായ പ്രഭാഷകൻ എന്നീ നിലകളിൽ മലയാളികൾക്ക് പ്രിയംകരനായ ഫാ. ഡോ. ടി. ജെ. ജോഷ്വാ യുടെ പുതിയ രചനയാണ് *എന്റെ ആത്മീയ ജീവിതത്തിൽ ഊർജ്ജം പകർന്ന പിതാക്കന്മാർ* എന്ന പ്രൗഢഗ്രന്ഥം.

ആറുപതിറ്റാണ്ടുകളായി വേദാദ്ധ്യാപനരംഗത്തും അജപാലന ശുശ്രൂഷയിലും നിറഞ്ഞ സാന്നിദ്ധ്യമായ ജോഷ്വാച്ചൻ തന്റെ ആത്മീയ ജീവിതത്തിന് പ്രകാശം ചൊരിഞ്ഞ പത്തു പിതാക്കന്മാരെ ഹൃദയപൂർവ്വം അനുസ്മരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. സനാതനമായ ഊർജ്ജം ജൈവരൂപത്തിൽ സഫലീകരിക്കുന്ന പ്രയാണവും പരിണാമവുമാണ് 'ഗുരു' എന്ന ദർശനമാണ് ഈ ഗ്രന്ഥത്തിന്റെ അഗ്നിതേജസ്. ചരിത്രത്തിന്റെ യുഗസന്ധികളിൽ ആകസ്മികമായി മാത്രം പ്രത്യക്ഷപ്പെടുന്ന മഹാമനീഷികളുടെ ജീവിത സ്മൃതികളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അവരുടെ ധ്യാനപൂർണ്ണമായ ജീവിതത്തിൽ പ്രസാദ പൂർണ്ണമായ അനുഗ്രഹം ഏറ്റുവാങ്ങുവാൻ ഭാഗ്യം സിദ്ധിച്ച ഒരു ശിഷ്യന്റെ വികാരനിർഭരമായ ഓർമ്മക്കുറിപ്പുകൾ എന്ന് ഇതിനെ വിശേഷിപ്പിക്കാം. വേഷത്തിലും ജീവിതത്തിലും ലാളിത്യവും ചിന്തകളിലും പ്രവർത്തനങ്ങളിലും ഔന്നത്യവും പെരുമാറ്റങ്ങളിലും ഇടപെടലുകളിലും സുതാര്യതയും കാത്തുസൂക്ഷിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ചുള്ള ഓർമ്മകളാണ് പ്രഥമ ലേഖനം. അജപാലന രംഗത്തു വിദ്യാഭ്യാസ മേഖലയിലും കാലത്തിന്റെ സ്പന്ദനം തിരിച്ചറിഞ്ഞ അഭിവന്ദ്യ തിരുമേനിയെ 'കാലത്തിനു മുൻപേ പറക്കുന്ന പക്ഷി' എന്നു വിശേഷിപ്പിച്ചത് തികച്ചും ധ്വനിസാന്ദ്രമാണ്. തിരുമുമ്പിൽ സേവയ്ക്ക് ഒരിക്കലും പോകരുത് അവരുടെ സമയം കളയരുത് നമ്മുടെ സമയവും കളയരുത്, എന്ന ജീവിത പാഠം തനിക്കു പകർന്നു നൽകിയത് ഗുരുനാഥനായിരുന്ന ചെറിയ മഠത്തിൽ സ്കറിയാ മല്പാനച്ചനായിരുന്നു എന്ന് എഴുത്തുകാരൻ അനുസ്മരിക്കുന്നു.

അജപാലനത്തെപ്പറ്റി നൂതനങ്ങളായ കാഴ്ചപ്പാടുകളും സമീപനങ്ങളും ഉണ്ടായിരുന്ന അദ്ദേഹം മലങ്കരസഭയ്ക്ക് നൽകിയ സംഭാവനകൾ നിസ്തുല്യമാണ്. തന്റെ വ്യക്തിപരമായ ജീവിതത്തെ ഏറ്റവും അധികം സ്വാധീനച്ച പ.ഗീവർഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചുള്ള ലേഖനം അത്യന്തം ഹൃദയഹാരിയാണ്. തന്നെ ഇപ്പോഴും സ്വപ്നത്തിൽ ശാസിക്കുന്ന, വാത്സല്യപൂർവ്വം ഓമനിക്കുന്ന ആ മഹർഷി ശ്രേഷ്ഠനുമൊത്തുള്ള ജീവിതം തന്റെ ജീവിതത്തിന്റെ സ്വർണ്ണ നിമിഷങ്ങളെന്നാണ് അനുസ്മരിക്കുന്നത്. തന്റെ ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിലും പ്രയാസസന്ദർഭങ്ങളിലും സ്വാന്തനത്തിന്റെ സ്പർശം പകർന്ന കുളിർമ്മയുള്ള ഓർമ്മകൾക്ക് മരണമില്ല എന്ന് ജോഷ്വാച്ചൻ രേഖപ്പെടുത്തുന്നു.

പരിശുദ്ധനും മഹാപണ്ഡിതനും സർഗ്ഗധനനായ എഴുത്തുകാരനുമായിരുന്ന പ. ഔഗേൻ ബാവായെകുറിച്ചുള്ള സ്മരണകൾക്ക് ചന്ദനത്തിന്റെ സുഗന്ധമുണ്ട്. അപ്രതീക്ഷിതമായി തന്നെ പ്രഭാഷണത്തിന്റെ മാസ്മരിക ലോകത്തേക്ക് ആനയിച്ചതു പ.ഔഗേൻ ബാവാ തിരുമേനിയായിരുന്നു എന്ന് അനുസ്മരിക്കുന്നുണ്ട്. മാർത്തോമാ പൈതൃകത്തെ കണ്ണിലെ കൃഷ്മണിപോലെ കാത്തുസംരക്ഷിച്ച സഭാപിതാവ് ആയിരുന്നു അദ്ദേഹം. പ.ഔഗേൻ ബാവായുടെ സംഭാവനകൾ നാം ഗൗരവത്തോടെ വിലയിരുത്തിട്ടുണ്ടോ എന്ന് അദ്ദേഹം സന്ദേഹിക്കുന്നുണ്ട്. പരിശുദ്ധിയുടെ പര്യായമായ പാമ്പാടി തിരുമേനി

മലങ്കര സഭയ്ക്ക് ഇന്നും നിത്യവിസ്മയമാണ്. അശരണർക്കും ആലംബഹീനർക്കും വേണ്ടി ഉഴിഞ്ഞുവെച്ച ആ ശ്രേഷ്ഠജീവിതത്തിന്റെ വിഭിന്ന മുഖങ്ങൾ അനാവരണം ചെയ്യുന്ന ലേഖനത്തിൽ തന്റെ വൈയക്തിക ജീവിതത്തിൽ അദ്ദേഹം നടത്തിയ സ്നേഹപൂർവ്വമായ ഇടപെടലുകൾകൂടി ഹൃദയസ്പർശിയായി വരച്ചു കാട്ടുന്നുണ്ട്. പ്രാർത്ഥനാമനുഷ്യനായി, സ്നേഹ സമ്പന്നനായി, ദാനശീലനായി സുകൃതജീവിതപാഠങ്ങൾ പകർന്ന അദ്ദേഹത്തെ പാണ്ഡ്യത്തിന്റെ പ്രകടനമോ അധികാരത്തിന്റെ തലക്കനമോ ഇല്ലാത്ത നൈർമ്മല്യത്തിന്റെ നീരുറവയിൽ നിന്ന് പ്രവഹിക്കുന്ന പുണ്യജലമെന്ന് ഗ്രന്ഥകർത്താവ് വിശേഷിപ്പി ക്കുന്നത്. തികച്ചും അർത്ഥപൂർണ്ണമാണ്.

പ്രശസ്തനായ വേദാദ്ധ്യാപകൻ, ആജ്ഞാശക്തിയും നിശ്ചയദാർഢ്യവും സമന്വയിച്ച സഭാപിതാവ് എന്നീ നിലകളിൽ മലങ്കര സഭ എക്കാലവും അനുസ്മരിക്കേണ്ട നാമമാണ് പ. മാത്യൂസ് പ്രഥമൻ ബാവായുടേത്. സഭാ ഭരണ രംഗത്ത് പുരോഗമപരവും നവീനവുമായ ആശയങ്ങൾ ഫലപ്രദമായി പരീക്ഷിച്ച് വിജയിച്ച പ.ബാവായുടെ അനുഗ്രഹവും ഇടപെടലുകളും തന്റെ വ്യക്തിപരമായ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട് എന്ന് ജോഷ്വാച്ചൻ തുറന്നെഴുതുന്നു. ആധുനിക ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ രാജശില്പിയായ ഡോ.ഫിലിപ്പോസ് മാർ തേയോഫിലോസ് തിരുമേനിയെക്കുറിച്ചുള്ള ലേഖനം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഇരുട്ടും വെളിച്ചവും നിറഞ്ഞ അനുഭവങ്ങളെ അടയാളപ്പെടു ത്തുന്നു.

പദവികൾക്കോ സ്ഥാനമാനങ്ങൾക്കുവേണ്ടിയോ മോഹിക്കാത്ത, അടവുകളും തന്ത്രങ്ങളും പ്രയോഗിക്കാത്ത, കോപിക്കുന്ന വരെ മൗനം കൊണ്ടു കീഴ്പ്പെടുത്തിയ താപസശ്രേഷ്ഠനായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ സംഭാവനകളെ വിലയിരുത്തുന്ന ലേഖനം തികച്ചും ആധികാരികമാണ്. മലങ്കര സഭയിൽ സുവിശേഷത്തിന്റെ തീക്കാറ്റ് വിതച്ചു കൊണ്ട് മലയാളിയുടെ ധനാർജ്ജന സ്വഭാവത്തെയും ആഡംബര ജീവിതശൈലിയും നിശിതമായി വിമർശിച്ച ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെകുറിച്ചുള്ള പഠനം ശ്രദ്ധേയമാണ്. പതിറ്റാണ്ടുകളായി നിലനിന്നിരുന്ന ആത്മബന്ധം തെറ്റിദ്ധാരണ യുടെ പേരിൽ മുറിഞ്ഞു പോകുന്നതും, പിന്നീട് കരുത്തോടെ പുന:സ്ഥാപിക്കപ്പെടുന്നതുമായ അനുഭവം ആധുനിക തലമുറ സൂക്ഷ്മതയോടെ ജീവിതത്തിൽ പകർത്തേണ്ടതാണ്. കേരളത്തിൽ 'ആദ്ധ്യാത്മീക നേതാവ്' എന്ന പദവി മലയാളി ഹൃദയപൂർവ്വം സമ്മാനിച്ച പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ നൈർമല്യമാർന്ന ജീവിതത്തെ രേഖപ്പെടുത്തുന്ന ലേഖനം ആ മഹത്ജീവിതത്തിന്റെ വാങ്മയചിത്രമാണ്.

തന്റെ ആത്മീയ ജീവിതത്തിൽ ഊർജ്ജം പകർന്ന പിതാക്കന്മാരെകുറിച്ചുള്ള മധുരസ്മരണകളും ഗ്രന്ഥകർത്താവിന്റെ വൈയക്തിക ജീവിതാനുഭവങ്ങളും സമന്വയിക്കുന്ന ഈ ഗ്രന്ഥം. യഥാർത്ഥത്തിൽ ഒരു സത്യാന്വേഷണജീവിത സ്മരണകളാണ് എത്ര വലിയ പ്രശ്നങ്ങളിലൂടെ കടന്നുപോയാലും ജീവിതം ദൈവകരങ്ങളിൽ സുരക്ഷിതമാണെന്നും തികച്ചും മധുരതരമാണെന്നും ഈ ഗ്രന്ഥം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. ആത്മകഥാംശം നിറഞ്ഞു നിൽക്കുന്ന ഈ കൃതി ഒരു കാലഘട്ടത്തിന്റെ ചരിത്രമായി രൂപാന്തരപ്പെടുകയും ആചാര്യപൗരുഷ്യത്തിന്റെ അമൂർത്ത രേഖകളായി നമ്മുടെ ഹൃദയങ്ങളിൽ നിറയുകയും ചെയ്യുന്നു. തിരുവല്ല സി.എസ്സ്.എസ്സ്. പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത് ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിലാണ്. തിരുവല്ല സി.എസ്സ്.എസ്സ്. ആണ് പ്രസിദ്ധീകരണം നിർവ്വഹിച്ചിരിക്കുന്നത്. ■



പെണ്ണ

# മദറിന്റെ കബറരികിൽ

■ **ഡോ. സാറാമ്മ വർഗീസ്**

കൽക്കട്ടയിൽ പോകുമ്പോഴെല്ലാം മദർതെരേസയുടെ കബറിടം സന്ദർശിക്കുന്നതും പ്രാർത്ഥനാനിർഭരമായി, ശാന്തമായി അവിടെയിരുന്ന് അല്പം ധ്യാനിക്കുന്നതും മനസ്സിന് ചൈതന്യം പകരും. അഗതികളുടെ ആശ്രയമായി, വഴിയോരത്തുപേക്ഷിക്കപ്പെട്ട ശിശുക്കളേയും മറ്റാരും നോക്കാനില്ലാതെ നാറുന്ന വ്രണങ്ങളുമായി മരണം കാത്തു കിടക്കുന്ന മനുഷ്യരെയും ഒരുപോലെ ശുശ്രൂഷിച്ച മദർ തെരേസ ജീവിച്ചിരുന്നപ്പോഴും മരണാനന്തരവും മനുഷ്യമനസ്സുകളിൽ മങ്ങാതെ നില്ക്കുന്നു. കൽക്കട്ടയിലെ ന്യൂ മാർക്കറ്റിൽ നടത്തുന്ന ഷോപ്പിംഗിനേക്കാളും സന്തോഷം പകരുന്ന ഒരനുഭവമായിട്ടാണ് പലരും അമ്മയുടെ വാസസ്ഥലമായിരുന്ന മദർഹൗസ് സന്ദർശനം കാണുന്നത്. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഒരു മീറ്റിംഗ് എ.ജെ.സി.ബോസ് റോഡിലുള്ള ശ്രാച്ചി സെന്ററിലാണ് കഴിഞ്ഞയാഴ്ച നടന്നത്. മീറ്റിംഗിനു മുമ്പും പിമ്പും ശ്രാച്ചിസെന്ററിനു സമീപമുള്ള മദർ ഹൗസ് സന്ദർശിക്കാനും അമ്മയുടെ കബറിങ്കൽ കുറെ സമയം ചെലവഴിക്കാനും കഴിഞ്ഞത് മനസ്സിനെ സ്പർശിക്കുന്ന ഒരനുഭവമായി.

അമ്മയുടെ കബറിടം സന്ദർശിക്കുമ്പോൾ നിരവധി ആളുകൾ അവിടെ വന്നു പോകുന്നത് കാണാം. കബറിനു ചുറ്റുമിട്ടിരിക്കുന്ന തടി ബഞ്ചുകളിലും തറയിലുമായി ആളുകൾ ധ്യാന നിമഗ്നരായി പ്രാർത്ഥിക്കുന്നതും കാണാം. ഇന്ത്യക്കാരും, വിദേശികളും, നാനാജാതി മതസ്ഥരും അവിടെ വന്നുപോകുന്നു. വേഷം കൊണ്ട് ഹിന്ദുവെന്ന് എനിക്കു തോന്നിയ ഒരാൾ കബറിനു സമീപം കുറെ നിമിഷങ്ങളോളം തറയിൽ കിടന്ന് സാഷ്ടാംഗ നമസ്കാരം നട

ത്തുന്നതും പിന്നീട് തറയിൽ ഇരുന്ന് ധ്യാനിക്കുന്നതും കണ്ടു. സന്ദർശകർ മദറിന്റെ കബറിടം സന്ദർശിച്ച ശേഷം മദർ ഉപയോഗിച്ചിരുന്ന ചെറിയ മുറിയും കട്ടിലും എഴുത്തുമേശയും ഒക്കെ നോക്കിക്കാണും. അമ്മയുടെ മുറി അടുക്കളയുടെ മുകളിലായിട്ടാണ് സ്ഥിതി ചെയ്തിരുന്നത്. ചൂട് കൂടുതൽ ഉണ്ടാകാൻ സാധ്യതയുണ്ടായിരുന്നെങ്കിലും ഒരിക്കലും മദർ അവിടെ ഫാൻ ഉപയോഗിച്ചിരുന്നില്ലെന്ന് എഴുതിവച്ചിരിക്കുന്നത് ആൾക്കാർ ശ്രദ്ധയോടെ വായിക്കുന്നതും കാണാമായിരുന്നു.

കബറിന് സമീപം തന്നെ മദറിന്റെ ജിവിതത്തിലെ പ്രധാന സംഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഫോട്ടോകളും ലിഖിതങ്ങളും കാണാം. ഇവ വായിച്ചു നില്ക്കുമ്പോൾ മദറിന്റെ അമ്മ ഡ്രാനാഫിൽ ബർണായ് ഒരിക്കൽ തെരുവിൽ നിന്നും കൂട്ടിക്കൊണ്ടു വന്ന മൂന്ന് അഗതികളെ ശുശ്രൂഷിക്കാൻ കുഞ്ഞുങ്ങളോട് പറഞ്ഞ അനുഭവം വായിച്ചു. ആ അമ്മയുടെ പടിവാതിക്കൽ ഭക്ഷണമോ, കുപ്പായമോ, അഭയമോ, പണമോ തേടിയെത്തുന്നവരെ ഒരിക്കലും വെറും കയ്യോടെ മടക്കി അയച്ചില്ലാ എന്നും മദറിന്റെ അച്ഛൻ ദാനശീലനും സാധുക്കളോട് ഒരിക്കലും പരുഷമായി പെരുമാറാത്ത സ്വഭാവക്കാരനുമായിരുന്നുവെന്നും മദറിനെക്കുറിച്ച് നവീൻ ചൗള എഴുതിയ പുസ്തകത്തിൽ പറയുന്നുണ്ട്. സ്വന്തം സമ്പാദ്യം കൂട്ടി കൂട്ടി വളർത്തുവാൻ ശ്രമിക്കുന്ന ആളുകളാണ് നമ്മിൽ പലരും. ദാനശീലരും അഗതികളോട് കരുതലുള്ളവരുമായ മാതാപിതാക്കളുടെ സ്വാധീനം കുട്ടികളിൽ എത്ര ശക്തമായി പ്രതിഫലിക്കുമെന്നതിന് നല്ല ഉദാഹരണം തന്നെ യാണ് മദറിന്റെ മാതാപിതാക്കൾ.

മദറിന്റെ കബർ സന്ദർശിച്ചപ്പോൾ എന്നെ സ്പർശിച്ച മറ്റൊരനുഭവമുണ്ടായി. ഒരു ചെറുപ്പക്കാരൻ ഞാനിരുന്ന ബഞ്ചിനു തൊട്ടടുത്ത ബഞ്ചിൽ ഇരിപ്പുണ്ടായിരുന്നു. അവൻ ധരിച്ചിരുന്ന വെളുത്ത പാന്റും ഷർട്ടും നന്നേ മുഷിഞ്ഞതായിരുന്നു. വല്ല വർക്ക് ഷോപ്പിൽ നിന്നും പണികഴിഞ്ഞോ, ഇടവേളയിലോ കബറിൽ പ്രാർത്ഥിക്കാൻ വന്നതാകാമെന്ന് ആദ്യം ഞാൻ ചിന്തിച്ചു, എന്നാൽ എല്ലാവരും കാലിലെ ചെരുപ്പുകൾ അഴിച്ചുമാറ്റി കയറുന്ന സ്ഥലത്ത് സ്വന്തം ചെരുപ്പുകൾ ധരിച്ചിട്ട് കൈകാലുകൾ ഇളക്കി അംഗവിക്ഷേപങ്ങൾ കാട്ടുന്ന അവന്റെ മാനസിക നില തെറ്റിയിരിക്കുകയായിരിക്കും എന്നെനിക്കു തോന്നി. അമ്മേ അവനെ അവന്റെ വേദനയിൽ നിന്നും കരേറ്റി, മനസ്സിന് സമനില കൊടുക്കണേ എന്ന് തീർച്ചയായും അവിടെ കടന്നു വരുന്നവരും അവനുവേണ്ടി പ്രാർത്ഥിക്കും എന്നെനിക്കു തോന്നി. പാശ്ചാത്യ രീതിയിലാണ് അവന്റെ അംഗവിക്ഷേപങ്ങൾ. വല്ലയിടത്തും ഡാൻസു ചെയ്യുകയോ പാട്ടുപാടികൊണ്ടിരിക്കയും ചെയ്തവനാണോ എന്നും സംശയിക്കും.

പിറ്റെ ദിവസം രാവിലെയും എന്റെ യാത്രയ്ക്കുമുമ്പുള്ള സമയം ഞാൻ മദർഹൗസിലെത്തി. അപ്പോഴും തലേന്ന് കണ്ട ചെറുപ്പക്കാരൻ അതേ മുഷിഞ്ഞ വേഷവുമായി കബറിനരികിലുള്ള ബഞ്ചിലിരിപ്പുണ്ട്. ഞാനും മറ്റൊരു ബഞ്ചിൽ അവിടെയിരുന്നു. തലേന്നത്തേതു പോലെ തന്നെ ഇടയ്ക്കിടെ ആംഗ്യങ്ങൾ കാട്ടി കബറിനെ വന്ദിക്കുന്നു. കുറെ കഴിഞ്ഞപ്പോൾ ബഞ്ചിൽ എണീറ്റു നിന്നായി അംഗവിക്ഷേപം. പിറകിലെ ബഞ്ചിൽ ഇരുന്നിരുന്ന കന്യാസ്ത്രീ മുന്നോട്ടു വന്ന് അവനെ പേരു ചൊല്ലി വിളിച്ച് ഇരിക്കുവാൻ പറഞ്ഞു. അവൻ അതുപോലെ അനുസരിച്ചു. എന്തുപറ്റിയതാണ് അവന് എന്ന് ആകാംക്ഷതോന്നിയെങ്കിലും കാളിഘട്ടിലെ മുപ്പതു വയസ്സുള്ള രക്തം ഛർദ്ധിക്കുന്ന പൂജാരിയെപ്പോലും ശുശ്രൂഷിച്ച മദർതെരേസയുടെ അനുയായികളുടെ കരുതലും സ്നേഹവും സമനിലതെറ്റിയ ഈ ചെറുപ്പക്കാരനോടുള്ള ഇടപെടലിലും ദർശിച്ച എനിക്ക് അലിവിന്റെ ഉറവകളായ ഈ മനുഷ്യസ്നേഹികളെ വീണ്ടും വീണ്ടും നമിക്കാൻ തോന്നി.

ഹാളിനു പുറത്തും ചെറുപ്പക്കാരികൾ കന്യാ സ്ത്രീകളോട് സംസാരിച്ച് നിൽക്കുന്നത് കാണാൻ കഴിഞ്ഞു. ഒരാളോട് ഞാനും സംസാരിച്ചു. തെക്കേ അമേരിക്കയിൽ നിന്നും വന്ന കന്യാസ്ത്രീയാണ്. മദർ തെരേസയെ പ്പോലെ തന്നെ വിദേശികളും ഇവിടെ വന്ന് ഇന്ത്യക്കാരെ കരുതു കയും ശുശ്രൂഷിക്കുകയും ചെയ്യുന്നു. യുവതീ യുവാക്കൾക്ക് ഈ കന്യാ സ്ത്രീകളുടെ ജീവിതത്തിലെ ആദർശങ്ങളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നല്ല സ്വാധീനമായി കാണാം. കുറച്ചെങ്കിലും അത്തരം ആദർശങ്ങൾ ജീവിതത്തിൽ പകർ ത്താൻ ശ്രമിക്കാം.

നമ്മുടെ കുഞ്ഞുങ്ങൾക്കും ആഘോഷങ്ങൾക്കിടയിൽ ഇത്തരം നിരാശ്രയരെയും നിരാലംബരെയും കുറിച്ച് ചിന്തിക്കാം. ■


**7-ാം ഓർമ്മ,**
**12-09-2015**




**വന്ദ്യ പി. സി. യോഹന്നാൻ റമ്പാൻ**

(വന്ദ്യ പി.സി. യോഹന്നാൻ റമ്പാച്ചന്റെ ഏഴാമത് ഓർമ്മ പെരുന്നാൾ സെപ്റ്റംബർ 12, 13 ശനി, ഞായർ തീയതികളിൽ പാമ്പാടി ദയറായിൽ ആഘോഷിക്കുന്നു)

**സന്തപ്ത കുടുംബാംഗം**





# പിൻവഴി



# കാമ്പസിലെ ചെകുത്താൻ തരംഗം...

ഉൽസവങ്ങളും പെരുന്നാളുകളും ആഘോഷമാക്കുവാൻ വരുന്നു പുതിയ അവതാരങ്ങൾ! ഫയർ എൻജിൻ, ക്രെയിൻ, ട്രാക്ടർ, ജെ.സി.ബി., കുതിരവണ്ടി, ലോറി, ജീപ്പ്, ബൈക്ക്...!!! എല്ലാത്തിന്റെയും പൊതുവായ പാക്കേജ്: 'ചെകുത്താൻ' എന്നാവും! അതേ, *ചെകുത്താൻ* ബാധിച്ച ആഘോഷമാണ് നമ്മുടെ കാമ്പസുകളിൽ അരങ്ങേറിയത്.

കേരളത്തിലെ വിവിധ കോളജ് കാമ്പസുകളിൽ അരങ്ങു തകർത്ത ആഘോഷങ്ങളിൽ നമ്മുടെ പുതിയ യുവതയുടെ മനസു വായിച്ചറിയാം. അവർ ഫെയ്സ്ബുക്കിൽ കുറിച്ചിട്ടു: *"യുവത്വം അത് ആഘോഷിക്കുക തന്നെ ചെയ്യും. ആൺ പെൺ വ്യത്യാസമില്ലാതെ... ജീവിതം ഒന്നേയുള്ളൂ. അത് പരമാവധി ആസ്വദിക്കുക. കുറ്റം പറയുന്നവരെ മൈൻഡ് ചെയ്യണ്ട.*

*ഇതൊക്കെ ഇപ്പോഴേ നടക്കൂ. ജീവിതം ആസ്വദിക്കുവാനുള്ളതാണ്. അല്ലാതെ അടക്കിപ്പിടിക്കുവാനുള്ളതല്ല!!!"*

എന്നിട്ട് വെള്ളമുണ്ടും കറുത്ത ഷർട്ടും ഇട്ട് യുവചേതന ആർത്തുപാടി. ആൺ പെൺ വ്യത്യാസമില്ലാതെ.

മാവേലി നാട്ടിൽ വന്ന കാലം
മനുഷ്യരെല്ലാരുമൊന്നുപോലെ...!

കറുത്ത ഉടുപ്പും ചുമന്ന മുണ്ടും (ചിലയിടങ്ങളിൽ വെള്ളമുണ്ടും) ഉടുത്ത് ആൺപെൺ ഭേദമെന്യേ കാമ്പസുകളിൽ വൻ സംഘം എത്തി. ജാതി രാഷ്ട്രീയ വംശ വ്യത്യാസമില്ലാതെ എല്ലാവരും കറുപ്പിന്റെ പ്രതിനിധികൾ! 'കറുപ്പിനഴകിൽ' മനുഷ്യരെല്ലാവരെയും ഒന്നാക്കി തീർത്തു, നമ്മുടെ കാമ്പസുകൾ! പള്ളികളിലെ ആഘോഷങ്ങളിലും വേദി കീഴടക്കിയത് 'കറുപ്പിനഴകാണ് '.

പുതു തലമുറയുടെ കാമ്പസ് ആഘോഷ സങ്കല്പങ്ങളിൽ 'ചെകുത്താന്റെ ലീലാവിലാസങ്ങൾ' (ജീപ്പിന്റെ ബോണറ്റിൽ കയറി നിന്നുള്ള ആൺ പെൺ നൃത്തങ്ങൾ) അരങ്ങേറിയപ്പോൾ നോക്കുകുത്തികളായി ത്തീർന്നു പ്രിൻസിപ്പാളും അധ്യാപകരും. കൈവിട്ടുപോയ യൗവ്വനം! ഫയർ എഞ്ചിനുകൾ വാടകയ്ക്ക് എടുത്ത് പൊതുനിരത്തിൽ ജലക്രീഡ നടത്തി ആഘോഷം കൊഴിപ്പിക്കുക, നാസിക് ഡോൾ ശബ്ദ സംഗീതത്തിന്റെ താളത്തിനൊത്തുള്ള നൃത്തച്ചുവടുകൾ... അത് വീഡിയോ ക്യാമറയിൽ പകർത്തി സാമൂഹിക മാധ്യമങ്ങളിൽ പങ്കിടുക...! ഓ! നമ്മുടെ കാമ്പസ് ആഘോഷങ്ങൾ, ഗേറ്റ് കടന്ന്, പൊതുനിരത്തിലൂടെ ഉൽസവമാക്കിയപ്പോൾ നിയമപാലകർ അവർക്ക് ഊശാന പാടി 'പൂവിളി' നടത്തി!!!. പൊതുസമൂഹം തല താഴ്ത്തി! കടമെടുത്തും പണയം വെച്ചും പണം വാങ്ങി, കോഴ കൊടുത്ത് അഡ്മിഷൻ നേടിക്കൊടുത്ത നമ്മുടെ മക്കൾക്ക് ഇന്ന് എന്തുപറ്റി.

ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂ-
ടാർത്തനാദം പോലെ പായുന്ന ജീവിതം.

എന്ന് കവി ബാലചന്ദ്രൻ ചുള്ളിക്കാട് '1980 കളിൽ *മാപ്പുസാക്ഷിയിൽ* പാടിയത് ഇന്ന് യാഥാർത്ഥ്യമാകുന്നു.

ആത്മഹത്യ, കൊലപാതകം, പീഡനം, സംഗീതം, മദ്യം, മയക്കുമരുന്ന്, എന്നിവയെല്ലാം കാമ്പസുകളിൽ സുലഭമായി. അതിരുവിട്ട കാമ്പസുകളിൽ പണവും സ്വാതന്ത്ര്യവും ലഹരിയും സുലഭമായിട്ടും അധികാരികൾ ബോധപൂർവ്വം കണ്ണടയ്ക്കുന്നു. ഇപ്പോഴും പെരുമാറ്റ ചട്ടത്തിന്റെ ബാലപാഠങ്ങൾ സർക്കാർ എഴുതിക്കുറിച്ചു വരുന്നതേയുള്ളൂ...!!!

അരാജകത്വവും അക്രമവും അരങ്ങുവാഴുന്ന കാമ്പസ്, അരാഷ്ട്രീയവൽക്കരിക്കപ്പെട്ടിരിക്കുന്നു. സിനിമയും ഫെയ്സ് ബുക്കും വാട്സാപ്പും, ന്യൂജനറേഷനെ അത്യധികം ബാധിച്ചിരിക്കുകയാണ്. ആക്രമണം, ഹിംസ, ലൈംഗീകത, ധാർമ്മീക ജീർണ്ണത എന്നിവ കാമ്പസുകളിൽ അതിശീഘ്രം വ്യാപിക്കുന്നു. വളർന്നു വരുന്ന, പുതുതലമുറയെ നിയന്ത്രിക്കുവാൻ അധ്യാപകർക്കോ മാതാപിതാക്കൾക്കോ കഴിയാതെ പോകുന്നു. വീടിനുള്ളിൽ മക്കളെ ഭയന്നു കഴിയുന്ന മാതാപിതാക്കളും കാമ്പസിൽ വിദ്യാർത്ഥികളെ ഭയക്കുന്ന ഗുരുക്കന്മാരും ഉത്തരാധുനികതയുടെ നേർക്കാഴ്ച്ചകളാണ്. പണവും, ബാങ്ക് ലോണും, അധികാരവും രാഷ്ട്രീയ സ്വാധീനവും, 5-ജി ഫോണും, ബൈക്കും, കാറും ഉണ്ടെങ്കിൽ യുവത്വം ത്രസിക്കുമെന്ന സങ്കല്പമാണ് വളരുന്നത്.

മലയാള ചലച്ചിത്രങ്ങളായ *സ്ഫടികം, പ്രേമം* എന്നിവയ്ക്ക് കാമ്പസ് ഭാഷ്യം രചിച്ചാണ് വിദ്യാർത്ഥികൾ ആഘോഷം കൊഴിപ്പിച്ചത്. വസ്ത്രധാരണം പ്രേമത്തിലും, *ചെകുത്താൻ ലോറി* സ്ഫടികത്തിലുമുള്ളതാണ്. ജോർജും മലരും തകർത്താടിയപ്പോൾ 'തസ്നി' കാമ്പസ് ബലിയായി. യുവത്വം കാമ്പസിൽ ആളി കത്തുമ്പോൾ തകർന്നടിയുന്നത് ധാർമ്മികതയും പൗരബോധവുമാണ്.

## പിൻവഴി :

ശരിയായ ജീവിത വീക്ഷണവും സാമൂഹിക പ്രതിബദ്ധതയും വിവേക ശേഷിയും മാനസിക ആരോഗ്യവും നഷ്ടപ്പെട്ട് കാമ്പസ് വിട്ട് ഡിഗ്രി സർട്ടിഫിക്കറ്റുമായി എത്തുന്ന നമ്മുടെ യുവതലമുറ, സമൂഹത്തിന് നൽകുന്നത് എന്തായിരിക്കും...?

**– ബോധി, പന്തളം**

## മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക, മസ്ക്കറ്റ്

# തണൽ 2015 – 2016



## കരുണയും കരുതലും
## CARE & COMPASSION

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന 'തണൽ' (Care & Compassion) പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ക്യാൻസർ രോഗികൾക്ക് സഹായം നൽകപ്പെടുന്നു.

സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഉൾപ്പെട്ട ക്യാൻസർ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതര സമുദായാംഗങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 2015 നവംബർ 30-ന് മുമ്പ് താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

### നിബന്ധനകൾ

- അപേക്ഷകർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരിക്കണം. (ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് മുൻഗണന)
- അപേക്ഷയോടൊപ്പം ഇടവക വികാരിയുടെയും / ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശക്കത്തുകൾ, ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ സഹിതം ലഭിച്ചിരിക്കണം.
- ഇതര സമുദായാംഗങ്ങൾ അടുത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം വരേണ്ടതാണ്.
- രോഗിയുടെ രോഗാവസ്ഥ തെളിയിക്കുന്ന മെഡിക്കൽ രേഖകൾ (eg. Scan, blood and biopsy report) ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ ആശുപത്രി റിപ്പോർട്ട് എന്നിവ അയച്ചു തരണം.
- അപേക്ഷകന്റെ (രോഗിയുടെ) ഒരു ഫോട്ടോഗ്രാഫ്, തിരിച്ചറിയൽ കാർഡ്, ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ, നിലവിലെ അഡ്രസ്സ് എന്നിവ സഹിതം അയച്ചു തരണം.
- സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (റേഷൻകാർഡ് കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് ഡീറ്റയിൽസ് വിശദമായി കാണിച്ചിരിക്കണം
- M.G.O.M.E മസ്ക്കറ്റ് 'തണൽ 2015-2016' സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

അയയ്ക്കേണ്ട വിലാസം

**The Vicar**
**Mar Gregorios Orthodox Maha Edavaka**
**P.B. No. 984, P.C. 100**
**Muscat, Sultanate of Oman**
**Ph: 00968 24702606, Mob. 00968 99453470**

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/September/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

*"Education is the most powerful weapon which you can use to change the world."*

## Orthodox Christian Youth Movement, Abu Dhabi

## St. George Orthodox Cathedral, Abu Dhabi

# Alwares Mar Julius Scholarship Project

# അൽവാറീസ് മാർ യൂലിയോസ് സ്കോളർഷിപ്പ് പ്രോജക്ട്

Under the Patronage of St. George Orthodox Cathedral Charity Committee



ഭാഗ്യസ്മരണാർഹനും ബ്രഹ്മവാർ മിഷൻ സ്ഥാപകനും മലങ്കര സഭയുടെ ഗോവ, സിലോൺ, ബാഹ്യകേരള പ്രദേശങ്ങളുടെ മെത്രാപ്പോലീത്തായുമായിരുന്ന അൽവാറീസ് മാർ യൂലിയോസ് തിരുമേനിയെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തി, ആ പിതാവിന്റെ സ്മരണ നിലനിർത്തുക എന്ന ഉദ്ദേശത്തോടെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അബുദാബി യൂണിറ്റ് തുടക്കം കുറിച്ച സ്കോളർഷിപ്പ് ആണ് **"അൽവാറീസ് മാർ യൂലിയോസ് സ്കോളർഷിപ്പ് പ്രോജക്ട്"**. വൈദേശിക അപ്രമാദിത്വത്തിനെതിരായി സ്വസുഖങ്ങളെ ത്യജിച്ച് പോരാടുകയും, പീഡകളെ വകവെക്കാതെ സത്യവിശ്വാസത്തിൽ ആകൃഷ്ടനായി അതിനെ സ്വീകരിച്ച് അതിനായി നിലകൊണ്ട ഈ പിതാവിന്റെ സ്മരണ നിലനിർത്തേണ്ടത് മലങ്കരസഭയുടെ ചരിത്രപരമായ ദൗത്യമാണ്.

ഈ ലക്ഷ്യം മുൻ നിർത്തി മലങ്കര സഭയിലെ കേരളത്തിലുള്ള 20 ഭദ്രാസനങ്ങളിൽ നിന്ന് സമർത്ഥമായ, എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓരോവിദ്യാർത്ഥിക്ക് / വിദ്യാർത്ഥിനിക്ക്, വിദ്യാഭ്യാസസഹായയം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നൽകുവാൻ ആഗ്രഹിക്കുന്നു. താൽപര്യമുള്ളവർ ഇതിലേക്ക് ആവശ്യമായ അപേക്ഷകൾ

The Vicar, P.O. Box. 883, St. George Orthodox Cathedral, Abu Dhabi

Tel : +971 2 446 4504, Fax : 00971 2 446 4164

എന്ന വിലാസത്തിലോ mediadeskocym@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ഒക്ടോബർ 10, 2015-ന് മുമ്പ് അയച്ചുതരേണ്ടതാണ്.

എന്ന്,

ഫാ. എം.സി. മത്തായി (ഇടവക വികാരി)

## നിബന്ധനകൾ

1. നിർദ്ദിഷ്ഠ ഫോമിൽ മാത്രം അപേക്ഷ അയയ്ക്കേണ്ടതാണ്. ഫോമിനായി mediadeskocym@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക.
2. 10/+2 ക്ലാസ്സുകൾ പൂർത്തിയാക്കിയ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു ചേർന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
3. ഒരു ഭദ്രാസനത്തിൽ നിന്നു ഒരു വിദ്യാർത്ഥിക്കു മാത്രമെ സ്കോളർഷിപ്പ് അർഹതയുണ്ടായിരിക്കുകയുള്ളു.
4. അപേക്ഷാ ഫോറം ഇടവക വികാരിയും, കൂടാതെ അതാതു മെത്രാപ്പോലീത്തായോ / ഭദ്രാസന സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായിരിക്കണം.
5. അപേക്ഷയോടൊപ്പം അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള ഒരു ലഘു വിവരണം കൂടി ഉൾപ്പെടുത്തി അയയ്ക്കേണ്ടതാണ്.
6. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 10, 2015

NB : അബുദാബി കത്തീഡ്രൽ ചാരിറ്റി കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-